KOTTAYAM PUBLIC LIBRARY

Call No. 297 Acc. No. 84737

Author. അബൂബക്കർ . കെ . ബി

Title. ബദർ വിജയം

1000

# ബദർ വിജയം.

84737

പരിഷ്ക്കരിച്ച മൂന്നാം പതിപ്പ്.

ഗ്രന്ഥകർത്താ:-

കെ. ബി. അബൂബക്കർ,

ഏനാമാക്കൽ.

DISTRIBUTING LIBRARY.
No. D.M.4407
KOTTAYAM.

പ്രസാധകന്മാർ:-

ആമിനാ ബുക്ക് സ്റ്റാൾ,

ഏനാമാക്കൽ (S. മലബാർ)

വില 1—0—0

297

ഒന്നാം പതിപ്പ്
1951 ഫെബ്ര്‌വരി [കോപ്പി 1000.]

രണ്ടാം പതിപ്പ്
1953 ഏപ്രിൽ [കോപ്പി 1000.]

മൂന്നാം പതിപ്പ്
1955 ഡിസംബർ. [കോപ്പി 1000]

---

(സർവ്വാവകാശങ്ങളും ഏനാമാക്കൽ
ആമിനാ ബുക്ക്സ്റ്റാളിന്നു്

---

യു.കെ. സി. പ്രസ്സ്, തൃശ്ശൂർ റോഡ്—കുന്നംകുളം.

KOTTAYAM PUBLIC LIBRARY * KOTTAYAM *
DISTRIBUTING LIBRARY No. D.M. 4407 KOTTAYAM

## മൂന്നാംപതിപ്പ്.

84737

### അല്ലാഹുവിന്ന് സ്തോത്രം!

ഞാൻ പ്രഥമമായി എഴുതി പ്രസിദ്ധീകരിച്ചതാണു ഈ പുസ്തകം. വളരെ ചുരുങ്ങിയ കാലത്തിന്നുള്ളിൽ ഇതിന്നൊരു മൂന്നാംപതിപ്പ് ആവശ്യമായിത്തീന്നതിൽ ചാരിതാൎത്ഥ്യമുണ്ടു്.

മൂന്നാംപതിപ്പിൽ തെററുകൾ തിരുത്തുകയും, പറയത്തക്ക പല പരിഷ്കാരങ്ങൾ വരുത്തുകയും ചെയ്തിട്ടുണ്ടു്.

ഈ ഗ്രന്ഥവും, എൻെറ മററു ഗ്രന്ഥങ്ങളും വാങ്ങി വായിച്ചു എന്നെ പ്രോത്സാഹിപ്പിക്കുന്ന വായനക്കാക്ക് നന്ദി പറഞ്ഞുകൊള്ളുന്നു.

എനാമാക്കൽ,
1-11-1955.

എന്നു്,
കെ. ബി. അബൂബക്കർ.

# അമ്പൂബക്കറിന്റെ കൃതികൾ.

1 ബദർ വിജയം
2 ഇസ്‌ലാം ചരിത്രകഥകൾ
3 ഉഹദ് പരാജയം
4 മുസ്‌ലിം ദാമ്പത്യശാസ്ത്രം
5 അജ്ഞാതവരൻ
6 മുസ്‌ലിം നമസ്കാരക്രമങ്ങൾ
7 തങ്കക്കിനാവുകൾ
8 സുന്നത്ത് നമസ്കാരങ്ങൾ
9 സങ്കല്പകുസുമങ്ങൾ
10 മൌലിദുന്നബിയ്യി
11 മുല്ലമാല
12 ഹസ്രത്ത് ഈസ [അ]
13 ഇസ്‌ലാമിക കഥകൾ
14 ഹസ്രത്ത് മൂസ [അ]
15 ഹസ്രത്ത് ഇബ്രാഹിം [അ]
16 പരിഷ്കരിച്ച പെണ്ണ്.

# അഭിപ്രായങ്ങൾ.

ജനാബ് കെ. ബി. അബൂബക്കർ സാഹിബ്ബിൻെറ 'ബദർവിജയം' എന്ന പുസ്തകം ഞാൻ പരിശോധിച്ചതിൽ കേരളീയക്ക് ബദർയുദ്ധചരിത്രം വിശദമായറിയുവാൻ പര്യാപ്തമാണെന്നു കണ്ടതിൽ അത്യന്തം സന്തോഷിക്കുന്നു. കുടിൽതൊട്ടു കൊട്ടാരംവരെയുള്ള മുസ്‌ലിം ഗൃഹങ്ങളിൽ നിത്യേനയെന്നോണം പാടുകയും പറയുകയും ചെയ്യാറുള്ള ഒന്നാണല്ലൊ ബദർയുദ്ധചരിത്രം മററു ചില ഭാഷകളുടെ കലർപ്പില്ലാതെ ഈ വിഷയത്തിൽ ഒരു പുസ്തകമെങ്കിലും ഇല്ലാത്തതുകൊണ്ടു് പലർക്കും പ്രസ്തുത ചരിത്രം വേണ്ടവിധം മനസ്സിലാക്കുവാൻ സാധിക്കാതെ വരുന്നുണ്ടു്.

'മുഅത്തമിദായ"-പ്രധാനമായ-നിവേദനങ്ങളാണ് അധികവും ഇതിൽ പ്രയോഗിച്ചിരിക്കുന്നതു. റസൂലും അനുയായികളും അന്യായമായിട്ടല്ല യുദ്ധം ചെയ്തതെന്നു് ഈ പുസ്തകം വായിക്കുന്ന ഏതൊരാൾക്കും മനസ്സിലാകുന്നതാണ്. വിവിധ വിഷയങ്ങളെ കോർത്തിണക്കി ഇതിൽ പ്രതിപാദിക്കുന്നതുകൊണ്ടു് വായിക്കുന്ന ഏതൊരാൾക്കും അവസാനംവരെ വായിക്കാതിരിക്കുവാൻ സാധിക്കുമെന്നു തോന്നുന്നില്ല. ഇങ്ങിനെയുള്ള ധൈര്യത്തേയും സ്ഥൈര്യത്തേയും വളർത്തുന്ന ചരിത്രങ്ങൾ വായിച്ചു പഠിക്കുന്നതുകൊണ്ടു് നമ്മുടെ വിശ്വാസത്തിന്നുതന്നെ കൂടുതൽ ശക്തിയുണ്ടാകുന്നതാണ്.

പുസ്തകത്തിന്നും ഗ്രന്ഥകർത്താവിന്നും സർവ്വവിജയങ്ങളും നേൎന്നുകൊള്ളുന്നു.

പാടൂർ,
15—1—'51.

എന്നു്,
പി. കെ. കുഞ്ഞിബാവ മുസ്‌ലിയാർ.

ജനാബ് കെ. അബൂബക്കർ സാഹിബ്ബിൻെറ 'ബദർവിജയം' ഞാൻ സശ്രദ്ധം വായിച്ചുനോക്കി. ബദർ യുദ്ധചരിത്രം അറിയുവാൻ ആഗ്രഹിക്കുന്ന ഏതൊരാം ക്കും ഈ പുസ്തകം തികച്ചും മതിയാകുമെന്ന് മാത്രമല്ല പൊതുവായി പല വിഷയങ്ങളും ഇതിൽനിന്ന ഗ്രഹിക്കു വാൻ സാധിക്കുകയും ചെയ്യുമെന്നാണ് എൻെറ ബലമായ വിശ്വാസം.

ബദർ യുദ്ധചരിത്രം പരിപൂർണ്ണമായും ഇതിൽ എ ടുത്തുകാട്ടുവാനും അതിനോടൊപ്പം പ്രസ്തുത യുദ്ധത്തിൽ നബി (സ) തിരുമേനിയും അനുചരന്മാരും പ്രവർത്തിക്കു കയും പ്രവചിക്കുകയും ചെയ്തിട്ടുള്ള ഓരോന്നിൻേറയും കാരണങ്ങൾ അതാത് സ്ഥലത്തു് പ്രതിപാദിക്കുവാനും ഗ്ര ന്ഥകാരൻ ശ്രമിച്ചിട്ടുണ്ട്.

ചരിത്രാന്വേഷികൾക്ക് ഈ പുസ്തകം ഒരനുഗ്രഹ മാണ്. ഇസ്‌ലാമികമായ വിവിധഗ്രന്ഥങ്ങൾ മലയാള ഭാഷയിൽ വന്നിട്ടുള്ള ഇക്കാലത്തു് ബദർവിജയചരിത്ര ത്തെ കൈരളിക്ക് സമർപ്പിച്ചതിൽ ഇതിൻെറ കർത്താ വിനെ ഞാൻ അഭിനന്ദിക്കുന്നു.

ഇത്രയും ചെറിയൊരു പുസ്തകത്തിൽ ഈ ചരിത്ര ത്തെ ഒതുക്കുവാനായി അദ്ദേഹത്തിന്ന അനുഗ്രഹംചെയ്ത അല്ലാഹുവിനെ ഞാൻ സ്തോത്രംചെയ്യുന്നു. ബദർവിജയ ത്തിനും ഗ്രന്ഥകർത്താവിന്നും വിജയം ആശംസിക്കുന്നു.

കടപ്പുറം,<br>17-1-1951.

എം. വി കുഞ്ഞിമുഹമ്മദ് മൌലവി,<br>S/o മുഹമ്മദാലി മുസലിയാർ, ചാവക്കാട്ട്.

# പ്രസ്താവന.

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹു വിൻെറ തിരുനാമത്തിൽ ആരംഭിക്കുന്നു. അഖിലലോക ത്തിന്നും അനുഗ്രഹമായി അയക്കപ്പെട്ട മുഹമ്മദുനബി (സ:) അവർകളിലും അവിടുത്തെ സ ാക്കൾ, കുഡുംബ ങ്ങൾ, അനുചരന്മാർ എല്ലാവരിലും അല്ലാഹുവിൻെറ അനുഗ്രഹവും കൃപാകടാക്ഷവും സദാ വർഷിച്ചുകൊണ്ടി രിക്കട്ടെ!

ഇസ്ലാമിക ഗ്രന്ഥങ്ങൾ വായിച്ചു ഗ്രഹിക്കുവാൻ കേരള മുസ്ലിംകളുടെ ജിജ്ഞാസ വർദ്ധിച്ചുകാണുന്നതു് വളരെ സന്തോഷാർഹമാണ്. എന്നാൽ ഇസ്ലാം ചരിത്രത്തിൽ വള ര പ്രധാനമായ ബദർയുദ്ധചരിത്രത്തെ സംബന്ധിച്ചു മലയാളഭാഷയിൽ ഇതുവരെയുംഒരു പുസ്ത കമില്ലെന്നുള്ളതാണ് ഇതെഴുതുവാൻ എന്നെ പ്രേരിപ്പി ച്ചതു്. പ്രസ്തുത കുറവ് പരിഹരിക്കുവാൻ ഈ ചെറുപുസ്ത കത്തിന്നു് സാധിച്ചുവെങ്കിൽ ഞാൻ കൃതാർത്ഥനായി.

ഇതിനെ സ്വാഗതം ചെയ്യുന്നതിൽ കേരളീയർ വിശിഷ്യ മുസ്ലിംകൾ എത്രകണ്ടു താല്പര്യവും ഉത്സാഹ വും പ്രദർശിപ്പിക്കുമെന്നു നിശ്ചിതമായി ഊഹിക്കുവാൻ കഴിയുന്നില്ലെങ്കിലും മുസ്ലിംകളുടെ ആകമാനം ആദര വിന്നും ബഹുമാനത്തിന്നും പാത്രീഭൂതരായി പരിലസ

ക്കുന്ന ബദർ ശുഹദാക്കളുടെ പേരുതന്നെ ഇതിനെ സ്വീകരിക്കുന്ന വിഷയത്തിൽ അവരുടെ പക്കൽ ഒരു ശുപാർശയായിരിക്കുമെന്നുള്ളതുകൊണ്ടു് ഇതു കേവലം അഗണ്യകോടിയിൽ തള്ളപ്പെട്ടുകയില്ലെന്നാണ് എന്റെ ബലമായ വിശ്വാസം. ഒട്ടനേകം "ആയത്തു"കളും "ഹദീസു"കളും ഈ ഗ്രന്ഥത്തിൽ വന്നിട്ടുണ്ടെങ്കിലും അവയുടെ തർജ്ജമയല്ലാതെ അറബിയിൽതന്നെ അച്ചടിച്ചു ചേർക്കുവാൻ കഴിഞ്ഞിട്ടില്ല.

ഏനാമാക്കൽ,
20-2-1951.

എന്നു്,
ഗ്രന്ഥകർത്താ:
കെ. ബി. അബൂബക്കർ.

# ബദർവിജയം.

## ബിസ്മില്ലാഹി റഹ്മാനി റഹീം

നഹ്മദുഹൂ ഒനുസല്ലീ അലാ റസൂലിഹിൽകരീം

ഏകദേശം ആയിരത്തഞ്ഞൂറ് വഷങ്ങൾക്കു മുമ്പ് ലോകം അന്ധകാരത്തിലാണ്ടു കിടന്നിരുന്നു. അക്കാലത്ത് വിശേഷിച്ചു അറബ്യരാജ്യം അക്രമം, അഴിമതി, അനാചാരം, അന്ധവിശ്വാസം, മുതലായവയുടെ വിളനിലമായിരുന്നു. വ്യഭിചാരം, കളവ്, കൊല, കവർച്ച, മദ്യപാനം, ശിശുഹത്യ, ചൂതുകളി തുടങ്ങിയ മഹാപാപങ്ങൾ അറേബ്യ മുഴുവനും നടമാടിക്കൊണ്ടിരുന്നു. കൊല ധമ്മമായിട്ടുപോലും അറബികൾ വിശ്വസിച്ചാ

ചരിച്ചിരുന്നു. ഈ ദുരവസ്ഥ ദീർഘനാരം നിലനിന്നതിൽ ഫലമായി അതവിടത്തെ സന്മാർഗ്ഗമായിത്തന്നെ നിലനില്ക്കുകയും ചെയ്തിരുന്നു. ഇത്രയും നിഷിദ്ധമാർഗ്ഗങ്ങളിൽക്കൂടി ചരിച്ചിരുന്ന അക്കൂട്ടർ ഞങ്ങൾ ഇബ്രാഹിം നബി (അ) യുടെ അനുയായികളാണെന്നു വാദിച്ചിരുന്നു. എങ്കിലും ഇസ്മായീൽ നബി (അ) യുടെ സന്താനപരമ്പരയിൽപെട്ട അബ്ദുൽ മുത്തലിബ് മുതലായ ചുരുക്കം ചില സന്മാർഗ്ഗികൾ അക്കാലത്ത് അറേബ്യയിലെ മുഖ്യനഗരമായ മക്കാപട്ടണത്തിൽ അധിവസിച്ചിരുന്നു. അബ്ദുൽ മുത്തലിബിൻെറ മകനായ അബ്ദുല്ല (റ) യുടെ ഏക സന്താനമായി ആമിനാബീവി (റ) പ്രസവിച്ച ആ ഓമനപൂന്തിങ്കളിന്നു മുഹമ്മദ് എന്നു നാമകരണംചെയ്തു. കുട്ടി ക്രമേണ വളൎന്നു ബാല്യദശയെ പ്രാപിച്ചു. ഒരദ്ധ്യാപകൻെറ കീഴിലിരുന്നു വിദ്യയഭ്യസിച്ചു മനഃപരിജ്ഞാനം സമ്പാദിപ്പാനോ, യോഗ്യന്മാരും സന്മാർഗ്ഗികളുമായ ജനങ്ങളോട് സഹവസിച്ചു സ്വഭാവം ശുദ്ധീകരിക്കാനോ സാധിച്ചിട്ടില്ലാത്ത നബിയിൽ സൽസ്വഭാവം, സഹോദരസ്നേഹം, വിനയം, ക്ഷമ മുതലായ മഹനീയ ഗുണങ്ങൾ വിളങ്ങി ശോഭിച്ചുതുടങ്ങി. തന്നിമിത്തം നബിക്കു അൽഅമീൻ—വിശ്വസ്തൻ—അസ്സാദിക്ക്—സത്യവാൻ—എന്നീ ബഹുമതികൾ സിദ്ധിച്ചു.

നബി (സ) ജനങ്ങളെ സന്മാർഗ്ഗികളാക്കിത്തീർക്കേണ്ടുന്ന മാർഗ്ഗത്തെക്കുറിച്ചു ചിന്തിച്ചുതുടങ്ങി. 'ഹിറ' എ

ന്ന മലമാളത്തിൽ പോയിരുന്നു അല്ലാഹുവിനെ വണങ്ങി. 40 വയസ്സ് തികഞ്ഞശേഷം 'നബുവ്വത്ത്'—നബിപട്ടം —ലഭിച്ചു. സ്വകാര്യമായി ഇസ്‌ലാം മതത്തിലേക്ക് ജനങ്ങളെ ക്ഷണിക്കുവാൻ അല്ലാഹുവിൻെറ കൽപ്പന കിട്ടി. അതനുസരിച്ച് മൂന്നു വർഷത്തോളം തൻെറ ചില കുഡുംബങ്ങളേയും സ്നേഹിതന്മാരേയും ഇസ്‌ലാം മതത്തിലേക്ക് ക്ഷണിച്ചു. പിന്നീട് 'നിങ്ങളോട്ട് കൽപ്പിക്കുന്നതിനെ പരസ്യമായി പ്രസ്താവിക്കുകയും മുശ്‌രിക്കീങ്ങളെ—ബഹു ദൈവവിശ്വാസികളെ—അഗണ്യമാക്കുകയും ചെയ്യുവിൻ' എന്ന ആജ്ഞ ലഭിച്ചു. അതിന്നു ശേഷം നബി (സ) തൌഹീദിനെ—ഏക ദൈവസിദ്ധാന്തത്തെ—സംബന്ധിച്ച് പരസ്യമായി പ്രസംഗിച്ചു തുടങ്ങി.

അതിനാൽ ഖുറൈശികൾക്ക് നബിയോടുള്ള മത്സരം വർദ്ധിച്ചു. നമ്മുടെ കാരണവന്മാർ മുതല്ക്കേ ആരാധിച്ചുവരുന്ന ഇലാഹു-ദൈവം-കളെ കളങ്കപ്പെടുത്തുന്ന മുഹമ്മദ് മന്ത്രവാദിയാണ്. അവനുമായി ആരും സഹകരിക്കരുതു് സഹവസിക്കയുമരുതു്. അവനെ കഴിയുന്നത്ര ഉപദ്രവിക്കണം എന്നു ഖുറൈശികൾ തീരുമാനിച്ചു. ക്രമേണ അവരുടെ അക്രമം വർദ്ധിച്ചു എന്നു തന്നെയല്ല നബിയെ കൊലപ്പെടുത്തുവാൻ തന്നെ അവർ തീർച്ചപ്പെടുത്തി. ശത്രുക്കളുടെ ഉപദ്രവങ്ങൾ സഹിക്കാൻ നിവൃത്തിയില്ലാതെ നബി (സ) സ്വരാജ്യത്തേയും സ്വകുഡുംബങ്ങളേയും ഉപേക്ഷിച്ചു പ്രവാചകത്വത്തിൻെറ

പതിമൂന്നാം വർഷം, നബിക്ക് അമ്പത്തിമൂന്ന് വയസ്സ് തികഞ്ഞ റബീഉൽ അവ്വൽ ആദ്യത്തിൽ മദീനയിലേക്ക് ഹിജറപോയി. മക്കായിൽ കഴിച്ചുകൂട്ടിയ പതിമൂന്ന കൊല്ലക്കാലവും (നബിത്വം സിദ്ധിച്ചതുമുതലുള്ള പതിമൂന്നു കൊല്ലക്കാലം) സദുപദേശങ്ങൾ നല്കിയും, മുഅജിസാത്തുകൾ കാണിച്ചും, നബുവ്വത്തിന്നു സാക്ഷിപ്പെടുത്തി ജനങ്ങളെ സത്യമതത്തിലേക്ക് ക്ഷണിച്ചുകൊണ്ടിരുന്നു. അന്നു യുദ്ധത്തിന്നു കൽപ്പനയോ അതിന്നുള്ള പ്രാബല്യമോ ഉണ്ടായിരുന്നില്ല.

പിന്നീട് ഹിജറയുടെ രണ്ടാം കൊല്ലം സഫർ പന്ത്രണ്ടാം തിയ്യതി ഇപ്രകാരം ഒഹ്‌യ്-ദിവ്യബോധനം-ഉണ്ടായി. "അക്രമിക്കപ്പെടുന്ന സത്യവിശ്വാസികൾ അവർ അക്രമിക്കപ്പെടുന്നതുനിമിത്തം യുദ്ധം ചെയ്യുവാൻ കൽപ്പന കൊടുക്കുന്നു. തീർച്ചയായും അല്ലാഹു അവരെ സഹായിക്കുവാൻ എത്രയും കഴിവുള്ളവനാകുന്നു." അങ്ങിനെ അമുസ്ലിംകളിൽനിന്നു് മുസ്ലിംകളേയും ഇസ്ലാം മതത്തേയും രക്ഷിക്കുവാനായി ആത്മരക്ഷാർത്ഥം യുദ്ധത്തിന്നു കൽപ്പന കിട്ടി. ഈ ഖുർആൻ ആയത്താ-സൂക്തം-ണു് യുദ്ധകാര്യത്തിൽ ആദ്യം അവതരിച്ചതു്.

നബി (സ) പങ്കുകൊണ്ടിട്ടുള്ള എല്ലാ യുദ്ധങ്ങളെയും 'ഗസ്‌വത്തു്' എന്നു വിളിച്ചുവരുന്നു. നബി (സ) പങ്കു

കൊണ്ടിട്ടില്ലാത്ത യുദ്ധങ്ങൾക്ക 'സരിയ്യത്തു്' എന്നും 'സാരിയ്യത്' എന്നും 'ബിഅസ്' എന്നും പറയുന്നു. അങ്ങിനെ ഗസ്വത്തുകൾ ആകെ ഇരുപത്തെട്ടാകുന്നു. 1. വുദ്ദാൻ-അബവാഅ് 2. ബവാത്ത് 3. അശീറത്തു് 4. ബദ്റസ്സുഗ്റാ 5. ബദറൽകുബ്റാ 6. ബനുസുലൈം-കറ്കറത്ത് 7. ബൈനിഖാഅ് 8. സവീക് 9. ഗത്ത്ഫാൻ—ദിംഅംറ് 10. ബജറാൻ 11. ഉഹ്ദ് 12. ഹംറാ ഉൽ അസദ് 13. ബനുന്നളൈർ 14. ദാത്തുറക്കാഅ് 15. ബദറൽ ഉഖ്റാ 16. ദൗമത്തുൽ ജൻദൽ 17. ഖൻദഖ് 18. ബനുഖുറൈളത്ത് 19. ബനുലഹ്യാൻ 20. ദീകിറദ്ദ്—ഗാബത്തു് 21. ബനുൽ മുസ്തലിക്ക്—മുറൈസീഅ് 22. ഹുദൈബിയ 23. ഖൈബർ 24. ഉംറത്തുൽകളാ 25. ഫത്ത്ഹ്മക്കം 26. ഹുനൈൻ 27. താഇഫ് 28. തബൂക്ക് (ഉംറത്തുൽകളാ എണ്ണാതെ 27 എന്ന അഭിപ്രായക്കാരുമുണ്ടു) ഗസ്വത്തുകളിൽ ഏററവും വലുതു് ബദർ യുദ്ധമാണു്. ആ യുദ്ധത്തിൻെറ ചരിത്രമാണു് നാം ആരംഭിക്കുന്നതു്.

'ഗസ്വത്ത്ബദറൽകുബ്റാ' എന്നാണ് ഈ യുദ്ധത്തെ അറിയപ്പെടുന്നതു്. കാരണം അവിടെവെച്ചു് രണ്ടു യുദ്ധങ്ങൾ വേറെയും നടന്നിട്ടുണ്ടു്. ഒന്നു ഇതിന്നു മുമ്പും മറെറാന്നു ഇതിന്നു ശേഷവുമാണു്. ഈ യുദ്ധത്തിന്നു 'ബദറൽ ഉളുമാ' എന്നും 'ബദറൽ കിത്താൻ' എന്നും പേരുണ്ടു്. ബദറിലെ വലിയ യുദ്ധം എന്നത്ഥമാണു്.

ബദറിൽ വെച്ചുണ്ടായ ആദ്യയുദ്ധത്തിന്നു 'ബദറൽഊലാ' ബദറിലെ ആദ്യയുദ്ധം—എന്നും അവസാന യുദ്ധത്തിന്നു 'ബദറൽഉഖ്റാ'—ബദറിലെ അവസാന സമരം—എന്നും പേർവിളിക്കപ്പെട്ടുന്നു. ഈ യുദ്ധം ഹിജറ 2-ാം കൊല്ലം റമളാൻ മാസത്തിലാണുണ്ടായതു്.

മദീനയിൽനിന്നു് ബദറിലേക്കു് ഇരുപത്തെട്ടു് കാതം * വഴി ദൂരമുണ്ടു്. മക്കയുടേയും മദീനയുടേയും മദ്ധ്യത്തിലാണു്. മക്കയിൽനിന്നുള്ള യാത്രക്കാർ ശാമി-സിറിയ—ലേക്കു തിരിയുന്നതു് ബദറിൽ കൂടിയാണു്. ഇങ്ങിനെ പ്രധാനപ്പെട്ട ഒരു സ്ഥലമാണു് ബദർ. പ്രസ്തുത സ്ഥലത്തിന്നു ഈ പേർ വീഴുവാൻ പല കാരണങ്ങളും പറയുന്നുണ്ടു്.

1. ആ രാജ്യത്തു് ഗഫാരി ഗോത്രക്കാരനായ ബദർ എന്നു പേരായ ഒരാൾ ഒരു ധർമ്മക്കിണർ പണിതീർത്തു അതിന്നു ബദറിൻെറ കിണർ എന്നു വിളിച്ചുവന്നു. ക്രമേണ ആ നാടിന്നു ബദർ എന്ന പേരുവീണു. 2. ആ കിണററിലെ വെള്ളത്തിൽ ബദർ—ചന്ദ്രൻ—പ്രതിബിംബിക്കുന്നതു് കാണുകയാൽ ബദർ എന്നു വിളിച്ചുവന്നു. 3. ചന്ദ്രനെപ്പോലെ വൃത്താകൃതിയിലുള്ള വേറൊരു കിണർ അവിടെ ഉണ്ടായിരുന്നു അതിനാൽ ബദർ എന്നു വിളിച്ചുവന്നു. 4. ളംറത്തു് ഗോത്രക്കാരനായ ബദർ എന്നു

* ഒരു കാതം നാലുനാഴിക.

പേരായ ഒരു കുബേരൻ അവിടെ ഉണ്ടാകയാൽ ബദ റിൻെറ രാജ്യമെന്നു വിളിച്ചുവരികയും ക്രമേണ അതു ലോപിച്ചു ബദർ എന്നാവുകയും ചെയ്തു.

ഇങ്ങിനെ പല അഭിപ്രായങ്ങളുണ്ടെങ്കിലും വാകി ദീഇമാം (റ) പറയുന്ന "ഞാൻ ഗഫാരി ഗോത്രത്തിലെ അറിവുള്ള ചില വൃദ്ധന്മാരോട്ട് നിങ്ങളുടെ രാജ്യത്തിന്നു ബദർ എന്ന പേർ വെക്കുവാൻ കാരണമെന്താണെന്നു ചോദിച്ചതിന്നു "കാരണം അറിയുകയില്ല" എന്നായിരു ന്നു അവരുടെ മറുപടി. ബദർ എന്ന ഒരു ധനവാൻെറ രാജ്യമാണെന്നു ചിലർ പറയുന്നുണ്ടല്ലൊ; എന്നു വീണ്ടും ചോദിച്ചതിന്നു "ഇങ്ങിനെയൊരാൾ അവിടെ ഉണ്ടായി രുന്നതായി ഞങ്ങൾ കേട്ടിട്ടില്ല; രാജ്യങ്ങൾക്കു പല പേ രുകളും ഉള്ളതുപോലെ ഒരു പേരായിരിക്കാം" എന്നു പറഞ്ഞു".

ഹിജറ രണ്ടാംകൊല്ലം ജമാദുൽ അവ്വൽ മാസ ത്തിൽ അല്ലെങ്കിൽ ജമാദുൽ ആഖിർ മാസത്തിൽ അബൂസുഫ്യാനും നാല്പതോളം ആളുകളും ആയിരം —തൊള്ളായിരത്തി അമ്പതു്—ഒട്ടകങ്ങളോട്ടുംകൂടി കാ രയ്ക്കു, ഗോതമ്പു്, മുന്തിരിങ്ങ മുതലായ ചരക്കുകളുംകൊ ണ്ടു ശാമിലേക്കു കച്ചവടത്തിന്നു പുറപ്പെട്ട വിവരം നബി (സ) അറിയുകയും അവരുടെ മുതൽ പിടിച്ചെടുത്തു് ബൈത്തുൽ മാലി—ധർമ്മഖജാന—ൽ ചേക്കാൻ ഉദ്ദേശി ച്ചുകൊണ്ടു് കുറെ അസ്ഹാബി—സഖാക്കൾ—കളോടു കൂടി പുറപ്പെടുകയും ചെയ്തു. ഉശൈറത്ത് എന്ന സ്ഥ ലംവരെ പോയി അവിടെവെച്ചു് അബൂസുഫ്യാനും അ നുയായികളും ശാമിലേക്കു കടന്നുപോയെന്നറിഞ്ഞു മട ങ്ങി. പിന്നീടു നബി (സ) യും അനുചരന്മാരും അബൂസു ഫ്യാൻെറ മടക്കയാത്രയെ പ്രതീക്ഷിച്ചുകൊണ്ടിരുന്നു.

മക്കയിൽനിന്നു അഭയാർത്ഥികളായി ഓടിപ്പോയ മുസ്ലീംകളുടെ നിരവധി സ്വത്തുക്കൾ മക്കയിലെ കാഫിറുകൾ ബലമായി പിടിച്ചുപററിയിരുന്നു. ഇതിന്നു പുറമെ അബൂസുഫ്‌യാൻെറ വ്യാപാരയാത്രയിൽ ഒരുദ്ദേശ്യവുമുണ്ടായിരുന്നു. ഖുറൈശികൾ നബിയെ വധിക്കുവാനായി വീടിന്നുചുററും വളഞ്ഞിരുന്ന സന്ദർഭത്തിലാണല്ലൊ അല്ലാഹുവിൻെറ കല്പനപ്രകാരം നബി (സ) ഹിജറപോയി മദീനയെ അഭയം പ്രാപിച്ചതു്. നബി രക്ഷപ്പെട്ടതു്, മദീനക്കാർ നബിയെ സസന്തോഷം സ്വീകരിച്ചതു്, ഇസ്ലാം മതത്തിൽ മദീനക്കാർ കൂട്ടംകൂട്ടമായി ചേർത്തുകൊണ്ടിരുന്നതു് ഇസ്ലാം ഒരു സജീവ ശക്തിയായി വളരുമെന്നു് അവക്കു് ആശങ്കയുണ്ടായിരുന്നതു് എന്നിതുകൾ ഖുറൈശികളെ പരിഭ്രമചിത്തരാക്കിത്തീർത്തു. മദീനയെ അക്രമിച്ചു പുതിയ മതത്തെ ലോകത്തുനിന്നും നിർമ്മാജ്ജനം ചെയ്യുവാൻ ഖുറൈശികൾ പ്ലാനിട്ടു. അബൂസുഫ്‌യാൻെറ വ്യപാരയാത്രയിൽനിന്നു ലഭിക്കുന്ന ആദായം ഈ വിഷയത്തിലേക്കു ചിലവഴിക്കുവാൻ അവർ തീരുമാനിച്ചിരുന്നു. ഈ സംഗതി നബി (സ) രഹസ്യമായി അറിയുകയും ചെയ്തിരുന്നു.

ഈ രണ്ടു പരിതഃസ്ഥിതി—മക്കയിൽനിന്നു മദീനയിലേക്കു പോയ മുസ്ലീംകളുടെ സ്വത്തുക്കൾ ഖുറൈശികൾ കയ്യേറിയതു്, ഈ യാത്രയിൽനിന്നുള്ള ആദായംകൊണ്ടു ഖുറൈശികൾ തങ്ങളെ അക്രമിക്കുമെന്നുള്ള ഭീതി—കൾ കൊണ്ടാണ് അബൂസുഫ്‌യാൻെറ കച്ചവടസംഘ

ത്തെ അക്രമിക്കുവാൻ മുസ്ലീംകൾ നിർബ്ബന്ധിതരായതു്. (ഈ കച്ചവടത്തിൽനിന്നുണ്ടായ ആദായം ഉഹദ്‌യുദ്ധത്തിന്നു ഖുറൈശികൾ ഉപയോഗിച്ചു.)

ഇസ്ലാം വാളുകൊണ്ടു് പ്രചരിപ്പിച്ചു; മതപ്രചരണത്തിന്നു യുദ്ധം ചെയ്തു എന്നിങ്ങനെയുള്ള അടിസ്ഥാന രഹിതങ്ങളായ ആരോപണങ്ങൾ ഇസ്ലാമിന്റെ വൈരികൾ പ്രചരിപ്പിച്ചിട്ടുണ്ടു്. പലരും പലതവണ അതിന്നു് സമുചിതങ്ങളായ മറുപടികൾ നല്കിക്കഴിഞ്ഞിട്ടുള്ളതാണു്. മുസ്‌ളിംകൾ അക്രമിക്കപ്പെട്ടപ്പോൾ ആത്മരക്ഷക്കായിട്ടല്ലാതെ മുസ്‌ളീംകൾ ആയുധമേന്തിയിട്ടില്ല. എല്ലാ "ഗസ്‌വത്തു്"കളിലും മുസ്‌ളിംകൾ തുലോം ന്യൂനപക്ഷങ്ങളും നിസ്സഹായരും ആയിരുന്നു. അവസാനത്തെ നിമിഷങ്ങളോളം സമാധാനമായി പിരിഞ്ഞുപോകാൻ മുസ്‌ളീംകൾ സന്നദ്ധരും സഹിഷ്ണുതയുള്ളവരുമായിരുന്നു. ഇസ്‌ളാമിന്റെ ചരിത്രങ്ങൾ വ്യക്തമായി മനസ്സിലാക്കുന്നവരിൽനിന്നു് ഇത്തരം ആരോപണങ്ങൾ പുറപ്പെടുകയില്ല.

അബൂസുഫ്‌യാനും മററും ശാമിൽനിന്നു മടങ്ങിയ വിവരം നബി (സ) അറിഞ്ഞു. ഹിജറ രണ്ടാം കൊല്ലം റമളാൻ പന്ത്രണ്ടാം തിയ്യതി ശനിയാഴ്ച, മുന്നൂററി പന്ത്രണ്ടു് സഖാക്കളോടുകൂടി നബി (സ) പുറപ്പെട്ടു. സഹാ

ബികൾ മുന്നൂററി പതിമൂന്നു എന്നും മുന്നൂററി പതിനാല്ല് എന്നും അഭിപ്രായങ്ങളുണ്ട്. മുന്നൂററി പതിമൂന്നാണു് അധികവും പറഞ്ഞുകാണുന്നതു്. ഇതിൽ മുഹാജിറ— മക്കയിൽനിന്നു നബി (സ) യുടെ അനുഗാമികളായി മദീനയിലേക്കു ഹിജറ—പലായനം—പോയവർ—കളും അൻസാ—നബി (സ) യെ സഹായിച്ചിരുന്ന മദീനക്കാരും —രകളും ഉൾപ്പെട്ടിരുന്നു. അൻസാരികൾ ഇതിന്നുമുമ്പ് യുദ്ധങ്ങളിൽ പങ്കെടുത്തിട്ടില്ല. ഈ യുദ്ധംകൊണ്ടു് അല്ലാഹു മുസ്ലിംകളെ ബഹുമാനിക്കുകയും കഫിർകളെ വഷളാക്കുകയും ചെയ്തിരിക്കുന്നു. "നിങ്ങൾ ആൾചുരുക്കമായ സ്ഥിതിയിൽ ബദർ യുദ്ധത്തിൽ അല്ലാഹു നിങ്ങളെ സംശയമെന്യെ വിജയിപ്പിച്ചു" എന്നു വിശുദ്ധ ഖുർആനിൽ ഈ സംഭവത്തെ വിശേഷിപ്പിക്കുന്നു.

അബൂസുഫ്യാൻ നബി (സ) യും സഖാക്കളും ആദ്യംതന്നെ തങ്ങളെ അന്വേഷിച്ചുവന്നതും കാണാതെ മടങ്ങിപ്പോയതും അറിഞ്ഞിരുന്നതിനാൽ മടക്കയാത്രയിൽ വളരെ ഭയപ്പെട്ടിരുന്നു. വളരെ ഒളിഞ്ഞും, പതുങ്ങിയും നാട്ടിലെത്തിച്ചേരാൻ അവർ കൊതിച്ചു. ശാമിൽനിന്നുള്ള യാത്രയിൽ അബൂസുഫ്യാൻ നബി (സ)യെ സംബന്ധിച്ചു അന്വേഷിച്ചുകൊണ്ടിരുന്നു. ഹിജാസിൽ എത്തിയപ്പോൾ നബി (സ)യും സഹാബാക്കളും തങ്ങളെ

അക്രമിക്കുവാൻ തയ്യാറായ വിവരമറിഞ്ഞു. ഉടനെ അബൂ സുഫ്‌യാൻ ളംളമുബ്നുഉംറാൻ എന്ന ഒരു സമർത്ഥനെ ഇരുപതു് മിസ്കാൽ * കൂലി നിശ്ചയിച്ചു മക്കയിലേക്കയച്ചു. അബൂസുഫ്‌യാൻ ളംളമോട്ട് പറഞ്ഞു "നീ ഉടനെ മക്കയിൽ എത്തണം. തൽസമയം നിൻെറ ഒട്ടകത്തിൻെറ മൂക്കും, ചെവിയും മുറിച്ചതായും, ജീനി മോഷ്ടിക്കപ്പെട്ടതായും, നിൻെറ കുപ്പായത്തിൻെറ മുമ്പും പിമ്പും കീറിയതായും ഇരിക്കണം. മുഹമ്മദും കൂട്ടരും കൊള്ളയിടുവാൻ ഒട്ടകത്തോടടുത്തിരിക്കുന്നു. ധീര ഖുറൈശികൾ വേഗത്തിൽ എത്തി ഞങ്ങളെയും സ്വത്തുക്കളെയും രക്ഷിക്കാൻ പറയണം" അവൻ അതു സമ്മതിച്ചു് വേഗത്തിൽ മക്കയിലേക്കു ഗമിച്ചു.

ഇബ്നു ഇസ്ഹാക്ക് (റ) പറയുന്നു "ളംളം മക്കയിൽ എത്തുന്നതിന്നു് മൂന്നു ദിവസം മുമ്പ് അബ്ദുൽമുത്തലിബിൻെറ മകൾ ആത്തികാ എന്ന സ്ത്രീ ഒരു സ്വപ്നംകണ്ടു. സഹോദരൻ അബ്ബാസിനെ വരുത്തി ഇപ്രകാരം പറഞ്ഞു. "ഈ കഴിഞ്ഞ രാത്രി ഞാൻ ഒരു സ്വപ്നംകണ്ടു. അല്ലാഹുവാണെ ഞാൻ വളരെ ഭയപ്പെട്ടു. നിങ്ങളുടെ കൂട്ടക്ക് —കാഫിറുകൾക്കു്--വലിയ ഒരാപത്ത് ആസന്നമായിരിക്കുന്നു എന്നതിന്നു സംശയമില്ല. നിങ്ങൾ ഈ വിവരം ആരോടും പറയരുതു്. പറഞ്ഞാൽ നാം പരിഹാസത്തിന്നു പാത്രീഭവിക്കുന്നതാണു്".

*ഒരു മിസ്കാൽ 10 പണമിട സ്വർണ്ണം.

അബ്ബാസ്--"എന്താണ് നിങ്ങൾ കണ്ട സ്വപ്നം".

ആത്തികാ—"ഞാൻ ഒരു ഒട്ടകക്കാരനെ കണ്ടു. അവൻ അബ്ത്തഹ് * എന്ന സ്ഥലത്തുനിന്നു വിളിച്ചുപറയുന്നു "മര്യാദയില്ലാത്ത ചതിയന്മാരായ ജനങ്ങളെ! നിങ്ങളുടെ ജീവഹാനിസ്ഥലം കൊള്ളെ നിങ്ങൾ പുറപ്പെടുവിൻ മൂന്നു ദിവസത്തെ അവുധിയുണ്ട്" പിന്നെ ആ വാഹനക്കാരനെ പള്ളിയിൽകണ്ടു. മുൻപ്രകാരം മൂന്നു പ്രാവശ്യം അവൻവിളിച്ചു പറഞ്ഞു. മൂന്നാമതു് അവനെ കഅബത്തിന്റെ മുകളിൽ കണ്ടു. മേൽപ്രസ്താവിച്ചപ്രകാരം വീണ്ടും വിളിച്ചു പറഞ്ഞു. നാലാമതായി വാഹനക്കാരനെ അബൂകുബൈസ് എന്ന മലമേൽ കണ്ടു. അവിടെനിന്നും മുൻപ്രകാരം വിളിച്ചു പറഞ്ഞു ഒരു വലിയ കല്ല് അടിയിലേക്ക് ഉരുട്ടിയിട്ടു. ആ കല്ല് താഴെ എത്തിയപ്പോൾ പൊട്ടി ഛിന്നഭിന്നമായി മക്കയിലെ ചെറിയതും വലിയതുമായ എല്ലാ വീടുകളിലും ഒരോ കഷണം തെറിച്ചു ഇത്രയുമാണ് സ്വപ്നം"

അബ്ബാസ്—"സ്രഷ്ടാവാണെ! ആത്തികാ! ഇതു അർത്ഥവത്തായ ഒരു സ്വപ്നമാണ് സ്വകാര്യമായി വെക്കുക"

ഈ സംഭാഷണാനന്തരം അബ്ബാസ് അവിടെനിന്ന് പോയി. അബ്ബാസ് തന്റെ ആത്മമിത്രമായ ഉത്ത്

* മിസ്ഖബ് എന്ന സ്ഥലത്തിന്റെയും മക്കയുടെയും ഇടയിലുള്ള ഒരു സുഖസ്ഥലമാണ് അബ്ത്തഹ്.

ബത്ത് മകൻ ഒലീദിനെ കണ്ടു വളരെ രഹസ്യമായി ഈ കഥ പറഞ്ഞു പരസ്യമാക്കാതിരിപ്പാനും ഉറപ്പിച്ചു പിരിഞ്ഞു. ഒലീദ് തൻെറ പിതാവിനോടു പറഞ്ഞു. ഇപ്രകാരം ഈ കഥ പരസ്യമായി. അബ്ബാസ് പറയുന്നു "ഞാൻ അടുത്തദിവസം രാവിലെ കഅബംതവാഫ്-പ്രദക്ഷിണം-ചെയ്യുവാൻ പോകുമ്പോൾ അബൂജാഹി-അബുൽഹക്കം-ലും മററും യോഗംചേന്നു എൻെറ സഹോദരിയേയും മററും പരിഹസിച്ചുകൊണ്ടിരിക്കുന്നു. എന്നെ കണ്ടപ്പോൾ അബൂജഹൽ എന്നോടു പറഞ്ഞു "അബുൽഫസൽ? തവാഫ്കഴിഞ്ഞു മടക്കയാത്രയിൽ ഒന്നു കാണണം" ഞാൻ തവാഫ് കഴിഞ്ഞു അവൻെറ അടുക്കൽ ചെന്നു.

അബൂജഹൽ—"അബ്ദുൽ മുത്തലിബിൻെറ സന്താനങ്ങളെ! നിങ്ങളിൽ നബിത്വം-പ്രവാചകത്വം-പുതുതായതു് എപ്പോഴാണു്''.

അബ്ബാസ്—''നീ എന്തിനെ ഉദ്ദേശിച്ചാണു് പറയുന്നതു്".

അബൂജഹൽ—''അറിഞ്ഞുകൂടെ? ആത്തികാ കണ്ട സ്വപ്നം തന്നെ''.

അബ്ബാസ്—"അവൾ എന്തു സ്വപ്നം കണ്ടു? ആരു് പറഞ്ഞു".

അബൂജഹൽ—"അബ്ദുൽമുത്തലിബിൻെറ സന്താനങ്ങ

ളെ! നിങ്ങളിൽനിന്നുള്ള പുരുഷന്മാർ നബിമാരായതു കൊണ്ടു് നിങ്ങഠം തൃപ്തിപ്പെട്ടിട്ടില്ലേ? സ്ത്രീകഠംക്കും നബിത്വം നടിക്കാമെന്നു മോഹമുണ്ടോ? അതു നടപ്പില്ല. ഞങ്ങഠം വിഢികളല്ല. ആത്തികാ പ്രസ്താവിച്ച സ്വപ്നത്തിൽ മൂന്നു ദിവസത്തെ അവധിയുണ്ടല്ലൊ അതിനെ ഞങ്ങഠം പ്രതീക്ഷിക്കുന്നു. സ്വപ്നം സത്യമാണെങ്കിൽ അപ്രകാരം സംഭവിക്കുമല്ലൊ. അല്ലാത്തപക്ഷം നിങ്ങഠം അറബികളിൽവെച്ചു് ഏററവും വലിയ ഭോഷന്മാരും കള്ളപ്രവാചകന്മാരുമാണെന്നു ഞങ്ങഠം എഴുതി പരസ്യപ്പെടുത്തും അതു തീർച്ചയാണു്". അബ്ബാസ് നിഷേധിച്ചു പറഞ്ഞതല്ലാതെ യാതൊന്നും ചെയ്തില്ല.

അബ്ബാസ് തുടൻ പറയുന്നു "അന്നു് രാത്രിയായി. അബ്ദുൽ മുത്തലിബിൻെറ പുത്രിമാർ എല്ലാവരുംകൂടി എൻെറ അടുക്കൽവന്നു പറയുകയാണു് "ഈ ദുഷ്ടനു-അബൂജഹ്ലിന്നു-നിങ്ങളിൽനിന്നുള്ള പുരുഷന്മാരെ പരിഹസിക്കുവാൻ നിങ്ങഠം അനുവദിച്ചു. ഇപ്പോഠം സ്ത്രീകളായ ഞങ്ങളെ അപമാനിക്കുവാനും നിങ്ങഠം അനുവദിച്ചുവോ? അവൻെറ വാക്കുകഠം കേട്ടു നിങ്ങഠംക്കു് കോപം തോന്നിയില്ലല്ലോ? അവനോടു് പ്രതികാരം ചോദിക്കുവാൻ പുരുഷന്മാരായ നിങ്ങഠം ഒരുക്കമില്ലെങ്കിൽ സ്ത്രീക

ളായ ഞങ്ങൾതന്നെ അതിന്നു പുറപ്പെടേണ്ടി വരുമെന്ന് നിങ്ങൾ പ്രത്യേകം മനസ്സിലാക്കണം. ഞങ്ങൾ അടങ്ങി ഒതുങ്ങി ജീവിക്കുന്നവരാണ്". ഞാൻ അവരോടു പറഞ്ഞു നിങ്ങൾ പറഞ്ഞതു ശരിയാണ്. പക്ഷെ എന്റെ അപ്പോഴത്തെ ഭാവപ്പകർച്ച അവൻ മനസ്സിലാക്കിയ ശേഷം അസഭ്യമായി യാതൊന്നുംതന്നെ പറഞ്ഞിട്ടില്ല എങ്കിലും നാളെത്തന്നെ അവനോട്ട് ഞാൻ ഇതിന്നു പ്രതികാരം ചോദിക്കുന്നതാണ്. നിങ്ങൾ ഇപ്പോൾ ക്ഷമിക്കുക ഇതു കേട്ടപ്പോൾ സ്ത്രീകൾ ശാന്തമായി. രാവിലെ ഞാൻ പുറപ്പെട്ടു, ക്രോധഭാവത്തിൽ നടന്നു. ജഹലിനെ നല്ല പാഠം പഠിപ്പിക്കേണമെന്നു ഞാൻ ഉറച്ചു. എന്നെ കണ്ടാൽ ആരും ഒന്നു നടുങ്ങും. ഞാൻ പള്ളിയിൽ കടന്നപ്പോൾ അവനെ കണ്ടു. അല്ലാഹുവാണെ ഞാൻ അവനെ നേരിട്ടു. മുമ്പ് സംസാരിച്ചപോലെ അവൻ പറഞ്ഞുകേൾക്കുന്ന നിമിഷം അവന്റെ തലവീശാൻ ഞാൻ മുതിന്നു. ഞാൻ അടുക്കുന്നതുകണ്ടു അവൻ ഭയപ്പെട്ടു പള്ളിയുടെ വാതിൽകൊള്ളെ നടന്നു പുറത്തുചാടി ഓടി. ഞാൻ പിന്തുടന്നു അപ്പോൾ ളംളമുൽഗഫാരി മലമുകളിൽ പ്രത്യക്ഷമായി. അവന്റെ ഒട്ടകത്തിന്റെ മൂക്കും, ചെവിയും ഛേദിച്ചതായും ജീനിമുറിച്ചതായും കാണപ്പെട്ടു. അവൻ വിളിച്ചു പറയുന്നു 'ലത്തീമത്തി * നെ രക്ഷിച്ചു കൊൾവിൻ-രക്ഷിച്ചുകൊൾവിൻ' ളംളം തുട

രുന്നു "മുഹമ്മദും അനുചരന്മാരും നിങ്ങളുടെ ധനങ്ങളോടും ആളുകളോടും നേരിട്ടാൽ അവകളും അവരും നിങ്ങൾക്ക് നിഷ്ഫലമാണ്. അതുകൊണ്ട് വേഗം സഹായിക്കുവിൻ സഹായിക്കുവിൻ" അബ്ബാസ് പറയുന്നു "ഈ കഥ കേട്ട യുടനെ അബൂജാഹിലും ഞാനും മുൻവിഷയത്തെ മറന്നു കളഞ്ഞു; ഞങ്ങൾ അത്ഭുതസ്തബ്ധരായിത്തീർന്നു".

ഹുവൈത്ത്ബ്നു അബുൽഉസ്സാ ഒഴികെ മക്കയിലുള്ള സർവ്വ സ്ത്രീപുരുഷന്മാരും അബൂസുഫ്യാൻെറ കച്ചവടസംഘത്തെ സ്വർണ്ണവും ചരക്കുകളും ഏല്പിച്ചിരുന്നു. അബുജഹൽ വിളിച്ചുപറയുന്നു "എല്ലാവരും പുറപ്പെടുവിൻ! പ്രായപൂർത്തിയുള്ള ഒരു പുരുഷനെങ്കിലും പുറപ്പെടാതിരിക്കരുതു്. അഥവാ ആരെങ്കിലും വരാതിരിക്കുകയാണെങ്കിൽ അതിന്നുപകരം വേറെ ആളെ അയക്കണം" അതുവരെയും അഗണ്യമാക്കിയിരുന്ന ആത്തികായുടെ സ്വപ്നം യഥാർത്ഥമായി പരിണമിക്കയാൽ എല്ലാവരും വളരെ വ്യസനിച്ചു. എങ്കിലും ഭൂരിപക്ഷവും വാശിയോടുകൂടിത്തന്നെ യുദ്ധത്തിനു ഒരുങ്ങി. ചിലർ പറയുകയാണ് "മുഹമ്മദും കൂട്ടരും ഇതു് ഇബനുൽ ഹള്റമിൻെറ * ഒട്ടകംപോലെയാണെന്നു ധരിച്ചുപോയോ? നിശ്ചയമായും ഇതു വേറെ ഒട്ടകങ്ങളാണെന്നു അവർ അറിയും; ഞങ്ങളതറിയിക്കും". ഖുറൈശി പ്രധാനികൾ പ്രചാ

* ലത്തീമത്ത്=സ്വത്തുക്കൾ. തിബ്=സുഗന്ധദ്രവ്യം. ബസ്സ്=പട്ടു് ഇവകൾ കയററിയ ഒട്ടകങ്ങളാകുന്നു.

D.M.4407



KOTTAYAM PUBLIC LIBRARY KOTTAYAM

രവേലകൾവഴി ജനങ്ങളെ ബോദ്ധ്യപ്പെടുത്തി. സഹീല്ല ബ്നഉമൈർ പറയുന്ന "നിങ്ങൾ മുഹമ്മദിനേയും കൂട്ടരേയും നിങ്ങളുടെ ധനം കൈവശപ്പെടുത്താൻ അനുവദിക്കുന്നുവോ? ധനം ആവശ്യമുള്ളവർക്കിതാ എന്റെ ധനത്തിൽപകുതി, ശക്തി ആവശ്യമുള്ളവർക്കിതാ എന്റെ ശക്തി മുഴുവനും. ഉടനെ പുറപ്പെടുവിൻ ഒട്ടും ഭയപ്പെടരുതു്". ഖുറൈശി യോദ്ധാക്കളിൽ അബൂലഹബൊഴികെ ആരും പുറപ്പെടാതിരുന്നില്ല. അബൂലഹബിന്നു പകരമായി ആസിബ്നുഹിശാമുബ്നു മുഗീറത്തിനെ അയച്ചു. ആസിബ് അബൂലഹബിന്നു കൊടുപ്പാനുണ്ടായിരുന്ന നാലായിരത്തിഅറുനൂറ് വെള്ളി ഇതിന്നു പ്രതിഫലമായി ഉപേക്ഷിച്ചു. (ആസിബ് യുദ്ധത്തിൽ ഉമർഖത്താബി(റ)ന്റെ വാളിന്നിരയായി.)

84737

ഉമയ്യത്ത്ബ്നുഖലഫ് ഈ യാത്രക്ക് മടിച്ചു. ഖലഫ് വളരെ തടിച്ചവനാണു്. ഉമയ്യത്ത് തന്റെ കൂട്ടുകാരുമായി സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ അബൂജഹലിന്റെ നിർദ്ദേശപ്രകാരം അകബത്തുബ്നു അബീമുഹീത് ഒരു തീക്കൂട്ടം ബഖൂറം— സുഗന്ധവസ്തു—കൊണ്ടു

* ഇബ്നുൽഹളറമയുടെ പക്കൽനിന്നു ഒരിക്കൽ ഗനീമത്ത് പിടിച്ചെടുത്തിട്ടുണ്ടു്.

DISTRIBUTING LIBRARY. 25 No.............

ചെന്നു ഉമയ്യത്തിൻെറ മുമ്പിൽ വെച്ചുകൊണ്ടു പറയുന്നു "നിങ്ങൾ ഒരു സ്ത്രീ സ്വഭാവിയാണ്. ഈ തീയും കാഞ്ഞുകൊണ്ടിരിക്കുവിൻ" * ഉമയ്യത്തിൻെറ ആൾക്കാർ അകബത്തിനെ പ്രഹരിക്കുവാൻ ഒരുങ്ങിയെങ്കിലും ഉമയ്യത്ത് തടഞ്ഞു. അനന്തരം അബൂജഹൽ ആഗതനായി ഉമയ്യത്തോടു പറയുന്നു "അബാസഫ്‌വാൻ! താങ്കൾ ഈ രാജ്യത്തേക്ക് സയ്യിദാണല്ലൊ? താങ്കൾ യുദ്ധത്തിന്നു പുറപ്പെടാതിരുന്നാൽ മററു പലരും മുടങ്ങും. അതുകൊണ്ടു് പുറപ്പെടുക, രണ്ടുദിവസം കഴിഞ്ഞാൽ വേണ്ടതുപോലെ ആവാം".

ഉമയ്യത്ത് പുറപ്പെടാതിരിക്കാൻ കാരണമുണ്ടു്. സഅദുബ്നുമആദുമായി ഉമയ്യത്ത് വളരെ സ്നേഹമാണ്. ഉമയ്യത്തു് ശാമിൽ കച്ചവടത്തിന്നു പോകുമ്പോൾ സഅദി (റ)ൻെറ ഭവനത്തിലും സഅദ് മക്കയിൽ വരുമ്പോൾ ഉമയ്യത്തിൻെറ ഗൃഹത്തിലും താമസിക്കാറുണ്ടു്. അപ്രകാരം ഹിജറക്കുശേഷം സഅദ് ഉമയ്യത്തിൻെറ വീട്ടിൽ ചെല്ലുകയും തവാഫിന്നു സൌകര്യമുള്ള സമയമേതാണെന്നു് അന്വേഷിക്കുകയും മദ്ധ്യാഹ്നസമയം സൌകര്യമാണെന്നു് മറുപടി ലഭിക്കുകയുംചെയ്തു. അനന്തരം മദ്ധ്യാഹ്നമായപ്പോൾ രണ്ടുപേരും കഅബത്തിൽപോയി. സഅദ്(റ) തവാഫ് ചെയ്തുകൊണ്ടിരിക്കുമ്പോൾ അബൂജഹൽ

* ധീരതയാണ് പുരുഷലക്ഷണമെന്നും, ഭയം സ്ത്രീ സഹജമാണെന്നും പരിഹസിച്ചു പ്രോത്സാഹിപ്പിക്കുകയാണ് ഈ വാക്കിൻെറ ഉദ്ദേശം.

എത്തി ചോദിക്കുന്നു. 'ആരാണ് തവാഫ് ചെയ്യുന്നതു്'.

സഅദ് (റ)—"ഞാൻ, സഅദ്ബ്നമആദ്''

അബൂജഹൽ—"മുഹമ്മദിനേയും കൂട്ടരേയും മദീനയിൽ സ്വീകരിച്ചു് അഭയം നല്കിയ സ്ഥിതിക്കു് നീ നിർഭയം ഇവിടെവന്നു കഅബംതവാഫ് ചെയ്യുന്നുവോ? സഅദേ മനസ്സിലാക്കുക. നിശ്ചയംതന്നെ നീ ഉമയ്യത്തിൻെറ കൂടെ ആയിരുന്നില്ലെങ്കിൽ നിൻെറ കൂട്ടരുടെ അടുക്കലേക്കു് നീ സൈ്വര്യമായി മടങ്ങുകയില്ല"

സദ്—'അല്ലാഹുവാണെ അബൂജഹലേ! നീ എന്നെ ഇവിടെവെച്ചു് തടയുന്നുവെങ്കിൽ അതിനേക്കാൾ വലുതായവിധത്തിൽ മദീനാവഴിയിൽവെച്ചു് നിന്നെ ഞാൻ തടയും തീർച്ച. നിൻെറ വ്യാമോഹം അങ്ങു് കളഞ്ഞേക്കു്'.

ഉമയ്യത്ത്—''അങ്ങിനെ പറയരുതു് അവൻ ഈ പ്രദേശത്തേക്കു് സയ്യിദാണു്''

സഅദ് (റ)—"മിണ്ടാതിരിക്കെടൊ! മുഹമ്മദുനബിയിൽ നിന്നു ഞാൻ കേട്ടിരിക്കുന്നു അവർ നിന്നെ കൊലപ്പെടുത്തുമെന്നു്''

ഉമയ്യത്ത്—''എന്നെയോ"

സഅദ്—''അതെ"

ഉമയ്യത്തു് ഭയപ്പെട്ടു വീട്ടിൽപോയി ഭാര്യയോടു വിവരം പറഞ്ഞതിൽ അവളും വ്യസനിച്ചു. ളംളമിൻെറ

ആഹ്വാനത്തിന്ന വിധേയനായി പുറപ്പെട്ടപ്പോഠം ഭാര്യ പറയുന്നു "നിങ്ങളുടെ സ്നേഹിതൻ സഅദ് പറഞ്ഞതു ഓർമ്മയില്ലേ" അതു കേട്ടതിൽ ഉമയ്യത്ത് വീണ്ടും മുടങ്ങി. അബു 'ജഹൽ പിന്നെയും വന്നു ഉത്സാഹിപ്പിക്കുകയാൽ പുറപ്പെട്ടു. പിന്നീടു ഉമയ്യത്ത് ഉത്ത്ബത്തു്, സംഅത്ത്, ഹക്കീം മുതലായവർകൂടി അസ്‌ലാം * എന്ന കണക്കു നോക്കി. ഈ കണക്കിനെ ഖുർആൻ വിരോധിച്ചിരിക്കുന്നു. അസ്‌ലാം കണക്കിലും പരാജയം ദൃശ്യമായതിൽ യുദ്ധം ഉപേക്ഷിക്കേണമെന്നു ചിലർ അഭിപ്രായപ്പെട്ടു. അബൂജഹൽ പല ഉദാഹരണങ്ങളും പറഞ്ഞു ജനങ്ങളെ ഉത്സാഹഭരിതരാക്കി. അക്കബത്ത്ബ്നു അബീമുഹീത്തും, നള്ളർബ്നുഹരസും അതിൽ അബൂജഹലിനെ സഹായിച്ചു. താഇഫിൽവെച്ച് ഇസ്ലാംമതം സ്വീകരിച്ചു മക്കയിൽ ജീവിച്ചിരുന്ന അദാസ് എന്നൊരടിമ തന്റെ യജമാനന്മാരായ ഉത്ത്ബത്ത്, ശൈബത്ത് എന്നിവരോടു യുദ്ധത്തിന്നു പോകരുതെന്നു ശഠിക്കുകയാൽ അവർ മുടങ്ങിയെങ്കിലും അബൂജഹൽ അവരെ 'ഇടക്കുനിന്നു മടങ്ങാ'മെന്ന കരാറിൽ കൊണ്ടുപോയി. ഇങ്ങിനെ ആയിരം യോദ്ധാക്കഠം പുറപ്പെട്ടു. തൊള്ളായിരത്തി അമ്പതെന്നും അഭിപ്രായമുണ്ടു്. ആ ശത്രു സംഘത്തിൽ മക്കയിലെ ധീരയോദ്ധാക്കളിൽ ആരും കുറവില്ല. എഴുന്നൂറ് ഒട്ടകങ്ങളും ആയിരം കുതിരകളും മററെല്ലാ ആയുധസജ്ജീകര

ങ്ങളും അവക്ക് ഉണ്ടായിരുന്നു. കൊടി സാഇബ്ബ്ബ് നയസീദിന്നു നല്കി. ഇദ്ദേഹം പിന്നീടു ഇസ്ലാമായി. വേറെ രണ്ടു കൊടികളും ഉണ്ടായിരുന്നു. ഇവരുടെ കൂട്ടത്തിൽ കവികൾ, സ്ത്രീകൾ, ദഫ്, വീണ, സിതാറ മുതലായവയും ഉണ്ടായിരുന്നു. കവികൾ, മുസ്‌ലിംകളെ അപമാനിച്ചുകൊണ്ടും, തങ്ങളെ വാഴ്ത്തികൊണ്ടും, പാടുകയും സ്ത്രീകൾ നൃത്തം വെക്കുകയും, മുസ്‌ലിംകളെ പരിഹസിച്ചുകൊണ്ടു കൂട്ടത്തോടെ ആർപ്പുവിളിക്കുകയും, ചെയ്തുകൊണ്ടു പുറപ്പെട്ടു. ഇതു സംബന്ധിച്ചു അല്ലാഹു കല്പിച്ചു "ഒരു കക്ഷികളെപ്പോലെ നിങ്ങൾ ആവരുതു് അവർ അവരുടെ വീടുകളിൽനിന്നു സത്യത്തേയും വിട്ടു അസത്യത്തെ ആശിച്ചവരായും ഐഹിക സുഖത്തെ ഇച്ഛിച്ചവരായും അല്ലാഹുവിൻെറ സന്മാർഗ്ഗത്തെ എതിക്കുവാൻ പുറപ്പെട്ടിരിക്കുന്നു; അല്ലാഹു അവരുടെ പ്രവൃത്തി അറിയുന്നവനാകുന്നു". (ഖു: ശ:)

സൈന്യത്തിന്നു ഭക്ഷണം കൊടുക്കുന്നവർ പന്ത്രണ്ടു പേരാണ്. 1. അബൂജഹൽ 2. ഉത്ത്ബത്ത് 3. ശൈബത്ത് 4. ഹക്കീം ഇബ്നഹസാം 5. അബ്ബാസ്

---

* ഇതു ഒരു പലക തിരിച്ചുനോക്കലാണ്. പലകയുടെ രണ്ടു അഗ്രങ്ങളിൽനിന്നുള്ള ഒന്നിൽ 'ചെയ്യുക' എന്നും മററൊന്നിൽ 'ചെയ്യരുതു്' എന്നും എഴുതിയിരിക്കും. ഇതിനോടു സാമ്യതയുള്ള ചില 'കണക്കുനോക്കൽ' നമ്മുടെ ഇടയിലുമുണ്ടു്. അതും ഹറാമാണ്. പലക തിരിച്ചാൽ നിശ്ചിതസ്ഥാനത്തു് ഏതു അഗ്രം നില്ക്കുമെന്നു നോക്കിയിട്ടായിരുന്നു അവർ കാര്യങ്ങൾ തീരുമാനിച്ചിരുന്നതു്.

6. അബുൽബഹ്ത്തരി 7. സംഅത്ത് 8. ഉമയ്യത്ത് ഇബ്നഖലഫ് 9. നളുവബ്നൽഹരസ് 10. നബീഹ് 11. മുനബ്ബഹ് 12. ഉബയ്ബ്നഖലഫ് എന്നിവരായിരുന്നു അവർ.

ബന്തുകിനാൻ എന്ന ഗോത്രക്കാരെ ഭയന്നു ചില ഖുറൈശികൾ യുദ്ധത്തിന്നു പോകാൻ മടിച്ചു. അതിന്നുള്ള കാരണമിതാണു്. കിനാനി ഗോത്രത്തിൽപെട്ട ഒരു വൃദ്ധനെ ഒരു ഖുറൈശി വധിച്ചു. അങ്ങിനെയിരിക്കെ ഒരു ഖുറൈശി യുവാവു് തൻെറ കാണാതായ ഒട്ടകത്തെ അന്വേഷിച്ചു പുറപ്പെട്ടു കിനാനികളുടെ അധീനത്തിൽ അകപ്പെട്ടു. കിനാനികളിൽ പ്രധാനി ആമിറബ്നൽ ഖുല്ലൂജ് ഖുറൈശി യുവാവിനെ കണ്ടു ആശ്ചര്യഭരിതനായി ചോദിച്ചു, "നീ ആരു്."

യുവാവു്—"ഞാൻ ഖുറൈശിയാണു്."

ആമിർ തൻെറ ഗോത്രക്കാരോടു പറഞ്ഞു "നിങ്ങൾക്കു ഖുറൈശികളോടു ഒരു ബന്ധമില്ലെ?' "ഉവ്വ്" എന്നുത്തരം ലഭിച്ചപ്പോൾ ഖുറൈശിയുവാവിനെ ചൂണ്ടിക്കൊണ്ടു ആമിർ പറഞ്ഞു: "എന്നാൽ ഇവനെ നോക്കുവിൻ'' അപ്പോൾ കിനാനികൾ യുവാവിനെ വധിച്ചു. കിനാനികൾ ഖുറൈശികളോടു പറഞ്ഞു 'റജുലിൻബിറജുലിൻ' ഒരു പുരുഷന്നു ഒരു പുരുഷൻ—ഖുറൈശികൾ പറഞ്ഞു 'നഅംറജുലിൻ ബിറജുലിൻ'—അതെ ഒരു പുരുഷന്നു

ഒരു പുരുഷൻ—പിന്നീട്ട കൊല്ലപ്പെട്ട യുവാവിൻെറ സഹോദരൻ മറസ്സഗ്റാൻ എന്ന സ്ഥലത്തുവെച്ച്യ ആമിറിനെ കണ്ടുമുട്ടി. അയാഠം ആമിറിൻെറ വാഠം പിടിച്ചു പററി അതുകൊണ്ടുതന്നെ ആമിറിനെ വധിച്ചു. വാഠം രാത്രി കൊണ്ടുപോയി കഅബത്തിൽ തൂക്കി. പ്രഭാതത്തിൽ വാഠം കണ്ടു എല്ലാവരും വധത്തെപ്പററി അറിഞ്ഞു. ഇതിന്നുശേഷം ഖുറൈശികഠം കിനാനികളുടെ സങ്കേതത്തിലേക്ക പോകാറില്ല. ഇതുകൊണ്ടാണ് ചിലർ മടിച്ചതു്. കിനാനികളുടെ സമീപത്തുക്കൂടിയാണ് യുദ്ധത്തിന്ന പോകേണ്ടിയിരുന്നതു്. മാർഗ്ഗമദ്ധ്യേ അവർ ഉപദ്രവിച്ചെങ്കിലോ എന്നും ചിലർ ഭയപ്പെട്ടിരുന്നു. ഇങ്ങിനെ നില്ക്കുന്ന മദ്ധ്യേ ഇബ്ലീസ് * സുറാകത്തുബ്ന മാലിക്കിൽ മുദ്ലഹിയ്യിൽ കിനാനിയ്യി എന്നവൻെറ രൂപത്തിൽ പ്രത്യക്ഷപ്പെട്ടു പറയുന്നു "നിങ്ങഠംക്കെ എതിരായിയാതൊന്നും കിനാനികഠം പ്രവത്തിക്കുകയില്ലെന്നു ഞാനിതാ ഉറപ്പുതരുന്നു. അഥവാ അങ്ങിനെ ഉണ്ടായാൽ ഞാൻ നിങ്ങളെ സഹായിക്കും." ഇതു കേട്ടതിൽ എല്ലാവരും മടികൂടാതെ പുറപ്പെട്ടു. കൃത്രിമ സുറാകത്തും കൂടിയുണ്ടു്. വീണ്ടും ഇബ്ലീസ് പറയുന്നു "ബന്ധുകിനാനികഠം നിങ്ങളെ സഹായിക്കുവാനായി പുറപ്പെട്ടിരിക്കുന്നു. നിങ്ങഠം എതിരാളികളോടു പൊരുതുവാൻ ശക്തന്മാർത

ന്നെ ഒരു കാലത്തും മനുഷ്യവംശം നമ്മോടു ജയിക്കയില്ല" എന്നിങ്ങനെ ധൈര്യപ്പെടുത്തിക്കൊണ്ടിരുന്നു.

എന്നാൽ അബൂസുഫ്‌യാൻ ചരക്കുകളോടുകൂടി സാധാരണ പോകാറുള്ള ബദർവഴിയെ പോകാതെ കടൽ തീരത്തുകൂടി അതിവേഗത്തിൽ യാത്രചെയ്തു ഭയമുള്ള സ്ഥലങ്ങൾ കടന്നു രക്ഷപ്പെട്ടെന്നുകണ്ടു് അബൂസുഫ്‌യാൻ ഖുറൈശികളുടെ സഹായം ആവശ്യമില്ലെന്നു അവരെ അറിയിക്കുവാനായി ഒരു ദൂതനെ വിട്ടു. പ്രസ്തുത ദൂതൻ ഹുജ്നത്ത് എന്ന സ്ഥലത്തുവെച്ചു ഖുറൈശികളെ കണ്ടു പറയുന്നു "അബൂസുഫ്‌യാനും പാർട്ടിയും വേറെ വഴിയിൽ കൂടി ഹാനികൂടാതെ മക്കയിലെത്തിയിരിക്കുന്നു. ആയതുകൊണ്ടു നിങ്ങളെ മടക്കുവാനായി എന്നെ നിയോഗിച്ചതാണു്" അബൂജഹൽ "നിശ്ചയംതന്നെ ഞങ്ങൾ ബദറിൽ എത്തി മൂന്നു ദിവസമെങ്കിലും താമസിച്ചു ഒട്ടകങ്ങളെ വധിച്ചു ഭക്ഷണങ്ങൾ കഴിച്ചും, മദ്യപാനം ചെയ്തും, കവികൾ പാട്ടുപാടിയും, കന്യകമാർ നൃത്തംചെയ്തും, ഞങ്ങൾ അതിൽ രസിച്ചും, മുസ്ലിംകൾ സ്തുതിച്ചും, ഉൾഭയം ഭവിച്ചും, യുദ്ധത്തിൽ മടിച്ചും അപമാനം വർദ്ധിച്ചും എതി

* ഇബ്‌ലീസ് എന്നാൽ ബോധംവിട്ടു നിരാശനായവൻ എന്നർത്ഥമാണു്. ശൈത്താൻ—പിശാചു് എന്നും മററും ഇബ്‌ലീസിൻെറ അനുയായികൾക്കു് പറയും.

? അക്കാലത്തു് ഇബ്‌ലീസ് മനുഷ്യരൂപത്തിൽ പ്രത്യക്ഷപ്പെട്ടിരുന്നു. പിന്നീടു് അതിനെ നിരോധിച്ചു.

രില്ലെന്നറപ്പും അല്ലാതെ മടങ്ങുകയില്ല" എന്നു പറഞ്ഞു ദൂതനെ മടക്കി. ദൂതൻ വിവരം അബൂസുഫ്‌യാനെ അറിയിച്ചപ്പോൾ "ഇതു പിഴച്ച നയമാണ്. പിഴച്ച നയം നാശത്തിന്നു കാരണവുമാണു്" എന്നു പറഞ്ഞു. അബൂജഹലിൻെറ ഈ അഹംഭാവം കേട്ടതിൽ ബനൂസുഹ്റത്ത് എന്ന കുഡുംബക്കാർ നൂറ്പേർ മടങ്ങി. മുന്നൂറോളം എന്നും നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു—ഉബയ്യ്ബ്ൻശരീകുസ്സകഫി എന്നു പേരായ തങ്ങളുടെ നേതാവിൻെറ ആജ്ഞയനുസരിച്ചാണു് അവർ മടങ്ങിയതു്. ഉബയ്യിന്നു പിന്നീടു് അഖ്നസ്-ഭീരു-എന്നു പേരുവീണു.

ഈ യാത്രയിൽ അബൂജഹലിനോടു് നബി (സ)യെ സംബന്ധിച്ചു് ഉബയ്യ് ചോദിച്ചതിന്നു അബൂജഹൽ ഇപ്രകാരം പറഞ്ഞു "മുഹമ്മദു് അൽ അമീൻ—വിശ്വസ്തൻ—എന്നു ഞാൻ അറിയാതെയല്ല. സ്ഥാനവലിപ്പങ്ങൾ * ഇന്നു അബ്ദുൽമുത്തലിബിൻെറ സന്തതികളിൽ ശാശ്വതമായി ഇരിക്കെ നുബൂവ്വത്തും അവൎക്കു് ലഭിച്ചാൽ നമ്മൾ അവരോടുകൂടെ റഹാൻെറ രണ്ടു കുതിരകളെ? പോലെയാകും." ഖുറൈശികളിൽ മററു ചിലരും മട

* കഅബയുടെ മുതവല്ലി—ഊരാള—സ്ഥാനം അബ്ദുൽമുത്തലിബിൻെറ സന്താനങ്ങളിലായിരുന്നു. കഅബയുടെ അധികാരം കയ്യാളുന്നതു് ഉൽകൃഷ്ടമായ ഒരു പദവിയായിട്ടാണു് കണക്കാക്കപ്പെട്ടിരുന്നതു്.

? ഇതു അറബികളുടെ ഒരു പഴമൊഴിയാണു്. വിലയില്ലാതാകും എന്നൎത്ഥം.

ങ്ങാൻ ശ്രമിച്ചെങ്കിലും അബൂജഹൽ അനുവദിച്ചില്ല. അവർ യാത്രചെയ്തു ബദറിന്നടുത്തു് ഉദ്‌വത്തുൽകുസ്‌വാ എന്ന സ്ഥലത്തു ഇറങ്ങി പാളയമടിച്ചു. ഉദ്‌വത്ത് എന്ന മലയുടെ മദീനക്കടുത്ത ഭാഗത്തെ ഉദ്‌വത്തുദ്ദുൻയാ എന്നും മക്കക്കടുത്ത ഭാഗത്തെ ഉദ്‌വത്തുൽഖുസ്‌വാ എന്നും വിളിക്കുന്നു. ഖുസ്‌വാ എന്നതു വെള്ളം കിട്ടുന്ന സ്ഥലവും സുഖസ്ഥലവുമാണു്.

ഹിജറ രണ്ടാംകൊല്ലം റമളാൻ പന്ത്രണ്ടാം തിയ്യതി ശനിയാഴ്ച വിശുദ്ധ നബി (സ)യും സഹാബാക്കളും ബദറിലേക്കു് പുറപ്പെട്ടു. നബി (സ) പറഞ്ഞു "ശാമിൽനിന്നു ഖുറൈശികൾ വളരെ സ്വത്തുക്കളോടുകൂടി പുറപ്പെട്ടിരിക്കുന്നു. അതുകൊണ്ടു വേഗം പുറപ്പെടുവീൻ! അല്ലാഹു നിങ്ങൾക്കു് അതിനെ ഗനീമത്തു് * ആക്കിത്തരുവാൻ മതി" ഇതുകേട്ടു ചിലർ പുറപ്പെട്ടു, ചിലർ മടിച്ചു. അപ്പോൾ നൌഫലിൻെറ മകൾ ഉമ്മുവറകത്തു് (റ) എന്ന സ്ത്രീ പറഞ്ഞു "യാറസൂലല്ലാ! ഈ യുദ്ധത്തിൽ നബിയോടുകൂടി വരുവാൻ എന്നെ അനുവദിക്കുവിൻ! ഞാൻ

---

* മുസ്ലീംകളുടെ സ്വത്തുക്കൾ കാഫിറുകൾ പിടിച്ചുപററിയതിന്നു പകരമായി കാഫിറുകളിൽനിന്നു് മുസ്ലീംകൾ പിടിച്ചുപററുന്നതിന്നു ഗനീമത്തു് എന്നു പറയും.

മുറിയേററവരെ ശുശ്രൂഷിച്ചുകൊള്ളാം. എന്നാൽ അല്ലാഹു എനിക്കു ശഹാദത്തി—അല്ലാഹുവിലും നബിയിലുമുള്ള വിശ്വാസം—നെതരും" നബി (സ) പറഞ്ഞു "നിങ്ങൾ വീട്ടിൽ ഇരിക്കുവിൻ! അല്ലാഹു നിങ്ങൾക്കു ശഹാദത്തിനെതരും" അന്നു മുതൽ പ്രസ്തുത സ്ത്രീയെ ശഹീദ്—രക്തസാക്ഷി-എന്നു വിളിച്ചുവന്നു. മദീനാഭരണത്തിന്നു ഔസി ഗോത്രക്കാരനായ അബൂലുബാബത്തുബ്നു അബ്ദുൽ മുൻദിർ (റ)നെ നിയമിച്ചു. ഇമാമത്തിന്നു ഉമ്മുമക്തൂം (റ)മിനേയും നിശ്ചയിച്ചു. കുബാപള്ളിയിൽ ആസിബ്നു അദിയ്യി (റ)നെ ഏല്പിച്ചു. നബി (സ) ഒരു വെള്ളക്കൊടി മിസ്അബുബ്നു ഉമർ (റ) വശം കൊടുത്തു. രണ്ടു കറുത്ത കൊടികൾ തിരുമേനിയുടെ മുമ്പിൽ പിടിക്കുവാൻ കല്പിച്ചു. ഒന്നു ആലിയ്യിബ്നു അബീത്താലിബി (റ)ന്നും മറെറാന്നു സഅദ്ബ്നുമആദ് (റ)ന്നും തൂക്കുവാൻ കൊടുത്തു. ബദർയുദ്ധത്തിലെ മുസ്ലിം പടയാളികളുടെ എണ്ണം മുർസലീങ്ങളുടെ (മൂന്നൂററി പതിമൂന്നു്) എണ്ണമാണെന്നു നബി (സ) അരുൾചെയ്തിരിക്കുന്നു. ആകെ കുതിരകൾ മൂന്നെണ്ണമായിരുന്നു. ബുജറത്തു് എന്നൊരു കുതിര മിക്ദാദി (റ)ന്നും, യഅ്സൂബ് എന്നൊരു വാജി സുബൈറി (റ) ന്നും, സൈൽ എന്നൊരു അശ്വം അബൂ

മറ്സദ്ദൽഗമനി (റ) ന്നും ആയിരുന്നു. എഴുപതു് ഒട്ടകങ്ങളും, എട്ട വാളുകളും, ഒമ്പതു അങ്കികളും ഉണ്ടായിരുന്നു. നബി (സ) അന്നു് അങ്കിധരിക്കുകയും വാറം പിടിക്കുകയും ചെയ്തു. എഴുപതേഴു് മുഹാജിറുകളും ഇരുന്നൂററി മുപ്പത്താറ് അൻസാരികളുമായിരുന്നു മുസ്ലിം സൈന്യങ്ങറം. ഇവരിൽ ഒമ്പതു ആളുകറം യുദ്ധത്തിന്നു പുറപ്പെട്ടതല്ലാതെ യുദ്ധത്തിൽ പങ്കുകൊണ്ടില്ല. അവക്കു യുദ്ധത്തിൽ സംബന്ധിച്ചവരെപോലെയുള്ള സ്ഥാനവും ഗനീമത്ത് സ്വത്തിൽനിന്നു പങ്കും ലഭിച്ചു. ഈ ഒമ്പതു ആളുകളിൽ മുഹാജിറുകറം മൂന്നു്.

(1) ഉസ്മാബ്നുഅഫാൻ (റ) തൻെറ ഭാര്യയും നബി (സ) യുടെ പുത്രീയുമായ റുകിയ്യബീവി (റ)ക്കു് രോഗമാകയാൽ ശുശ്രൂഷക്കായി അദ്ദേഹം മദീനയിൽ താമസിച്ചു. (2) തൽഹത്ത് (റ) 3 സഈദ് (റ) ഇവർ രണ്ടുപേരും നബി (സ) അബൂസുഫ്യാനെ അന്വേഷിക്കാനായി നിയോഗിച്ചു. അവർ എത്തിയപ്പോറം യുദ്ധം കഴിഞ്ഞിരുന്നു. അൻസാരികറം ആറ്. 1ഉം 2ഉം 3ഉം പേർ മദീനയിൽ ഏല്പിച്ചവർതന്നെ. 4 ഹാരിസുബ്നുസ്സമത്ത് (റ) 5 ഖവാത്ത്ബ്നു ജുബൈർ (റ) ഇവർ രണ്ടുപേരും വഴിയിൽവെച്ചു് ഒട്ടകപ്പുറത്തുനിന്നു വീണു പരിക്കുപററുകയാൽ മടങ്ങി. 6 അബൂഉമാമത്ത് (റ) അദ്ദേഹത്തിൻെറ മാതാവിന്നു രോഗമാകയാൽ പോരേണ്ടെന്നു നബി (സ) കല്പിച്ചു.

അധികംപേരും ഒട്ടകത്തിന്മേലായിരുന്നു യാത്രചെയ്തിരുന്നതു്. നബി (സ) ഒരു ഒട്ടകപ്പുറത്തു കയറി. നബിയൊരുമിച്ചു അലിയ്യു്ബ്നു അബീത്താലിബ്, മറസദുബ്നു അബീമറന്ദ് എന്നിവരും കയറി. ആയിശാബീവി (റ) പറയുന്ന "ബദർയുദ്ധാവസരത്തിൽ നബി (സ) ഒട്ടകങ്ങളുടെ കഴുത്തിൽകെട്ടാറുള്ള ജിറ്സ് എന്ന മണി അഴിച്ചുമാററുവാൻ കല്പിച്ചു" നബി (സ) ഇപ്രകാരമായിരുന്നു അന്നു പ്രാത്ഥിച്ചതു് "ഞങ്ങളുടെ സ്രഷ്ടാവെ! എൻെറ അനുയായികൾ നടക്കുന്നവരാണു്, അവരെ നീ വാഹനം കയററുക. അവർ വസ്ത്രം ഇല്ലാത്തവരാണു്, അവക്കു നീ വസ്ത്രം നല്കുക. അവർ വിശന്നവരാണു്, അവക്കു നീ ഭക്ഷണം നല്കുക. ഇവകളെല്ലാം നിൻെറ അനുഗ്രഹംകൊണ്ടു് നല്കുക" ഇങ്ങിനെ അവർ യാത്രചെയ്തു ഉകൈബ്, ദുൽഹുലൈഫ, ദാത്തുൽജൈശ്, അമീർ, സഖീറാൻ, സയാല, ശന്തുക എന്നീ പ്രദേശങ്ങൾ കടന്നു. അവിടെയെല്ലാം അബൂസുഫ്യാനേയും അനുയായികളെയും അന്വേഷിച്ചതിൽ യാതൊരു വിവരവും ലഭിച്ചില്ല. അടുത്തതായി റൌഹാഅ് എന്ന സ്ഥലത്തെത്തി. രിഫാഅത്ത്, ഖല്ലാദ്, ഉബൈദ്ബ്നുയസീദ് എന്നിവർ കയറിയിരുന്ന ഒട്ടകം ക്ഷീണിച്ചു മുട്ടുകുത്തി. ഒട്ടകത്തിന്നു

കുറച്ചു വെള്ളം കൊട്ടുക്കുവാൻ നബി (സ) കല്പിച്ചു. അ പ്രകാരം ചെയ്തതിൽ ഒട്ടകം പൂർവ്വാധികം വേഗത്തിൽ നട ന്നു. വിശ്രുതമായ ബിറുറഹാ എന്ന കിണററിന്നു സമീ പമുള്ള സജ്സജ് എന്ന സ്ഥലത്തെത്തി അവിടെ ഇറ ങ്ങി. അബൂസുഫ്യാൻെറ വിവരം അന്വേഷിക്കുവാ നായി ഒരാളെ അന്വേഷിച്ചതിൽ അൻസാരികളുമായി പരിചയമുള്ള ഇബ്നൻഉറൈകത്ത് എന്നാളെ കണ്ടു മുട്ടി. അദ്ദേഹത്തിൻെറ അന്വേഷണത്തിൽനിന്നു അ ബൂസുഫ്യാൻ ശാമിൽനിന്നു മടങ്ങി ആ വഴിക്കു പോ യെന്നറിഞ്ഞു. ഖുറൈശികൾ യുദ്ധത്തിന്നു പുറപ്പെട്ടി രുന്ന വിവരം നബി (സ) അവിടെനിന്നു ഊഹമായി അറിഞ്ഞു. അതു പരസ്യപ്പെടുത്താതെ പുറപ്പെട്ടു മുൻ സരിഫ് എന്ന സ്ഥലത്തെത്തി. അവിടെനിന്നു മക്കയി ലേക്കുള്ള ഇടഭാഗത്തു സാധാരണവഴി തെററിവെച്ചു വല ഭാഗത്തെ മലവഴിക്കുവെച്ചു. നബി (സ)ക്കു ഒട്ടകങ്ങളോ ടുള്ള മോഹം തീരുകയും യുദ്ധത്തിലേക്കുള്ള ആശ വദ്ധി ക്കുകയും ചെയ്കയാലാണ് ബദറിലേക്കുള്ള ഈ എളുപ്പവ ഴിക്കു തിരിച്ചതു്. സഫ്റാഅ് എന്ന രാജ്യത്തിന്നു സ മീപമുള്ള മളീക് എന്ന പ്രയാസമേറിയ കയററസ്ഥല ത്തിൻേറയും നാസിലത്ത് എന്ന മലയുടേയും ഇടയിലുള്ള

റഫ്കാൻ എന്ന ഇടുക്കുസ്ഥലം വിട്ട്, മളീക്കിൻെറ കയററം കഴിഞ്ഞു സഫ്റായിലേക്കു ഇറങ്ങി. നബി (സ) സാഇറത്ത് എന്ന ഗോത്രത്തലവനായ ബസ്ബസ്ത്തു ബ്നു ഉമറുൽജ്ജുഹൈനി എന്ന സഹാബിയേയും, ബനുന്നജ്ജാർ ഗോത്രത്തലവനായ ഉബയ്യ്ബ്നു അബീറഗ്ദാഅ് എന്ന സഹാബിയേയും ഒററുകാരായി ബദറിലേക്കയച്ചു. അബൂസുഫ്യാൻെറയോ മററൊ വിവരം അന്വേഷിച്ചു വരുവാൻ അവരോടും കല്പിച്ചിരുന്നു.

അവർ ശ്രദ്ധമാഗ്ഗമായി ബദർ സമീപം ഇറങ്ങി. അവിടെ ഉണ്ടായിരുന്ന ഒരു കിണററിൽനിന്നു വെള്ളം എടുത്തുകൊണ്ടിരിക്കുമ്പോൾ മജ്ദിയ്യിബ്നുഅംറ് എന്നാളെ കണ്ടു. രണ്ടു സ്ത്രീകൾ തമ്മിൽ തക്കിക്കുന്നതായും കേട്ടു.

ഒരു സ്ത്രീ—"ഇനി തരാതെ സമ്മതിക്കയില്ല".
മററവൾ—"രണ്ടു ദിവസത്തിനകം അബൂസുഫ്യാനും കൂട്ടരും ശാമിൽനിന്നുള്ള മടക്കയാത്രയിൽ ഇവിടെ താമസിക്കും. അപ്പോൾ അവക്കു ജോലിചെയ്തു ലഭിക്കുന്ന കൂലികൊണ്ടു് നിൻെറ കടം തീക്കാം".

ഇതു് ആദ്യത്തെ സ്ത്രീക്കു വിശ്വാസമായില്ല. മജ്ദി പറഞ്ഞു "അവൾ പറഞ്ഞതു വാസ്തവമാണു്. രണ്ടു

ദിവസത്തിനകം അബൂസുഫ്യാനും പാർട്ടിയും ഈ വഴിക്കുവരും". മജ്ദിയുടെ മദ്ധ്യസ്ഥതയിൽ സ്ത്രീകൾ പിരിഞ്ഞു. ഇതൊക്കെയും കേട്ടുകൊണ്ടിരുന്ന ഒററുകാരായ സഹാബികൾ ഉടനെ പുറപ്പെട്ടു വിവരങ്ങൾ നബി (സ) യെ അറിയിച്ചു.

ഒററുകാർ ബദറിൽനിന്നു പോന്ന ഉടനെ അബൂസുഫ്യാനും ഒട്ടകങ്ങളും ബദറിന്നടുത്തെത്തി. അബൂസുഫ്യാൻ നബി (സ) യേയും സഹാക്കളേയും ഭയപ്പെട്ടു ഒട്ടകങ്ങളെ കുറെ അകലെ നിറുത്തി ബദറിൽ വന്നു മേൽ പ്രസ്താവിച്ച മജ്ദിയെ കണ്ടു അന്വേഷിച്ചു. മജ്ദി പറഞ്ഞു "വിശേഷാൽ ആരും വന്നില്ല, രണ്ടു ഒട്ടകക്കാർ വന്നുപോയി. അവരെ ഞാൻ അറിയുകയില്ല". അബൂസുഫ്യാൻ വഴിനോക്കി ഒട്ടകത്തിന്റെ കാഷ്ടം എടുത്തു പരിശോധിച്ചു. അയാൾ പറയുകയാണ് "നിശ്ചയംതന്നെ ഇതു മദീനക്കാരുടെ ഒട്ടകമാണ് അതിന്നു സംശയമില്ല" * അയാൾ ഉടനെ പുറപ്പെട്ടു സാധാരണവഴി മാറി മക്കയിലേക്കു ഗമിച്ചു.

* മക്കയിലേയും മദീനയിലേയും ഒട്ടകങ്ങളുടെ ഭക്ഷണത്തിന്നു അല്പം വ്യത്യാസമുണ്ട്. അതിനാൽ കാഷ്ടവും വ്യത്യാസപ്പെട്ടിരിക്കുമല്ലോ. അതുകൊണ്ടാണ് അബൂസുഫ്യാന് പെട്ടെന്നു കാര്യം മനസ്സിലാക്കാൻ കഴിഞ്ഞതു്.

അബുസുഫ്യാൻ നബിയെ ഭയപ്പെട്ടു വഴിമാറിപ്പോയ വിവരം നബി (സ) അറിഞ്ഞിരിക്കുന്നു. യുദ്ധത്തിന്നു പുറപ്പെട്ടിരിക്കുന്ന ഖുറൈശികളെ സംബന്ധിച്ചായിരുന്നു നബി (സ) യുടെ ആലോചന. അങ്ങിനെ സഫ്റായിൽനിന്നു പുറപ്പെട്ടപ്പോൾ രണ്ടു ഭാഗങ്ങൾ കണ്ടു. മലകളുടെ പേര് മസ്ലഖ് എന്നും മഹ്സീ എന്നും ആയിരുന്നു. അവിടെ അധിവസിക്കുന്നവരുടെ പേരു് ബനുന്നാർ എന്നും ബനുൽഹുറാക്ക് എന്നും ആണെന്നറിഞ്ഞു. പേരുകളുടെ ദുർലക്ഷണത്താൽ ആ വഴി മാറി ദഫ്റാൻ എന്നു പേരുള്ള മലച്ചരുവിലൂടെ നടന്നു. മസ്ജിദ് ദഫ്റാൻ എന്ന പള്ളിയിൽ ഇറങ്ങി. അവിടെ വെച്ചാണു് ഖുറൈശികൾ യുദ്ധത്തിനൊരുങ്ങി പുറപ്പെട്ടിരിക്കുന്ന വിവരം നബി (സ) പരസ്യമായി പ്രസ്താവിച്ചതു്. നബി (സ) യും അനുചരന്മാരും അബൂസുഫ്യാനെ പിടിക്കുവാൻ മാത്രമല്ല പുറപ്പെട്ടിരുന്നതു് എങ്കിലും യുദ്ധത്തിന്നു ഒരുങ്ങി പുറപ്പെടാതിരുന്ന സ്ഥിതിയിൽ ഈ യുദ്ധം നടന്നു.

വിശുദ്ധ ഖുർആനിൽ പറയുന്നു "നിങ്ങൾ യുദ്ധത്തിന്നു ഒരുങ്ങിപ്പുറപ്പെട്ടു പോന്നിരുന്നുവെങ്കിൽ നിങ്ങളുടെ നിശ്ചയത്തിൽ വല്ല വ്യത്യാസവും സംഭവിക്കുമായിരുന്നു.

നിങ്ങൾ ഒരുങ്ങാതെ യുദ്ധംചെയ്കയാൽ അല്ലാഹു നിശ്ച യിച്ച മാർഗ്ഗത്തെ അവൻ പൂർത്തിയാക്കിതന്നു" [ഖു: ശ:] ഈ ആയത്ത് ബദർയുദ്ധത്തിൻെറ പ്രാധാന്യത്തെ അറി യിക്കുന്നു. "ഖുറൈശികളുടെ സമ്പത്തുക്കൾ, അല്ലെങ്കിൽ അവരിൽനിന്നുള്ള പ്രധാനികളുടെ ശരീരങ്ങൾ അല്ലാഹു നിങ്ങൾക്കു വാഗ്ദത്തം ചെയ്തിരിക്കുന്നു". [വി: ഖു:] എ ന്ന ആയത്ത് ജിബ്'രീൽ (അ) നബി (സ)ക്കു് ഈ സന്ദ ർഭത്തിൽ അറ്'യിച്ചു. ഇതിൽ നബി (സ) ധൈര്യപ്പെട്ടു. നബി (സ) അസ്'ഹാബികളോടു ആലോചിക്കുന്നു. "നാം അന്വേഷിച്ചുപോന്ന ഒട്ടകങ്ങളും ചരക്കുകളും കണ്ടെത്തി യില്ല. ഖുറൈശികൾ നമ്മോടു് യുദ്ധത്തിന്നു പുറപ്പെട്ടു വരികയും ചെയ്തിരിക്കുന്നു. രണ്ടിലൊന്നിൽ നമുക്കു് വി ജയം നല്കുമെന്നു അല്ലാഹു കല്പിച്ചിരിക്കുന്നു. നാം എന്താ ണുവേണ്ടതു് അഭിപ്രായം പറയുവിൻ!'' സഹാബികളിൽ ചിലർ പറഞ്ഞു "യാറസൂലല്ലാ! നാം യുദ്ധത്തിന്നു പുറപ്പെ ട്ടിട്ടില്ല. ആ സ്ഥിതിക്കു് ഒട്ടകങ്ങളെ അന്വേഷിക്കുന്ന താണു് നല്ലതു്'' അപ്പോൾ നബി (സ) വീണ്ടും പറഞ്ഞു. "ഒട്ടകങ്ങളും മററും കടൽതീരത്തുകൂടി പോയിക്കഴിഞ്ഞു അപ്പോൾ അബൂ ജഹലും കൂട്ടരും നമ്മോടു യുദ്ധത്തിന്നു പുറപ്പെട്ടിരിക്കുന്നു! യുദ്ധത്തിനേക്കാൾ ഇഷ്ടം സമ്പാദി

ലാണോ?" ചിലർ പറഞ്ഞു "ദുഷ്ടന്മാരെ വിട്ട ഒട്ടകങ്ങളെ അന്വേഷിക്കുവിൻ" അപ്പോൾ നബി (സ) യുടെ വദനത്തിൽ ഗൌരവഭാവം ദർശിച്ചതിൽ അബൂബക്കർസിദ്ധീഖ് [റ] നബി [സ] യുടെ ഇഷ്ടത്തിന്നനുസരിച്ച് സംസാരിച്ചു. ഹസ്രത്ത് ഉമർ [റ] അതിനെ പിന്താങ്ങി. അതുകൊണ്ടൊന്നും തിരുമേനിയുടെ മുഖം തെളിഞ്ഞില്ല. മുഹാജിറുകളുടെ അഭിപ്രായം നബി [സ]ക്കു ആവശ്യമുണ്ടായിരുന്നില്ല. അവരെ സംബന്ധിച്ച സംശയവുമില്ല. അവർ എന്തിന്നും സന്നദ്ധരായിരുന്നതുകൊണ്ടാണല്ലൊ പലായനംചെയ്തത്. അൻസാരികളുടെ അഭിപ്രായത്തെയാണു് നബി (സ) പ്രതീക്ഷിച്ചിരുന്നതു്. അതിന്നുള്ള കാരണം അൻസാരികളുമായി ചെയ്ത ബൈഅത്ത്-സന്ധി-യായിരുന്നു. പ്രസ്തുത സന്ധി ഇപ്രകാരമായിരുന്നു. "മദീനയിൽ നബി (സ) ക്കു് നേരിടുന്ന ആപത്തുകളിൽ തങ്ങളുടെ സ്വന്തം ശരീരങ്ങളെപ്പോലെ നബി (സ) യെ രക്ഷിക്കുന്നതാണ് എന്നും മറ്റുമാണു്". അന്യരാജ്യങ്ങളിൽ യുദ്ധത്തിന്നു സഹായിക്കാമെന്നു സന്ധിയിൽ പറഞ്ഞിട്ടില്ല. സന്ധി ഒപ്പിടുന്ന കാലത്തു് യുദ്ധത്തിന്നു കല്പനയുണ്ടായിരുന്നില്ല. ചിലർ നബി (സ) യുടെ ഇഷ്ടത്തിന്നു എതിരഭിപ്രായം പറഞ്ഞതിനെ ഖുർആനിൽ പറയുന്നു

സത്യവിശ്വാസികളിൽ ഒരുക്കൂട്ടർ നബിയുടെ ഇഷ്ടത്തന്നു അനിഷ്ടംകാണച്ചു" (ബു:ശ:) അൻസാരികളുടെ അഭിപ്രായത്തിന്നായി നബി (സ) വീണ്ടും ചോദിച്ചു. അപ്പോൾ അൻസാരികളിൽനിന്നു മിക്ദാദബ്നു ഉമർ (റ)പറഞ്ഞു "അല്ലാഹുവിൻെറ പ്രവാചക! അല്ലാഹു കല്പിച്ചേടത്തേക്കു് അവിടുന്നു നടക്കുവിൻ! ഞങ്ങൾ തങ്ങളോടുകൂടി തയ്യാർ. നിശ്ചയംതന്നെ മൂസാ നബി (അ) യോടു് ബനു ഇസ്രായിൽഗോത്രക്കാർ പറഞ്ഞതുപോലെ * ഞങ്ങൾ പറയുന്നവരല്ല." ഇതു അവരുടെ ഭൂരിപക്ഷസമ്മതമാണോ എന്നറിയുവാനായി നബി (സ) പിന്നെയും ചോദിച്ചു. അപ്പോൾ ഔസി ഗോത്രത്തലവനായ സഅദ്ബ്നുമആദ് (റ) പറഞ്ഞു പുണ്യപ്രവാചക! അങ്ങു് ഞങ്ങളെ കരുതിയാണോ ചോദിക്കുന്നതു്" നബി (സ) "അതെ" മആദ് (റ) "ഞങ്ങൾ അല്ലാഹു ഏകനാണെന്നും അങ്ങയെ അല്ലാഹു നിയോഗിച്ച പ്രവാചകനാണെന്നും വിശ്വസിച്ചവരാണ്. അതുകൊണ്ടു് ഞങ്ങളുടെ വംശം അന്നും ഇന്നും എന്നും നബിയുടെ ആജ്ഞാനുവർത്തികളാണ്.

* "നിങ്ങളും നിങ്ങളുടെ ദൈവവും പോയി യുദ്ധംചെയ്യുവിൻ! ഞങ്ങൾ ഇവിടെ ഇരിക്കാം" (വി: ഖു:) എന്നായിരുന്നു മൂസാനബിയോടു് ബനു ഇസ്രായീൽ ഗോത്രക്കാർ പറഞ്ഞതു്.

ഞങ്ങളെ ബറക്കൽ ഇമാദ് * കൊള്ളെ അയച്ചാലും ഞങ്ങറം പിന്മാറുകയില്ല". ഖസ്റജി ഗോത്രത്തലവനായ സഅ്ദുബ്നു ഉബാദത്ത് (റ) പറഞ്ഞു "അദൻ അബ്യൻ § എന്ന സ്ഥലത്തേക്കു തിരുമേനി യുദ്ധത്തിന്നു പുറപ്പെട്ടാലും അൻസാരികളിൽ ഒരു പുരുഷനെങ്കിലും പിന്മാറുകയില്ല". ഇതെല്ലാം കേട്ടതിൽ നബി (സ) വളരെ സന്തോഷിച്ചു ഇപ്രകാരം പറഞ്ഞു. "അല്ലാഹുവിൻെറ അനുഗ്രഹത്തോടുകൂടി നിങ്ങറം നടന്നുകൊറംവിൻ'' വീണ്ടും നബി സഹാബികളെ ധൈര്യപ്പെടുത്തിക്കൊണ്ടിരുന്നു. അങ്ങിനെ ബദറിലെത്തി. പിന്നീടു നബി (സ) യും അബൂബക്കർസിദ്ദീഖും (റ) കൂടി ഒട്ടകപ്പുറത്ത് കയറി യാത്രചെയ്യുമ്പോറം ഒരു വൃദ്ധനെക്കണ്ടു. അയാളുടെ പേർ സുഫ്യാൻ എന്നാണു്. നബി (സ) ഇദ്ദേഹത്തോടു ചോദിച്ചു "മുഹമ്മദു നബിയുടേയും അനുചരന്മാരുടേയും, ഖുറൈശികളുടേയും വല്ല വിവരവുമുണ്ടോ?'' വൃദ്ധൻ "അതു പറയാം നിങ്ങളാരാണു്'' നബി—"നിങ്ങറം ഈ വിവരം അറിയിച്ചാൽ പറയാം".

---

* ബറക്കൽഇമാദ് വളരെ ഭയങ്കരമായ ഒരു സ്ഥലമാകുന്നു.

§ യമനിൻ സ്ഥിതിചെയ്യുന്ന ഒരു പ്രയാസപ്പെട്ട സ്ഥലമാണു് അദൻഅബ്യൻ.

വൃദ്ധൻ—"വ്യത്യാസമുണ്ടോ?"

നബി (സ)—"ഇല്ല".

വൃദ്ധൻ—"മുഹമ്മദുനബിയും അനുയായികളും ഇന്നപ്പോ ഠം പുറപ്പെട്ടപ്രകാരം കേട്ടു, അതു വാസ്തവമാണെങ്കിൽ ഇപ്പോഠം ഇന്ന സ്ഥലത്തു എത്തിയിരിക്കും. ഖുറൈശികഠം ഇന്നപ്പോഠം പുറപ്പെട്ട പ്രകാരം കേട്ടു, അതു വാസ്തവമാണെങ്കിൽ ഇപ്പോഠം ഇന്ന സ്ഥലത്തു എത്തിയിരിക്കും ഇനി നിങ്ങഠം ആരാണു്".

നബി (സ)—"ഞങ്ങഠം മാഇൽ * നിന്നാണു്".

വൃദ്ധൻ ഇറാക്കിൽ മാഅ് എന്നൊരു സ്ഥലമുണ്ടു് അവിടത്തുകാരാണെന്നു ധരിച്ചുപിരിഞ്ഞു. വൃദ്ധൻ പറഞ്ഞതു വാസ്തവവുമായിരുന്നു.

നബി (സ) മടങ്ങി സൈന്യത്തിൻെറ അടുക്കൽ വന്നു അലിയ്യിബ്നു അബീത്താലിബ് (റ) സുബൈറുബ്നുൽ അവാം (റ) സഅദ്ബ്നു അബീകൊസ് (റ) എന്നിവരെ കുറെ അസ്ഹാബികളോടുകൂടി ഖുറൈശി

* "തെറിക്കുന്നതും മുതുകെല്ലിൻെറയും നെഞ്ഞെല്ലിൻെറയും ഇടയിൽനിന്നു ബഹിർഗമിക്കുന്നതുമായ ജലംകൊണ്ടു് അവൻ-ദൈവം-(മനുഷ്യനെ) സൃഷ്ടിക്കപ്പെട്ടിരിക്കുന്നു". മാഅ്-വെള്ളം ഇവിടെ മനിയ്യിൽനിന്നു-ശുക്ലത്തിൽനിന്നു-ജനിച്ചവർ എന്നാണു് ഉദ്ദേശം.

കളുടെ വിവരം അറിയുവാൻ അയച്ചു. അവർ ബദറിൽ വെള്ളം ഉള്ള സ്ഥലത്തു എത്തിയപ്പോൾ ഖുറൈശികൾക്കു് വെള്ളം കയററുന്ന ഒട്ടകത്തേയും കുറെ ആളുകളേയും കണ്ടു. അടുത്തപ്പോൾ അവർ എല്ലാവരും ഓടി. അസ്ലാം എന്നും അരീസ് എന്നും പേരായ രണ്ടു അടിമകളെ പിടികിട്ടി. ബനൽഹജ്ജാജ്, ബനൽ ആസി എന്നിവരുടെ അടിമകളായിരുന്നു അവർ.

ഓടിപ്പോയവരിൽ ഖുറൈശികളുടെ അടുക്കൽ ആദ്യം എത്തിയ അജീസ് പറഞ്ഞു "ബഹുമാന്യരെ! മുഹമ്മദും കൂട്ടരും എത്തിപ്പോയി നമ്മുടെ ഒട്ടകത്തേയും കുറെ ആളുകളേയും പിടിച്ചു കുഴപ്പമായിരിക്കുന്നു. ഞാൻ ഓടി രക്ഷപ്പെട്ടു". അവൻെറ പരിഭ്രമവും, രക്ഷപ്പെട്ടതിലുള്ള സന്തോഷവും അവർണ്ണനീയമായിരുന്നു. ചില ഖുറൈശി പ്രമാണികൾപോയി നോക്കിയതിൽ മേൽപറഞ്ഞ രണ്ടു അടിമകളെ കണ്ടില്ല.

അസ്ഹാബികൾ അടിമകളേയും കൊണ്ടുവന്നപ്പോൾ നബി (സ) നമസ്കാരത്തിലായിരുന്നു. സഹാബികൾ അവരെ വിസ്തരിച്ചതിൽ ഞങ്ങൾ ഖുറൈശികൾക്കു വെള്ളം കയററുന്നവരാണു് എന്നു പറഞ്ഞു. സഹാബികൾക്കു ബോദ്ധ്യപ്പെട്ടില്ല. അബൂസുഫ്യാൻെറ ആളു

കളാണെന്നാണ് അവർ ധരിച്ചത്. സത്യം പറയുക എന്നു പറഞ്ഞു സഹാബികൾ അടിമകളെ പ്രഹരിക്കാൻ തുടങ്ങി "ഞങ്ങൾ അബൂസുഫ്‌യാന്നു വെള്ളം കയററുന്നവരാണ്" എന്നു അടിമകൾ വേദനയാൽ പറഞ്ഞപ്പോൾ അടിനിറുത്തി. ഇത്രയുമായപ്പോൾ നബി(സ) നമസ്കാരം കഴിഞ്ഞുവന്നു. സഹാബികളോട് ഇപ്രകാരം പറഞ്ഞു "അവർ സത്യം പറഞ്ഞപ്പോൾ നിങ്ങൾ മട്ടിച്ചു കളവു പറയിപ്പിച്ചു! വിട്ടുവിൻ!" നബി അടിമകളോട് ചോദിച്ചു "ഖുറൈശികൾ ഇപ്പോൾ എവിടെ താമസിക്കുന്നു".

അടിമകൾ—"ഈ കാണുന്ന അകൻകൽ എന്ന കുന്നിൻെറ മറുവശം ഉദുവത്തുൽ ഖുസ്‌വാ എന്ന സ്ഥലത്താണ് ഞങ്ങൾ താമസിക്കുന്നതു്".

നബി—"അവർ എത്രപേരുണ്ട്?"

അടിമകൾ—"എത്ര പേരുണ്ടെന്നു ക്ലിപ്തമായി പറഞ്ഞുകൂടാ. അവർ വളരെ ആളുകളുണ്ട്".

നബി—"ഒരു ദിവസം എത്ര ഒട്ടകങ്ങളെ അറുക്കുന്നുണ്ട്?"

അടിമകൾ—"ഒരു ദിവസം ഒമ്പതു്, അടുത്ത ദിവസം പത്തു് എന്ന തോതിൽ അറുക്കുന്നുണ്ട്".

നബി (സ) ഇപ്രകാരം അഭിപ്രായപ്പെട്ടു "അവർ തൊള്ളായിരത്തിന്നും ആയിരത്തിന്നും ഇടക്കുള്ള ഒരു തുക

യായിരിക്കും".

നബി: വീണ്ടും ചോദിച്ചു—"അവരിൽ ഖുറൈശി പ്രധാനികൾ ആരെല്ലാമാണ്?"

അടിമകൾ—"ഉത്ത്ബത്ത്, ശൈബത്ത്, അബുൽബഹത്തരി, അബൂജഹൽ, ഹക്കീം, നൌഫൽ, ഹരസ്, തുഐമത്ത്, നള്റ്, സംഅത്ത്, ഉമയ്യത്ത്, നബീഹ്, മുനബ്ബഹ്, സുഹൈൽ തുടങ്ങിയ അബൂലഹബൊഴികെയുള്ള എല്ലാ പ്രധാനികളും ഉണ്ടു്".

നബി (സ) അസ്ഹാബികളോടു പറഞ്ഞു "മക്കാ അതിൻെറ കരളിൻെറ കഷണങ്ങളെ നിങ്ങളുടെ നേക്ക് എറിഞ്ഞുതന്നിരിക്കുന്നു".

നബി (സ) യും കൂട്ടുകാരും അവിടെനിന്നു് പുറപ്പെട്ടു ഉദുവത്തുദ്ദുൻയാ എന്ന സ്ഥലത്തിറങ്ങി. ഉദുവത്തുദ്ദുൻയായിൽ വെള്ളത്തിന്നു പ്രയാസവും പൂഴിമണലും ആകുന്നു. കാലുകൾ താഴ്ന്നുപോകുന്നതുകൊണ്ടു് നടക്കാൻ വിഷമമാകയാൽ ഒട്ടകങ്ങളെയും കുറെ ആളുകളേയും ഒരു നാഴിക അകലെ നിറുത്തി. ബദറിൽ ഒരു കിണറുണ്ടായിരുന്നതു ഉദ്ദുവത്തുദ്ദുൻയായിലാണെന്നു ഇബ്നുഇസ്ഹാക്ക് (റ) പറഞ്ഞിരിക്കുന്നുവെങ്കിലും കുറെ അകലെയാണു്.

ഖുറൈശികൾ ഉദുവത്തുൽകുസ്വായിൽ താവളമുറപ്പിച്ച വിവരം മുമ്പു പ്രസ്താവിച്ചുവല്ലൊ. അവർ

കുഴികൾ കുഴിച്ചും മററു വെള്ളം ശേഖരിച്ചിരുന്നു. അവരിൽ അബ്ദുമനാഫിൻെറ പരമ്പരയിൽപെട്ട സൽബ് മകൻ ജുഹൈം ഒരു സ്വപ്നം കണ്ടു. ജുഹൈം തൻെറ കൂട്ടുകാരോട്ട് ചോദിച്ചു "എൻെറ അടുക്കൽ നിന്നിരുന്ന ആ അശ്വഭടന്മാരെ നിങ്ങൾ കണ്ടില്ലയൊ?"

അവർ—"ഇല്ല".

ജുഹൈം—"എൻെറ അരികിൽ ഒരു കുതിരപ്പടയാളി വന്നു പറഞ്ഞു, അബൂജഹൽ, ഉത്ത്ബത്ത്, ശൈബത്ത്, സംഅത്ത്, അബൂൽബഹ്ത്തരി, ഉമയ്യത്ത് ഇവർകൾ കൊല്ലപ്പെട്ടു. മററു പലരേയും തടവുകാരാക്കപ്പെട്ടു. അവൻെറ കൂടെയുണ്ടായിരുന്ന ഒരു ഒട്ടകത്തിൻെറ കഴുത്തറുത്തു നമ്മുടെ സൈന്യത്തിന്നു നേരെ എറിഞ്ഞു".

ഈ കഥ അബൂജഹലിൻെറ അടുക്കലെത്തി. ജഹൽ പറഞ്ഞു "ഇതു പുതിയൊരു നബിയാണ്. ഇവൻെറ ഭയം നാളെ തീരും ആരാണ് കൊല്ലപ്പെടുന്നതെന്നു എല്ലാവക്കും കാണാം".

"ശവാഹിദുന്നബുവ്വത്ത്" എന്ന കിത്താബിൽ പറയുന്നു "യുദ്ധം ആരംഭിക്കുന്നതിൻെറ തലേദിവസം നബിക്കും സഹാബാക്കൾക്കും ഒരു ഉറക്കം ബാധിച്ചു. നിന്നിരുന്നവർ നിന്നും, ഇരുന്നിരുന്നവർ ഇരുന്നും, കിടന്നിരു

ന്നവർ കിടന്നും ഉറങ്ങിപ്പോയി. സുബൈർ (റ) പറയുന്നു "ഞാൻ ആ സമയത്തു നില്ക്കുകയായിരുന്നു. ഇരിക്കുവാൻ ആലോചിച്ചതല്ലാതെ സാധിച്ചില്ല. ഉറങ്ങിവീണുപോയി". രിഫാഅത്ത് (റ) പറയുന്നു "ഞാൻ ഉറക്കത്തിൽ സ്വപ്നസ്ഖലനംകൊണ്ടു് ജനാബത്തു് * കാരനായി'' ഉറക്കത്തിൽ മററു പലരും ജനാബത്തുകാരായി. ഉണർന്നപ്പോൾ കുളിക്കുവാനായി ജലം അന്വേഷിച്ചപ്പോൾ സഹാബികൾ കുഴങ്ങി. തയമ്മം * ചെയ്യുവാൻ അന്നു കല്പനയുണ്ടായിരുന്നില്ല. സഹാബികൾക്കു വ്യസനമായി. ചിലർ ഇങ്ങിനെ ആത്മഗതം ചെയ്തു "ഞങ്ങൾ സത്യവിശ്വാസികളാണു്. വിശുദ്ധനബി (സ) ഞങ്ങളിൽ ഉണ്ടു്. മുശ്‌രിക്കീങ്ങൾ നല്ല വെള്ളമുള്ള സ്ഥലം കൈക്കലാക്കിയിരിക്കുന്നു. അവക്കു വെള്ളം സമൃദ്ധിയായുണ്ടു്.

---

* ഇസ്‌ലാം മതനിയമപ്രകാരം ഇന്ദ്രിയം പുറപ്പെടുന്നതുകൊണ്ടു് സ്നാനം നിർബ്ബന്ധമാകുന്നു. ഈ അശുദ്ധാവസ്ഥയ്ക്കു് ജനാബത്ത് എന്നു പറയുന്നു.

---

* വെള്ളം കിട്ടാതിരിക്കുകയോ, ഉപയോഗിക്കാൻ പാടില്ലാതിരിക്കുകയോ ചെയ്യുന്ന അവസരങ്ങളിൽ ശുദ്ധീകരണത്തിന്നു മണ്ണുപയോഗിക്കാം. ഇതിന്നു തയമ്മം എന്നു പറയുന്നു. കൂടുതൽ വിവരത്തിന്നു ഈ ലേഖകൻെറ "മുസ്ലിം നമസ്കാരക്രമങ്ങൾ" നോക്കുക.

ങ്ങൾക്കു ദാഹിക്കുകയും, ശുചീകരണത്തിന്നായി വിഷമിക്കുകയും ചെയ്യുന്നു". ഇങ്ങിനെ അവർ വ്യസനം തോന്നി വിവരം നബിയെ അറിയിച്ചു. നബി (സ) വെള്ളത്തിന്നായി അല്ലാഹുത്താ ആലയോട് പ്രാർത്ഥിച്ചു. ഈ സന്ദർഭത്തിൽ അല്ലാഹു ഒരു മഴ ചൊരിച്ചു. മുസ്ലീംകൾ കുഴികളുണ്ടാക്കി വെള്ളം ശേഖരിച്ചു കളിക്കുകയും വുസു-അംഗസ്നാനം-ചെയ്യുകയും ചെയ്തു. അവർ വളരെ സന്തോഷിച്ചു. കാൽ താഴ്ന്നുപോയിരുന്ന സ്ഥലം ഈ മഴകൊണ്ടു് ഉറച്ചു. ഒട്ടകങ്ങൾക്കും ആളുകൾക്കും സ്വച്ഛന്ദം വിഹരിക്കുവാൻ കഴിഞ്ഞു. മുസ്ലിംകൾക്കു സുഖവും സൌകര്യവും ആയിത്തീൎന്നു. മഴകൊണ്ടു് ഖുറൈശികൾക്കു വളരെ ബുദ്ധിമുട്ടായിത്തീൎന്നു. അവരുടെ സ്ഥലം ചെളികെട്ടി കാൽ താഴ്ന്നുതുടങ്ങി. വിശുദ്ധ ഖുർആനിൽ പറയുന്നു "യുദ്ധത്തിൽ നിങ്ങൾക്കുണ്ടായിരുന്ന ഭയത്തെ അകററുവാനായി അല്ലാഹു നിങ്ങൾക്കു നിദ്രയെ തരികയും, ആകാശത്തിൽനിന്നു നിങ്ങൾക്കു ശുദ്ധീകരിക്കാനായും, പിശാചിൻെറ വസ്‌വാസു-ദുസ്സന്ദേഹം-കളെ ദൂരീകരിക്കുന്നതിനായും, നിങ്ങളുടെ ഹൃദയങ്ങളിൽ സഹനത്തേയും, സ്ഥൈര്യത്തേയും, ഉറപ്പിക്കുവാനായും, നിങ്ങളുടെ പാദങ്ങളെ ഉറപ്പിക്കുവാനായും, വെള്ളത്തെ

ഈറക്കിത്തരികയും ചെയ്തിരിക്കുന്നു". (ഖ.: ശ:) ഇബ്നു മസ്ഊദ് (റ) പറയുന്നു "യുദ്ധത്തിൽ നിദ്രയുണ്ടാകുന്നതു് വിജയത്തിലുള്ള വിശ്വാസംകൊണ്ടാണു്. നമസ്കാരത്തിൽ ഉറക്കമുണ്ടാകുന്നതു് വിശ്വാസക്കുറവുകൊണ്ടാണു്".

നബി (സ)യും സൈന്യങ്ങളും അവിടെനിന്നും പുറപ്പെട്ടു കുറച്ചുകൂടി മുന്നോട്ടുചെന്നു അവിടെ ഇറങ്ങി. അപ്പോൾ ഖബ്ബാബ്നൽമുൻദിർ (റ) പറഞ്ഞു "നമുക്കു സുഖമായ സ്ഥലം ഇതല്ല. നബിയെ! സൈന്യങ്ങളോടുകൂടി ഖുറൈശികളുടെ അടുത്തു വെള്ളമുള്ള സ്ഥലംവരെ യാത്ര ചെയ്യുവിൻ! അവിടെയുള്ള ഖലീബ് എന്ന കിണററിലെ ജലത്തിൻെറ ഗുണം ഞാനറിയും. ആ കിണററിന്നരികെ നാം ഇറങ്ങണം. അവിടെയുള്ള മററെല്ലാ കുഴികളും തൂർക്കണം. അതു് നമുക്കു് ഗുണകരമാണു്". നബി (സ) പറഞ്ഞു "നിങ്ങളുടെ അഭിപ്രായത്തെപ്പററി ഞാൻ ആലോചിക്കാം". ജിബ്രീലി (അ) ൻെറ നിർദ്ദേശപ്രകാരം ഖബ്ബാബിൻെറ അഭിപ്രായം സ്വീകരിച്ചു. നബി (സ) യും സഹാബാക്കളും പുറപ്പെട്ടു റമളാൻ 17-ാംനു- വ്യാഴാഴ്ചരാത്രി ഇശാനമസ്കാര-സുമാർ 9 മണി-സമയത്തു് ഖുറൈശികൾക്കടുത്ത പ്രസ്തുതകിണററിന്നരികെഇറങ്ങി.

പിന്നീട് ഖലീബ് എന്ന കിണററിന്നരികെ ഒരു ഹൌസു—തൊട്ടി—ഉണ്ടാക്കി അതിൽ വെള്ളം നിറച്ചു അവിടെയുണ്ടായിരുന്ന മറെറല്ലാ കുഴികളും തൂർത്തു.

നബി (സ) ഇന്നവൻ വീഴുന്ന സ്ഥലം ഇതു് ഇന്നവൻ വീഴുന്ന സ്ഥലം ഇതു്. എന്നിങ്ങനെ കാഫിറുകൾ വീഴുന്ന സ്ഥലങ്ങളെ സഹാബികൾക്കു ചൂണ്ടിക്കാണിച്ചു കൊണ്ടു പറഞ്ഞു. സഹാബികൾ പറയുന്നു "നബി (സ) ഞങ്ങൾക്കു് കാണിച്ചുതന്ന സ്ഥലം തെററി ഒരൊററ കാഫിറും വീണിട്ടില്ല. നബിതിരുമേനി (സ) പറഞ്ഞ ഓരോരുത്തരും അതാതു സ്ഥലങ്ങളിൽ വീണു കൊല്ലപ്പെട്ടു."

സഅദ്ബ്നുമആദ് (റ) നബി (സ) യോടു പറഞ്ഞു "നബിയെ! അങ്ങയ്ക്കു ഇരിക്കുവാനായി ഒരു പന്തൽ തയ്യാറാക്കട്ടെയോ?" നബി (സ) അതിന്നു സമ്മതിച്ചു. തിരുമേനിക്കു ഇരിക്കുവാനായി ഈത്തപ്പനയോലകളാൽ സൈന്യങ്ങളുടെ മദ്ധ്യത്തിൽ ഒരു കുന്നിൻമുകളിൽ പന്തൽ തയ്യാറാക്കി. നബിയോടു സഹാബികൾ ഇപ്രകാരം പറഞ്ഞു "അങ്ങു് ഇവിടെത്തന്നെ ഇരിക്കുക. അങ്ങയുടെ വാഹനം ഇവിടെയുണ്ടു്. യുദ്ധത്തിന്നു പോകാൻ ഞങ്ങളെ അനുവദിക്കുക. അല്ലാഹുതആല ഞങ്ങൾക്കും വിജയം നല്കുകയാണെങ്കിൽ വളരെ നല്ലതു്. പരാ

മറിച്ചാണെങ്കിൽ അങ്ങ് മദീനയ്ക്കുതന്നെ പോകണം. അവിടെയുള്ള ഞങ്ങളുടെ സഹോദരന്മാർ അങ്ങയ്ക്കു ശുശ്രൂഷചെയ്വാൻ സന്നദ്ധരാണ്. അവർ അങ്ങയോടു എത്രയും സ്നേഹമുള്ളവരുമാണ്. അങ്ങയുടെ മഹനീയ മേന്മക്ക് ഹാനി വരുത്തരുത് വിജ്ഞാനദീപം ഈ കൊടുങ്കാററിൽ അണഞ്ഞുപോകാൻ ഇടവരരുത്".

പന്തലിൽ നബി (സ)ക്കു കാവൽനിന്നതു ഹസ്രത്ത് സിദ്ധീഖുൽ അക്ബർ (റ) ആയിരുന്നു. അലിയ്യുബ്നു അബീത്താലിബ് [റ] പറയുന്നു "ബദർ യുദ്ധകാലത്തു ഞങ്ങൾ നബിക്കു പന്തൽ പണിതീർത്തു. "നബി [സ] ക്കു ഒരുമിച്ചു കാവൽനില്ക്കുന്നതു ആരാണ്" നബി [സ] യുടെ സമീപത്തേക്ക് മുശ്രിക്കീങ്ങൾ ഒരുത്തരും അടുത്തുപോകരുത്" എന്നു നിർദ്ദേശിക്കപ്പെട്ടു. കാവൽ നില്ക്കുവാൻ ആരും മുന്നോട്ടുവന്നില്ല. അബൂബക്കർ [റ] പറഞ്ഞു "ഞാൻ നില്ക്കും" അല്ലാഹുവാണെ ഞങ്ങൾ നബി [സ] യെ നോക്കുമ്പോഴൊക്കയും അബൂബക്കർ സിദ്ധീഖിൻെറ വാൾ നബിയുടെ തലയ്ക്കുമീതെ തിളങ്ങുന്നതായിട്ടല്ലാതെ കണ്ടിട്ടില്ല. അബൂബക്കറിൻെറ അനുവാദത്തോടുകൂടിയല്ലാതെ ഞങ്ങൾക്കുപോലും നബി [സ] യെ ദർശിക്കുവാൻ കഴിഞ്ഞിരുന്നില്ല". പിന്നീടു് യുദ്ധം ശക്തിയായപ്പോൾ നബിയുടെ പന്തലിനു സത്അദുബ്നുമആദും

ചില അൻസാരിയുവാക്കളും കാവൽനിന്നു. സയ്യിദ് സം ഉദി (റ) പറയുന്നു "അന്ന് നബിയുടെ പന്തൽ കെട്ടിയിരുന്ന സ്ഥലത്താണ് മസ്ജിദ് ബദർ എന്ന പള്ളി സ്ഥിതിചെയ്യുന്നതു്. രാത്രി കഴിഞ്ഞു പുലർച്ചക്കു സുബ്ഹി നമസ്കാരാനന്തരം നബി (സ) യുദ്ധത്തിന്നു പ്രോത്സാഹിപ്പിച്ചുകൊണ്ടു് പ്രസംഗിച്ചു. നബി ഇപ്രകാരം പ്രാർത്ഥിച്ചു "അല്ലാഹുവേ! ഖുറൈശികൾ ശക്തിയോടും അഹംഭാവത്തോടുംകൂടി നേരിട്ടിരിക്കുന്നു. ഞങ്ങൾ അശക്തരാണെന്നു നിനക്കറിയാമല്ലൊ. എന്നോടു വാഗ്ദത്തം ചെയ്തിട്ടുള്ള സഹായത്തെ ഞാൻ ആഗ്രഹിക്കുന്നു" നബി (സ) സഖാക്കളോടു അണിനിരക്കുവാൻ കല്പിച്ചു. അപ്രകാരം എല്ലാവരും അണിനിരന്നു.

തത്സമയം ഉമറുബ്നു ഒഹബുൽ ജംഹിയെ മുസ്‌ലിംകളുടെ എണ്ണം അറിയുവാനായി ഖുറൈശികൾ അയച്ചു. ജംഹി കുതിരപ്പുറത്തു കയറി മുസ്‌ലിം സൈന്യത്തെ ആകെ ചുററിനോക്കി തിരിച്ചുചെന്നു പറഞ്ഞു. "അവർ മുന്നൂറിൽ അധികമല്ലാത്തത്രയുണ്ടു്. അവർക്കു പിന്നിൽ സഹായികളുണ്ടോ എന്നറിയണം". എന്നു പറഞ്ഞു വീണ്ടും ജംഹി കുറെ ചുററിനോക്കി മടങ്ങിവന്നു പറയുന്നു "അവർക്കു സഹായികളായി ആരും ഇല്ല.

എങ്കിലും ഖുറൈശികളെ! ഞാൻ കണ്ട കഥ പറയാം. അവർ കൊല്ലാനും കൊല്ലപ്പെടാനും ഒരുങ്ങിയിരിക്കുന്നു. അവരുടെ ഭാവം അവരുടെ ദൃഢനിശ്ചയത്തെ വ്യക്തമാക്കുന്നു. വിശന്ന സർപ്പം ഇരകണ്ടു അടുക്കുന്നതുപോലെയാണ് അവരുടെ നില. അവർ ക്രോധത്താൽ മൂകന്മാരായിരിക്കുന്നു. അവരുടെ കണ്ണുകളിൽ തീപ്പൊരിപാറുന്നു. അവക്കു വാറം മാത്രമല്ലാതെ യാതൊരു ആയുധങ്ങളുമില്ല. തീർച്ചയായും അവർ നമ്മളിൽനിന്നു ഒരാളെ വധിക്കാതെ നമുക്കു അവരിൽനിന്നു ഒരാളെ കൊലപ്പെടുത്തുവാൻ കഴിയുകയില്ല. ആയതുകൊണ്ടു് നാം മടങ്ങുന്നതാണു് നല്ലതു്". ഇതുകറം കേട്ടു ഹക്കീം സമ്മതിച്ചു ഉത്ത്ബത്തിന്റെ അടുക്കൽചെന്നു പറഞ്ഞു. "വലീദിന്റെ പിതാവെ! നിങ്ങറം ഖുറൈശികളിൽ പ്രധാനിയാണല്ലൊ. ആയതുകൊണ്ടു അവക്കു ഒട്ടാകെ നിങ്ങറം ഗുണം ചെയ്യുക. അതായതു ഈ യുദ്ധത്തിൽ നമുക്കു് വളരെ നാശംപാററാനിടയുള്ളതുകൊണ്ടു് ഉടനെ നമ്മറം മടങ്ങണം". ഇത്ത്ബത്ത് എഴുനേററുനിന്നു ഇപ്രകാരം വിളിച്ചുപറഞ്ഞു "ഖുറൈശികളെ! നിങ്ങറം മുഹമ്മദിനേയും കൂട്ടരേയും കണ്ടു. അവരെ എതിർത്തുകൊണ്ടു മടങ്ങാമെന്നു കരുതുന്നുണ്ടോ? അതു സാദ്ധ്യമല്ല. ഉടനെ മടങ്ങുവിൻ! മുഹമ്മദിനെ ഉപേക്ഷിക്കുവിൻ!" പിന്നീടു് ഉത്ത്ബത്ത്

തൻെറ ചുകന്ന കുതിരമേൽ കയറി ഹക്കീമോട്, 'ഇവിടെ സ്വല്പം ഇരിക്കുക' എന്നു പറഞ്ഞു യാത്രചെയ്തു ഖുറൈശികളോടു പറയുന്നു "നിങ്ങൾ എൻെറ വാക്കിനെ സ്വീകരിക്കുവിൻ! നിങ്ങൾക്കു ഇബ്നുൽഹള്റമിൻെറ പക്കൽനിന്നു പിടിക്കപ്പെട്ട സ്വത്തുക്കളാണു് മുഹമ്മദിൻെറ പക്കൽനിന്നു നഷ്ടം കിട്ടേണ്ടതെങ്കിൽ അതു് ഞാൻ തരാം നിങ്ങൾ മടങ്ങുവിൻ അതാണു് നമുക്കു നല്ലതു്".

നബി (സ) ഇതുകൾ ദൂരെനിന്നു ശ്രദ്ധിച്ചുകൊണ്ടു് പറഞ്ഞു "ഖുറൈശികളിൽ നല്ല വാക്കു പറയുന്നവരുണ്ടെങ്കിൽ ആ ചുകന്ന കുതിരക്കാരൻ പറയും" അനന്തരം ആ കുതിരക്കാരൻ ആരാണെന്നും എന്തു പറയുന്നുവെന്നും നോക്കുവാൻ ഹംസ (റ) യോടു പറയുവാൻ അലിയ്യി (റ) നോടു കല്പിച്ചു. ഹംസ ഖുറൈശികളുടെ അടുത്ത അണിയിലായിരുന്നു. അലി അപ്രകാരം ചോദിച്ചതിന്നു ഹംസ പറഞ്ഞു "അതു് റബീഅത്ത് മകൻ ഉത്ത്ബത്താണു്. ഖുറൈശികളോടു് യുദ്ധം വിരോധിക്കുകയാണു്".

ഉത്ത്ബത്തിൻെറ പരിശ്രമത്തിൽ പലരും വഴിപ്പെട്ടു. പിന്നീടു് ഉത്ത്ബത്ത് ഹക്കീമോടു് പറഞ്ഞു.

"ഇനി അബൂജഹലുണ്ടല്ലോ? അഹങ്കാരിയായ അവനോട് താങ്കൾതന്നെ പറയുക". ഹക്കീം അബൂജഹലിന്റെ അടുക്കൽപോയി തിരിച്ചുവന്നു പറഞ്ഞു. "ഞാൻ അബൂജഹലിന്റെ അടുക്കൽ ചെല്ലുമ്പോൾ അവൻ തന്റെ വിലപിടിച്ച വസ്ത്രങ്ങളും ആയുധങ്ങളും ധരിക്കുകയാണു്. ഞാൻ അവനോട്ട് പറഞ്ഞു "നിന്നോട്ട് ഇപ്രകാരം പറയുവാനായി ഉത്ത്ബത്ത് എന്നെ അയച്ചതാണു്" ശേഷം എല്ലാ വിവരങ്ങളും പറഞ്ഞു കേൾപിച്ചു. അബൂജഹൽ പറഞ്ഞു: "നിശ്ചയംതന്നെ ഉത്ത്ബത്ത് ഭയപ്പെട്ടുപോയി. ഭീരുക്കളെ കണ്ടു ഉത്ത്ബത്ത് ഭീരുവായിത്തീൎന്നു". അനന്തരം അബൂജഹൽ ഉത്ത്ബത്തിന്റെ അടുക്കൽ ചെന്നു ചോദിച്ചു "ഹക്കീം എന്നോടു പറഞ്ഞതെല്ലാം നിങ്ങൾ പറഞ്ഞയച്ചതാണോ" ഉത്ത്ബത്ത്—"അതെ".

ജഹൽ—"നിങ്ങൾ ഒഴികെ മററാരെങ്കിലുമാണു് ഇപ്രകാരം പറഞ്ഞതെങ്കിൽ അവരെ ഞാൻ വെറുതെ വിടുമായിരുന്നില്ല".

അബൂജഹൽ വീണ്ടും പറഞ്ഞു "നിശ്ചയംതന്നെ ഞാനും കൂട്ടുകാരും മുഹമ്മദിന്റേയും ഞങ്ങളുടേയും ഇടയിൽ വിധിക്കപ്പെട്ടതു് നടത്തിയല്ലാതെ മടങ്ങുകയില്ല. **ഖുറൈശികളെ! മുഹമ്മദും അനുയായികളും ഒരു കുട്ടം ഒത്തെ ഭക്ഷിക്കുവാനുള്ള ആളുകളെ ഉള്ളൂ. എന്നിരിക്കെ**

ഉത്ത്ബത്ത് ഇങ്ങിനെ പറയുവാൻ അവകാശമില്ല. ഇതിൽ ഒരു തന്ത്രമുണ്ട്. ഉത്ത്ബത്തിൻെറ മകൻ അബൂഹുദൈഫ മുഹമ്മതിൻെറ പക്ഷത്താണു്. മുഹമ്മദ് ഉത്തുബത്തിൻെറ പിതൃസഹോദരപുത്രനമാണു്. ഇവർ രണ്ടുപേരും യുദ്ധത്തിൽ വധിക്കപ്പെട്ടമെന്നുള്ള ഭയത്താലാണു് ഉത്ത്ബത്ത് ഇങ്ങിനെ പറയുന്നതു്".

യുദ്ധത്തിൽ ഏപ്പെട്ടുന്നതുവരെ കാഫിറുകൾക്കു് മുസ്‌ലിംകളെ വളരെ ചുരുക്കമായിത്തോന്നി. യുദ്ധസമയത്തു മുസ്ലിംകളുടെ ദൃഷ്ടിയിൽ കാഫിറുകൾ വളരെ കുറവായിത്തോന്നി. ഇബ്‌നമസ് ഊദ് (റ) പറയുന്നു "ബദർ യുദ്ധകാലത്തു് കാഫിറുകൾ വളരെ കുറവായിട്ടാണു് ഞങ്ങൾക്കു തോന്നിയതു്. ഞാൻ ഞങ്ങളിൽ ഒരാളോട്ടു് "കാഫിറുകൾ എഴുപതിൽ അധികമുണ്ടോ?'' എന്നു ചോദിച്ചതിന്നു് "നൂറോളം ഉണ്ടായിരിക്കും" എന്നായിരുന്നു മറുപടി. കാഫിറുകൾ തൊള്ളായിരത്തിൽ അധികമുണ്ടെന്നു ഞാൻ അറിഞ്ഞിരുന്നു

നബി (സ) ഹസ്രത്തു് ഉമറി (റ) നെ അയച്ചു കാഫിറുകളോട്ടു ഇപ്രകാരം പറയിച്ചു.

"ഇപ്പോൾ നിങ്ങൾ മടങ്ങുവിൻ! ഈ ഏർപ്പാട്ടു നിങ്ങളല്ലാത്തവർ ചെയ്യുന്നതാണു് ഉത്തമം''. ഇതു കേട്ടു

ഹക്കീം പറഞ്ഞു "ഹെ! ഖുറൈശികളെ! നിങ്ങൾ ഈ പറയുന്നതിനെ അനുസരിക്കുവിൻ" അപ്പോൾ അബൂജഹൽ പറഞ്ഞു "ഞങ്ങൾ അതിന്നു തയ്യാറില്ല. ഞങ്ങൾ മുഹമ്മദിനോടു പകരം വീട്ടിയല്ലാതെ മടങ്ങുകയില്ല". ഈ സന്ദർഭത്തിൽ മുൻ പ്രസ്താവിച്ച സുറാകത്ത്—ഇബ്ലീസ് പറഞ്ഞു "ഞാൻ നിങ്ങൾക്ക് സഹായത്തിന്നുണ്ടായിരിക്കെ മനുഷ്യവംശം നിങ്ങളോടു ജയിക്കയില്ല". ഇതേ വാചകം ഖുർആനിൽ പറഞ്ഞിരിക്കുന്നു. അബൂജഹലും സുറാകത്തും യോജിച്ചുകൊണ്ടു സൈന്യങ്ങളെ ഏകോപിപ്പിച്ചു. ഇരുഭാഗവും അണിനിരന്നു കഴിഞ്ഞു.

അസ്‌വദുബ്നു അബ്ദുൽഅസദിൽമഖ്സൂമി എന്ന യുവാവ് കോപാന്ധനായിക്കൊണ്ട് പറഞ്ഞു "നിശ്ചയംതന്നെ ഞാൻ അവരുടെ—മുസ്‌ലിംകളുടെ ഹൌളിതൊട്ടിയിൽ നിന്നു ജലം കുടിക്കും, അല്ലെങ്കിൽ അതു പൊളിക്കും, അല്ലെങ്കിൽ അവിടെ മരിക്കും" ഇങ്ങിനെ പ്രതിജ്ഞ ചെയ്തുകൊണ്ടു് അസുവദ് ഹൌസുകൊള്ളെ അടുത്തു. തത്സമയം ഹംസ (റ) എന്ന ധീരസിംഹം അസ്‌വദിനോടു നേരിട്ടുകൊണ്ടു് പറഞ്ഞു "നബി (സ) യുടെ ഹൌസുകൊള്ളെ അടുക്കാതെ മടങ്ങിപ്പോവുക" അസ്‌വദ് സ്വീകരിക്കാതെ തന്റെ പ്രതിജ്ഞ നിറവേററാനായി

ഹൌസിനെ സമീപിച്ചു. ഹംസ (റ) അസ്‌വദിൻെറ കാലിന്നു വെട്ടി. അസ്‌വദ് വീണു എങ്കിലും എഴുന്നേററ വീണ്ടും ഹൌസിനോടടുത്തപ്പോൾ ഹംസ (റ) അവൻെറ തലവീശി. ഇതുകണ്ടു കാഫിറുകൾ ഇളകി. ഉത്ത്ബത്ത്, പുത്രൻ വലീദ്, സഹോദരൻ, ശൈബത്ത് എന്നിവർ അണിവിട്ടു പോർക്കളത്തിലിറങ്ങി. ഉത്ത്ബത്തിന്നു പടയാളികളുടെ തൊപ്പികൾ ഒന്നും മതിയാവായ്കയാൽ തലപ്പാവു ചുററിയാണിറങ്ങിയതു്.

ഈ സമയത്തു് നബി (സ) മുസ്‌ലിം ധീരയോദ്ധാക്കൾക്കുവേണ്ടി ദുആ-പ്രാർത്ഥന-ചെയ്യുകയായിരുന്നു. നബി (സ) മുസ്‌ലിംകളുടെ അണികൾ വേണ്ടവിധം ശരിയാക്കി മുഹാജിറുകളുടെ കൊടി മിസ്‌അബിന്നും ഖസ്റജിൻെറ കൊടി കബ്ബാബിന്നും ഔസികളുടെ കൊടി സഅദിന്നും കൊടുത്തു. നബി (സ) ഇപ്രകാരം പറഞ്ഞു "എൻെറ നിർദ്ദേശം അനുസരിച്ചു യുദ്ധം ആരംഭിക്കണം. ശത്രുക്കൾ നിങ്ങളോടടുത്തുപോയാൽ അസ്ത്രങ്ങളെല്ലാം ചിലവഴിക്കരുതു്. ശത്രുക്കൾ പോർക്കളത്തിൽ ഇറങ്ങിയ ശേഷമേ നിങ്ങൾ ഇറങ്ങാവൂ"

പോർക്കളത്തിൽ ഇറങ്ങിയ മൂവരും ഇപ്രകാരം വിളിച്ചുപറഞ്ഞു "ഞങ്ങൾക്കു തുണയുണ്ടെങ്കിൽ ഇറങ്ങുവിൻ"

ഇതുകേട്ട അൻസാരികളിൽനിന്നു സഹോദരന്മാരായ മഅൂദ്, മുഅവ്വിദ്, ഔഫ് എന്നീ മൂന്നുപേർ ഇറങ്ങി. മറ ളാൻ 19-ാനു- വെള്ളിയാഴ്ചയാണിതു്. കാഫിറുകൾ "നിങ്ങൾ ആര്" "ഞങ്ങൾ അൻസാരികളാണ്" കാഫി റുകൾ: "ഞങ്ങൾക്ക നിങ്ങളോടു യുദ്ധം ചെയ്യേണമെന്നു ഉദ്ദേശമില്ല. ഞങ്ങളോടെതിക്കാൻ ഞങ്ങളുടെ നാട്ടുകാ രും സഹോദരന്മാരുമാണാവശ്യം" അപ്പോൾ നബി (സ) കല്പിച്ചു "ഉബൈദത്തുബ്നൽഹരസ്, ഹംസത്തുബ്നു അബ്ദുൽമുത്തലിബ്, അലിയ്യിബ്നു അബീത്താലിബു, എന്നിവർ ഇറങ്ങുവിൻ" അതനുസരിച്ചു ഇവർ മൂന്നുപേ രും ആയുധധാരികളായി, അശ്വാരൂഢരായി യുദ്ധക്കള ത്തിലിറങ്ങി സിംഹപരാക്രമങ്ങളോടുക്രൂടി ഒന്നു ചുററി പൊടികിളത്തിക്കൊണ്ടു അശ്വങ്ങൾ പാഞ്ഞു. ധൂളി കൊണ്ടു മുഖങ്ങളെ തിരിച്ചറിയാതെ കാഫിറുകൾ ചോ ദിച്ചു "നിങ്ങൾ ആരാകുന്നു" "ഞാൻ ഹംസ, ഞാൻ അലി, ഞാൻ ഉബൈദത്ത്" "ശരി നല്ല തുണതന്നെ" അതിൽ ഉബൈദത്ത് (റ) അന്നത്തെ സഹാബികളിൽ പ്രായം അധികരിച്ച ആളാകയാൽ മറുഭാഗത്തേക്ക് വയസ്സ് ക്രൂട തലുള്ള ഉത്ത്ബത്തോടും, ഹംസ (റ) ശൈബത്തോടും, അലി (റ) ഒലീദിനോടും നേരിട്ടു. താമസംവിനാ ഹംസ

(റ) ശൈബത്തിനേയും, അലി (റ) വലീദിനേയും, കൊലപ്പെടുത്തി. ഉബൈദത്തു (റ) ഉത്ത്ബത്തുമായുള്ള ഭീകരയുദ്ധത്തിൽ ഓരോ വെട്ടു അന്യോന്യം പററി രണ്ടു പേരും വീണു. ഉടനെ ഹ: ഹംസയും ഹ: അലിയുംകൂടി ഉത്ത്ബത്തിനെ വധിച്ചു, ഉബൈദത്തിനെ എടുത്തുകൊണ്ടു നബി (സ) യുടെ സന്നിധിയിലെത്തി. ഉബൈദത്തു് (റ) നബി (സ) യോടു ചോദിച്ചു "യാറസൂലല്ലാ! ഞാൻ ശഹീദ—രക്തസാക്ഷി—ല്ലയോ?" നബി (സ) "അതെ അതിന്നു ഞാൻ സാക്ഷിയാണു്". (യുദ്ധം കഴിഞ്ഞുള്ള മടക്കയാത്രയിൽ സഫ്രായിൽവെച്ചു ഉബൈദത്ത് (റ) മൃതിയടയുകയും അവിടെ കബറടക്കം—ശവസംസ്കാരം—ചെയ്യുകയും ചെയ്തു.)

പടക്കളത്തിൽ ഇറങ്ങിയ മൂന്നുപേരേയും വധിച്ചതു കണ്ടു് കാഫിറുകൾ ഇളകിത്തുടങ്ങി. അബൂജഹൽ പറഞ്ഞു "ഞങ്ങൾക്കു ഉസ്സാ എന്ന ബിംബമുണ്ടു്; നിങ്ങൾക്കു അതില്ല" അതിന്നു മറുപടിയെന്നോണം സഹാബികൾ പറഞ്ഞു "ഞങ്ങൾക്കു അല്ലാഹു ഉണ്ടു്, നിങ്ങൾക്കതില്ല. ഞങ്ങളിൽനിന്നു കൊല്ലപ്പെടുന്നവരെ അവൻ-അല്ലാഹു-സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കും. നിങ്ങൾ എന്നെന്നും നരകത്തിൽതന്നെ".

നബി (സ) പന്തലിൽനിന്നു ഇറങ്ങി അണികൾ വീണ്ടും ശരിയാക്കുവാനായി തലയ്ക്കു മുനയുള്ളതും കടയ്ക്കു തുവലില്ലാത്തതുമായ ഒരു ശരം തൃക്കൈയിലേന്തിക്കൊണ്ടു അണികളുടെ മദ്ധ്യത്തിൽ നടന്നു അണികൾ ശരിയാക്കുമ്പോൾ ബനുന്നജ്ജാർ ഗോത്രത്തലവനായ സവാദ് ബ്നു ഉസ്ബത്തു എന്ന സഹാബി അണിവിട്ടു കുറച്ചു മുന്നോട്ടു കയറിനിന്നു. “സവാദെ! അണി ശരിയായി നില്ക്കുക'' എന്നു പറഞ്ഞുകൊണ്ടു നബി (സ) കൈയിലുണ്ടായിരുന്ന ശരംകൊണ്ടു് സവാദിനെ കുത്തി. സവാദ് പറഞ്ഞു “യാറസൂലല്ല! അങ്ങ് എന്നെ വേദനിപ്പിച്ചു അതുകൊണ്ടു ഞാനിതാ ആവലാതി ബോധിപ്പിക്കുന്നു” നബി (സ) “സവാദെ! പകരംവീട്ടുക” എന്നു പറഞ്ഞു തൻെറ ഉദരത്തെ സവാദിന്നു തുറന്നുകാണിച്ചു. (സവാദിൻെറ ഉദരത്തിന്മേലായിരുന്നു കുത്തിയതു്) സവാദ് (റ) പകരം വീട്ടുവാനെന്ന ഭാവത്തിൽ അടുത്തു. നബി (സ) യുടെ ഉദരത്തെ അണച്ചുകൂട്ടി ആലിംഗനം ചെയ്തുകൊണ്ടു് പറഞ്ഞു “നബിയെ! എൻെറ ഈ ആഗ്രഹം നിറവേററാനായിരുന്നു ഞാൻ അങ്ങിനെ പറഞ്ഞതു്” നബി (സ) സവാദിന്നു ഗുണത്തിന്നായി പ്രാൎത്ഥിച്ചു. ഇപ്രകാരം

മററൊരു സഹാബിയും ചെയ്തതായി പറയുന്നു. അബൂദാവൂദ് (റ) പറയുന്നു "അൻസാരികളിൽ വിനോദം പറയുന്ന ഒരാളുണ്ടായിരുന്നു. അദ്ദേഹം തമാശകൾ പറഞ്ഞു സഹാബികളെ ചിരിപ്പിച്ചുകൊണ്ടിരുന്നു. നബി (സ) കൈയിലുണ്ടായിരുന്ന ശരംകൊണ്ട് അയാളെ ഒന്നു കുത്തി. അയാൾ പ്രതിക്രിയക്ക് ആവശ്യപ്പെട്ടു. നബി (സ) സമ്മതിച്ചു. അയാൾ ഈ സന്ദർഭത്തിൽ നബിയെ ആലിംഗനം ചെയ്തുകൊണ്ട് പറഞ്ഞു "എന്റെ ആഗ്രഹ നിവൃത്തിക്കു വേണ്ടിയാണ് ഞാൻ പ്രതികാരേച്ഛ കാണിച്ചത്. ക്ഷമിക്കണം".

നബി (സ) അണികളെ ശരിയാക്കി സഹാബികളെ ധൈര്യപ്പെടുത്തി. അനന്തരം നബി (സ) യുദ്ധത്തിന്റെ ക്രമങ്ങളെപ്പററി ഇങ്ങനെ പറഞ്ഞു "കാഫിറുകൾ നിങ്ങളെ സമീപിച്ചാൽ ആദ്യം നല്ല വാക്കുകൾ പറയണം. പിന്നെ അമ്പുകൊണ്ട് എതിർക്കണം. അധികം ദൂരെനിന്നു അമ്പ് വിടരുത് സൂക്ഷിക്കാതെ അമ്പ് വിട്ടാൽ പിഴച്ചുപോകും. കാഫിറുകൾ നിങ്ങളോടു നേരിട്ടല്ലാതെ നിങ്ങളുടെ വാളുകൾ ഉറയിൽനിന്നു ഊരരുത്". ഇപ്രകാരം പറഞ്ഞു നബി (സ) പന്തലിലേക്കു പോയി. അബൂബക്കർ (റ) പന്തലിൽ പാറാവുനിന്നു.

ഇരുഭാഗക്കാരും വാശിയോടുകൂടി ഏററമുട്ടി. കാഫിറ കളിൽ ഒരു സംഘം നബിയുടെ ഹൌസുകൊള്ള അടുത്തു. അതിൽ ഹക്കീമുബ്നുഹസാമും ഉണ്ടായിരുന്നു. നബി (സ) ഹക്കീമിനെ ഒഴിച്ചുവിടാൻ സഹാബികളോടു കല്പി ച്ചു. കാഫിറുകളിൽ ചിലർ ഹൌളിൽനിന്നു കുടിച്ചു വെങ്കിലും അവരിൽ ഹക്കീം ഒഴികെ എല്ലാവരും സഹാ ബികളാൽ കൊല്ലപ്പെട്ടു. ഹക്കീം പിന്നീട് ഇസ്ലാ മായി.

നബി (സ) യുദ്ധിന്നു കല്പിച്ചു. ആദ്യം പോർക്കള ത്തിലിറങ്ങിയതു് മിഹ്ജഅ് (റ) ആകുന്നു. ആമിറ ബ്നൽഹള്റമി വിട്ട ശരം അദ്ദേഹത്തിന്നേല്ക്കുകയാൽ പോർക്കളത്തിൽവെച്ചുതന്നെ ശഹീദായി പോർക്കളത്തിൽ ആദ്യം ശഹീദായതു് ഇദ്ദേഹമായിരുന്നു. നബി (സ) ഇദ്ദേഹത്തെ വളരെ വാഴ്ത്തി പറഞ്ഞിരിക്കുന്നു. ഈ സ മയത്തു് സഹാബികൾ കയർത്തു് വെട്ടിത്തുടങ്ങി. കാ ഫിറുകളുടെ ഭൂരിപക്ഷവും മുസ്ലിംകളുടെ ന്യൂനപക്ഷ വും കണ്ടു നബി (സ) രണ്ടുറക്കഅത്തു് നമസ്കരിച്ചശേഷം ഇങ്ങിനെ ദുആ ചെയ്തു. “സർവ്വശക്തനായ അല്ലാഹുവേ! ഇസ്ലാംസംഘം ഈ പോർക്കളത്തിൽവെച്ചു നാമാവശേ ഷമായി പോയാൽ നിന്നെ ആരാധിക്കുവാൻ ഈ ഭൂമുഖ ത്തു് ആരുംതന്നെ ഉണ്ടായിരിക്കുകയില്ല. അതിനാൽ

എന്നോടുള്ള വാഗ്ദത്തത്തെ നീ നിറവേററുക''. ദേഹത്തിലുണ്ടായിരുന്ന പുതപ്പു താഴെ വീഴാൻ ഇടയാവുന്നതുവരെ നബി (സ) ഈ വിധം പ്രാർത്ഥന തുടൎന്നു. ഹ: അബൂബക്കർ (റ) പുതപ്പെടുത്തു നബി (സ) യെ ധരിപ്പിച്ചു കൊണ്ടു് പറഞ്ഞു. "നബിയെ! അവിടുത്തെ ദുആ വേണ്ടിടത്തോളമായി. അല്ലാഹുവിൻെറ സഹായം പൂൎണ്ണമായും ലഭിക്കും''. നബി (സ) പറഞ്ഞു "അബൂബക്കരേ! നിങ്ങൾക്കുവേണ്ടി അല്ലാഹുവിൻെറ സഹായം വന്നിരിക്കുന്നു. നോക്കുക! ജിബ്‌രീൽ കുതിരയുടെ കടിഞ്ഞാൺ പിടിച്ചുകൊണ്ടു വന്നുനില്ക്കുന്നു".

"ആയിരം മലക്കുകൾ നിങ്ങളെ സഹായിക്കുവാൻ എത്തിയിരിക്കുന്നു'' (ഖു: ശ:) എന്നും മറെറാരു ആയത്തിൽ മൂവ്വായിരം മലക്കുകൾ എന്നും വേറൊരു ആയത്തിൽ അയ്യായിരം മലക്കുകൾ എന്നും ഖുർആനിൽ പറഞ്ഞിരിക്കുന്നു. റബീ ഉബ്‌നുഅനസ് (റ) പറയുന്നു "ബദർ യുദ്ധത്തിൽ അല്ലാഹു ആദ്യം ആയിരം മലക്കുകളെ ഇറക്കി. പിന്നെ മൂവ്വായിരംആയി പിന്നെ അയ്യായിരം ആയി'' ആയിരം മലക്കുകൾ ബദർ യുദ്ധത്തിൽ യുദ്ധം ചെയ്തു. ശേഷം മലക്കുകൾ ബഹുമാനത്തിന്നുവേണ്ടി ഇറങ്ങിയതാണു്. അല്ലാഹു മലക്കുകളോടു കല്പിച്ചു. "സത്യ

വിശ്വാസികളെ നിങ്ങൾ സഹായിക്കുവിൻ'' (ഖു: ശ:) മലക്കുകൾ അസ്ഹാബികളോട്ട ഇടകലർന്നു യുദ്ധംചെയ്തു. മലക്കുകൾക്കു യുദ്ധത്തെ സംബന്ധിച്ച് അല്ലാഹു ഇങ്ങിനെ അറിയിച്ചു "പിരടികൾക്കു മീതെയും അംഗങ്ങളിലും വെട്ടുവിൻ" (ഖു: ശ:)

അനന്തരം നബി (സ) അബൂബക്കർ സിദ്ദീഖ് (റ) ഒരുമിച്ചു പന്തലിൽനിന്നു ഇറങ്ങി സഹാബികളുടെ ഇടയിൽ നടന്നു പറഞ്ഞു. "അല്ലാഹുവാണെ സത്യം! ഇന്നു ഒരുവൻ ശത്രുവിനോടേററു പിന്തിരിഞ്ഞു ഓടാതെ യുദ്ധം ചെയ്യുകയും ക്ഷമയോടുകൂടി യുദ്ധ വിഷമങ്ങളെ സഹിക്കുകയും, അല്ലാഹുവിൽനിന്നുള്ള പ്രതിഫലത്തെ ആഗ്രഹിക്കുകയും ചെയ്യുന്നതായാൽ അവൻ തീർച്ചയായും സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതാണ്''. അപ്പോൾ അസ്ഹാബികൾ സ്വശരീരങ്ങളെ മറന്നു യുദ്ധംചെയ്തു. ഉമൈറബ്നൽ ഹമാം (റ) കാഫിറുകളിൽ ചാടിവീണു. ശഹീദാകുന്നതുവരെ പോരാടി. അനേകം ശത്രുക്കളെ അദ്ദേഹം വധിച്ചു. ഔഫബ്നു ഹാരിസ് (റ) നബി (സ) യോടു ചോദിച്ചു. "യാറസൂലല്ലാ! യുദ്ധത്തിൽ അല്ലാഹുവിനു പ്രിയപ്പെട്ട പ്രവൃത്തി എന്താകുന്നു". നബി (സ) പറഞ്ഞു "സ്വശരീരത്തെ തൃണവൽഗണിച്ചു യുദ്ധം ചെയ്യുക" അപ്പോൾ ഔഫ് (റ) അങ്കി കഴിച്ചു മാററിക്കൊണ്ടു പോരാടി ശഹീദായി

ഉക്കാശത്തുബ്നു മുഹ്സി (റ)ൻെറ വാൾ യുദ്ധത്തിൽ മുറിഞ്ഞുപോയി. അദ്ദേഹം നബി (സ) യുടെ സന്നിധിയിൽ ചെന്നു വിവരം അറിയിച്ചു. നബി (സ) ഒരു വിറകിൻെറ കൊള്ളി എടുത്തു ഇക്കാശത്തിന്നു കൊടുത്തു. അദ്ദേഹം അതു വാങ്ങി തൽക്ഷണം അതൊരു വാളായിത്തീൎന്നു. അദ്ദേഹം ആ വാൾ മരണംവരെ ഉപയോഗിച്ചു. അലി (റ) പറയുന്നു "ഞാൻ മൂന്നുപ്രാവശ്യം പന്തലിൽപോയി നബി (സ)യെ നോക്കി. അപ്പോഴൊക്കെയും നബി (സ) സുജൂദിൽ കിടന്നു പ്രാൎത്ഥിക്കുകയായിരുന്നു".

നബി (സ) യുദ്ധം മൂൎദ്ധന്യത്തിലെത്തികാണുകയാൽ പന്തലിൽനിന്നു ഇറങ്ങിവന്നു ഒരു പിടി മണ്ണുവാരി ശത്രുക്കളിലേക്കെറിയുകയും "അവരുടെ മുഖങ്ങൾ കറുത്തുപോകട്ടെ" എന്നു പറയുകയും ചെയ്തു. അല്ലാഹുവിൻെറ കാരുണ്യാതിരേകത്താൽ ആ മണ്ണിൽനിന്നു ഒരു തരിയെങ്കിലും എത്താതെ ഒരു കണ്ണും—ശത്രുക്കളുടെ—ഒഴിവായില്ല. എല്ലാവരും കണ്ണിൽനിന്നു മണ്ണു കളയുവാനുള്ള ശ്രമമായി. അസ്ഹാബികൾ ഈ സന്ദൎഭം ഒട്ടും പാഴാക്കാതെ അവരുടെ ജോലി പൂൎവ്വാധികം ഊൎജ്ജിതമാക്കി. തന്മൂലം നിരവധി കാഫിറുകളെ വധിക്കുകയും യോദ്ധാക്കളെ

രായ പലരെയും തടവുകാരാക്കുകയും ചെയ്തു. അല്ലാഹു കല്പിച്ചു "നിങ്ങളുടെ ഏറുകൊണ്ടു് അല്ലാഹു വലിയ ഫലംചെയ്തു" (വി: ഖു:) കാഫിറുകളിൽനിന്നു പിന്നീടു് ഇസ്ലാമായ ചിലർ പറയുന്നു "നബി (സ) എറിഞ്ഞ സമയം ആകാശത്തിൽനിന്നു ഒരു വലിയ ശബ്ദംകേട്ടു ഞങ്ങളുടെ ബുദ്ധി ഭ്രമിച്ചു കണ്ണുകൾ കാണാതായപ്പോൾ ഓടിയതാണു്". നബി വാൾപിടിച്ചു യുദ്ധക്കളത്തിലിറങ്ങി കാഫിറുകളെ ഓടിക്കുകയും "കാഫിറുകൾ ഭയപ്പെട്ടു ഓടുകയും മുസ്ലിംകൾ അവരെ പിന്തുടരുകയും ചെയ്യും" എന്ന ആയത്തിനെ ഓതുകയും ചെയ്തു.

നബി (സ) സഹാബാക്കളോടു കല്പിച്ചു "ഹാശിമിന്റെ സന്താനങ്ങളെ കൊല്ലരുതു് അറസ്റ്റ്ചെയ്യുക. ഹിശാമിന്റെ പുത്രൻ അബുൽബഹ്തരിയെ കൊല്ലേണ്ട. അയാൾ മക്കയിൽവെച്ചു നമ്മെ സഹായിച്ചിട്ടുണ്ടു്. എന്റെ പിതൃസഹോദരൻ അബ്ബാസിനേയും ഒഴിച്ചുവിടുക" ഇബ്നു അബ്ബാസ് (റ) പറയുന്നു "ബദർ യുദ്ധത്തിലൊഴികെ മലക്കുകൾ യുദ്ധം ചെയ്തിട്ടില്ല. നബി (സ) ക്കു പല യുദ്ധങ്ങളിലും മലക്കുകൾ ഇറങ്ങിയിട്ടുണ്ടു്. മലക്കുകൾ സഹായിക്കുക എന്നതു് നബി (സ) ക്കുള്ള ഒരു പ്രത്യേകതയാണു്" മലക്കുകൾ അധികം ഇറങ്ങിയതു് നബി (സ) യുടെ ബഹുമാനത്തിന്നുവേണ്ടിയാണു്. അല്ലാത്ത

പക്ഷം ജിബ്'രീ (അ) ലിൻെറ ചിറകുകളിൽനിന്നു ഒരു തൂവൽ ഈ ലോകം മുഴുവനും നശിപ്പിക്കുവാൻ ശക്തിയുള്ളതാണു്. ലൂത്തു് നബി (അ) ൻെറയും സാലിഹ് നബി (അ) ൻെറയും ശത്രുക്കളെ നശിപ്പിച്ച വിവരം ആലോചിക്കുക. അങ്ങിനെയുള്ള ശിക്ഷകൾ നബി (സ) യുടെ അനുയായികളായ നമ്മളിൽനിന്നു നബി (സ) മുഖേന അല്ലാഹു അകററിയിരിക്കുന്നു. യുദ്ധത്തിൽ നബി (സ) പ്രാർത്ഥിച്ചതു് കാഫിറുകളെ നശിപ്പിക്കേണമെന്നല്ല; പ്രത്യുത മുസ്'ലിംകളെ വിജയിപ്പിക്കേണമെന്നായിരുന്നു.

ഇബ്'നു അബ്ബാസ് (റ) പറയുന്നു "ഗഫാരി ഗോത്രക്കാരനായ ഒരാൾ എന്നോടു പറഞ്ഞു ബദർ യുദ്ധത്തിൽ ഞങ്ങളുടെ കൂട്ടർ ഓടുവാൻ തുടങ്ങി. ഞാനും എൻെറ പിതൃസഹോദരപുത്രനുംകൂടി ഓടി അടുത്തുള്ള ഒരു മലമേൽ കയറി സഹാബികൾ ഗനീമത്തു് പിടിച്ചെടുക്കുന്നതു് നോക്കിനില്ക്കുമ്പോൾ ഒരു മേഘം താഴ്'ന്നുവരുന്നതു കണ്ടു. അതിൽനിന്നു ചില ഭയങ്കരശബ്ദങ്ങളും "ഹൈസൂം * ഉളരട്ടേ" എന്ന മുദ്രാവാക്യവും കേട്ടു ഞങ്ങൾ ബോധരഹിതരായി നിലംപതിച്ചു. സഹോദരൻ മരിച്ചുപോയി. എനിക്കു കുറെ കഴിഞ്ഞപ്പോൾ ബോധം വന്നു."

* ഹൈസൂം ജിബ്'രീലി (അ) ൻെറ കുതിരയാണു്.

അബൂദാവൂദ്ദൽമാസിനീ (റ) പറയുന്നു "ബദർ യുദ്ധത്തിൽ ഞങ്ങൾ വാൾ ഓങ്ങുമ്പോൾ തലവീഴുന്നതായി കണ്ടു. അതു ഞങ്ങളുടെ വെട്ടുകൊണ്ടല്ല" ബദർ യുദ്ധത്തിൽ കൊല്ലപ്പെട്ട കാഫിറുകളുടെ കഴുത്തുകളും അംഗങ്ങളും മുറിഞ്ഞവരായിരുന്നു. അതു മലക്കുകളുടെ വെട്ടുകൊണ്ടാണ്. പ്രസ്തുത മുറിവുകൾ കറുത്ത നിറവുമായിരുന്നു. യുദ്ധസമയത്ത് ഒരു ശക്തിയായ കാററുവീശി. അടുത്തതായി രണ്ടാമതും, മൂന്നാമതും കാററുവീശി. ഇതു മലക്കുകളുടെ ആഗമനത്താൽ ഉണ്ടായതാണ്. ആദ്യം ജിബ്രീലും സൈന്യങ്ങളും, പിന്നീട് മീക്കാഈലും സൈന്യങ്ങളും, മൂന്നാമതു് ഇസ്റാഫീലും സൈന്യങ്ങളും ഇറങ്ങി.

കശ്ശാഫ് എന്ന തഫ്സീറി—ഖുർആൻ വിവരണത്തി—ൽ പറയുന്നു. "ജിബ്രീലും അബൂബക്കറും നബി (സ) യുടെ വലഭാഗത്തും, മീക്കാഈലും അലിയും ഇടഭാഗത്തും നിന്നു". അൻവാറുത്തൻസീൻ എന്ന ഗ്രന്ഥത്തിൽ പറയുന്നു "അല്ലാഹുത്തആല ബദർ യുദ്ധത്തിൽ ആയിരം മലക്കുകളെ ഇറക്കി. പിന്നീട് മുവ്വായിരം ആയി, പിന്നെ അയ്യായിരം ആയി. അവരുടെ തലപ്പാവുകൾ അന്നു വെള്ള, പച്ച മഞ്ഞ, കറുപ്പ്, ചുകപ്പ് എന്നീ വർണ്ണ

ങ്ങളായിരുന്നു'' മുസ്‌ലിംകൾ അന്നു മലക്കുകളെ പലപ്രകാരത്തിലും കണ്ടിരിക്കുന്നു. പോർക്കളത്തിന്നു മീതെ ആകർഷണീയമായ ചില പക്ഷികൾ പാറുന്നതു പലരും കണ്ടിട്ടുണ്ട്. ഇക്ക്‌രിമത്ത് പറയുന്നു ''ബദർ യുദ്ധത്തിൽ ചില കാഫിറുകളുടെ തലകൾ അററുവീഴുന്നതായി ഞാൻ കണ്ടു. വെട്ടുന്നവരെ കാണുകയുണ്ടായില്ല. ചിലരുടെ അംഗങ്ങളും ഇപ്രകാരം വീഴുന്നതായി കണ്ടു". ഉലമാക്കൾ അഭിപ്രായപ്പെടുന്നു "ബദർ യുദ്ധത്തിൽ മലക്കുകളുടെയും മനുഷ്യരുടെയും ഇടയിൽ അല്ലാഹുത്തആല മറ ഇട്ടില്ലായിരുന്നുവെങ്കിൽ മലക്കുകളുടെ യുദ്ധപരാക്രമങ്ങളാലും, അവരുടെ ശബ്ദത്തിൻെറ ശക്തിയാലും ജനങ്ങൾ മുഴുവനും നശിച്ചുപോകുമായിരുന്നു.''

മലക്കുകൾ ഇറങ്ങുന്ന സമയത്ത് ഇബ്‌ലീസി—സുറാകത്തി—ൻെറ കരം ഹാരിസ്ബ്നുഹിശാമിൻെറ കയ്യിലായിരുന്നു. ഇബ്‌ലീസ് കൈ വിടുവിച്ചു പിൻവാങ്ങുവാൻ ശ്രമിക്കുമ്പോൾ ഹാരീസ് ചോദിച്ചു "നിങ്ങൾ ഇതുവരെ ഞങ്ങളെ ധൈര്യപ്പെടുത്തി ഇപ്പോൾ നിങ്ങൾ പിൻവാങ്ങുന്നുവൊ?''

ഇബ്‌ലീസ്—"ഇപ്പോൾ നിങ്ങൾക്കില്ലാത്ത ചില കാഴ്ചകൾ എനിക്കുണ്ട്. ഞാൻ പോകട്ടെ".

ഹാരിസ്—"മദീനയിലെ ഖുഫാശ്ശ് എന്ന പക്ഷികളെയല്ലാതെ ഞാൻ ഒന്നും കാണുന്നില്ല. എന്തായാലും ഇപ്പോൾ നിങ്ങൾ ഞങ്ങളെ വിട്ടുപോകരുതു്". എന്നു പറഞ്ഞുകൊണ്ടു ഹാരിസ് സുറാകത്തിൻെറ കരം കൂടുതൽ ശക്തിയോടുകൂടി പിടിച്ചു. ഇബ്‌ലീസ് ഹാരിസിൻെറ നെഞ്ഞിന്നു കുത്തി മറിച്ചിട്ടുകൊണ്ടു് ഓടി. ഹാരിസ് ഇസ്‌ലാമായതിന്നു ശേഷമാണ് ബദറിലെ സുറാകത്തു് ഇബ്‌ലീസായിരുന്നു എന്നറിഞ്ഞതു്.

സുഹൈലീ ഇമാം (റ) പറയുന്നു "ബദറിൽ ശേഷിച്ച ഖുറൈശികൾ മക്കം സമീപിച്ചു. ചിലർ സാക്ഷാൽ സുറാകത്തിനെ കണ്ടു അന്വേഷിച്ചതിൽ "ഞാൻ ഒന്നും അറിയുകയില്ല" എന്നു പറഞ്ഞു ഇവർ ഇസ്‌ലാമായതിന്നുശേഷമാണ് സുറാക്കത്ത്-ബദറിലെ- ഇബ്‌ലീസായിരുന്നു എന്നു വിശ്വസിച്ചതു്". സുറാകത്തു് ഓടിപ്പോയതുകണ്ടു അബൂജഹൽ പറഞ്ഞു "ഖുറൈശികളെ! നിങ്ങളാരും സുറാകത്തിൻെറ ചതിയിൽ പെട്ടുപോകരുതു്. അവനും മുഹമ്മതുമായി ഇങ്ങിനെ കരാറുണ്ടായിരുന്നു. നിശ്ചയംതന്നെ—വാൾ ഉയർത്തിപ്പിടിച്ചുകൊണ്ടു—മുഹമ്മദിൻെറയും കൂട്ടരുടേയും തലകൾ ഈ വാൾ കൊണ്ടു

വീശിയല്ലാതെ ഞാൻ മടങ്ങുകയില്ല. അതു തീർച്ചയാണു''.

നബി (സ) സഹാബാക്കളോട്ട് ഇപ്രകാരം കല്പിച്ചു "നിങ്ങളിൽനിന്നു ഒരാൾ ഒരു കാഫിറിനെ വധിച്ചാൽ വധിക്കപ്പെട്ടവൻെറ വസ്ത്രം മാത്രമാണു് നിങ്ങൾക്കു ലഭിക്കുന്നതു്. നിങ്ങൾ ശത്രുക്കളെ അറസ്റ്റ് ചെയ്താൽ അവർ അറസ്റ്റ് ചെയ്യപ്പെട്ടവർ—അവരവർക്കുള്ളതാണു''. അതുകേട്ടു കാഫിറുകളിൽ നി ന്നു ലഭിക്കാവുന്ന യുദ്ധനഷ്ടം പ്രതീക്ഷിച്ചുകൊണ്ടു് അസ്ഹാബികൾ കാഫിറുകളെ തടവുകാരാക്കുന്നതിൽ വ്യാപൃതരായി. തത്സമയം സഅദുബ്നുമആദ് (റ) നബി (സ) യോടു പറഞ്ഞു "നബിയെ! കാഫിറുകളുമായി ആദ്യത്തെ യുദ്ധമാണല്ലൊ ഇതു്. ആയതിനാൽ കാഫിറുകളെ ആകെ വധിച്ചൊടുക്കിക്കളയുന്നതല്ലെ നല്ലതു്. എന്നാൽ ഇനി നമുക്കവരെ ഭയപ്പെടേണ്ടല്ലൊ?"

അബ്ബാസിനെ കണ്ടാൽ ഒഴിച്ചുവിടേണമെന്നു നബി (സ) കല്പിച്ച സമയം അബൂഹുദൈഫ (റ) പറഞ്ഞു "ഞങ്ങൾ പിതാവു്, പുത്രൻ, സഹോദരൻ എന്നിവരെ നിഷ്കരുണം വധിച്ച സ്ഥിതിക്കു് അബ്ബാസിനെ ഒഴിവാക്കുകയില്ല. എൻെറ കാഴ്ചയിൽപെട്ടാൽ ഞാൻ ഈ വാളു കൊണ്ടു കഥ കഴിക്കാം''. നബി (സ) ഹ: ഉമറിനോടായി

KOTTAYAM PUBLIC LIBRARY KOTTAYAM

പറഞ്ഞു "എന്നെ സഹായിച്ചിരുന്ന എൻെറ പിതൃസഹോദരനെ വധിക്കണമോ?" ഹ: ഉമർ "നബി (സ)യെ അനിഷ്ടമാക്കുന്നവൻ മുനാഫിക്കാ-കപടവിശ്വാസിയാ-ണ്. അവൻെറ തലവീശാൻ കല്പന തരിക". നബി (സ) വിരോധിച്ചു. അബൂഹുദൈഫ നബിയെ ധിക്കരിച്ചുകൊണ്ടു പറഞ്ഞതല്ല. അദ്ദേഹത്തിൻെറ പിതാവ് ഉത്ത്ബത്ത്, പിതൃസഹോദരൻ ശൈബത്ത്, സഹോദരൻ വലീദ് എന്നിവർ കൊല്ലപ്പെട്ടിരുന്നു. അബൂഹുദൈഫ (റ) പറഞ്ഞിരിക്കുന്നു "ഞാൻ അന്നു മനപൂർവ്വം പ്രവൃത്തിക്കാനായി പറഞ്ഞതല്ല. അവിചാരിതമായി എൻെറ വ്യസനാധിക്യത്താൽ ആലോചിക്കാതെ പറഞ്ഞുപോയതാണ്. എങ്കിലും ഞാൻ ശഹീദായല്ലാതെ ആ വ്യസനം എന്നെ വിട്ടുമാറുകയില്ല". അദ്ദേഹം പിന്നീട് മുസൈലിമത്തുൽകദ്ദാബുമായുണ്ടായ യുദ്ധത്തിൽ ശഹീദായി.

മജ്ദർ (റ) അബുൽബഹ്ത്തരിയെ കണ്ടെത്തി. മജ്ദർ പറഞ്ഞു "അബുൽബഹ്ത്തരി! നിങ്ങളെ കൊല്ലരുതെന്നു നബി [സ] കല്പിച്ചിരിക്കുന്നു. അതിനാൽ താങ്കളെ തടവുകാരനാക്കും". അബുൽബഹ്ത്തരി ഒരുമിച്ചു ജനാദത്തുബ്നമ ലീഹത്തും ഉണ്ടായിരുന്നു. അബുൽബഹ്ത്തരി പറഞ്ഞു "എൻെറ സ്നേഹിതൻ ജനാദത്തിനെയും ഒഴിവാക്കണം".

മജ്ദർ—"അതിന്നു കല്പനയില്ല".

ബഹ്ത്തരീ—"നിശ്ചയംതന്നെ അവനോടുകൂടി ഞാനും മരിക്കും. "ഇവൻ സ്നേഹിതനെ വധിക്കാൻ അനുവദിച്ചു സ്വന്തം ജീവനെ രക്ഷിച്ചവനാണെ"ന്നു മക്കയിലുള്ള സ്ത്രീകളോടുപോലും നീ തന്നെ പറയും. അത്തരം അന്യായം ഞാൻ ചെയ്യുകയില്ല". വാഗ്വാദം മൂഴത്തു തമ്മിൽ യുദ്ധംചെയ്തു. അബുൽബഹ്ത്തരിയെ മജ്ദർ (റ) വധിച്ചു. മജ്ദർ (റ) നബി (സ) യുടെ സന്നിധിയിൽ വന്നുപറഞ്ഞു. "യാറസൂലല്ല! അല്ലാഹുവാണെ അബുൽബഹ്ത്തരിയെ പിടിച്ചുകൊണ്ടുവരുവാൻ ഞാൻ വളരെ യത്നിച്ചു. അവൻ എന്നെ വധിക്കുവാൻതന്നെ ഒരുമ്പെട്ടു. അപ്പോൾ ഞാൻ അവനെ കൊന്നു".

അബൂബക്കർ സിദ്ദീഖി (റ) ൻെറ മകൻ കാഫിറുകളുടെ അണിയിലുണ്ടായിരുന്നു. ഖുറൈശികളിൽ അത്രധീരന്മാർ വേറെ ഉണ്ടായിരുന്നില്ല. അന്നു അദ്ദേഹത്തിൻെറ പേർ അബ്ദുൽകഅബത്തു് എന്നായിരുന്നു മകനെ കാഫിറുകളുടെ ചേരിയിൽ കണ്ടപ്പോൾ ഹസ്രത്തു് സിദ്ദീഖ് (റ) വാൾ ഊരിക്കൊണ്ടു നേരിടുവാൻ ശ്രമിച്ചപ്പോൾ നബി (സ) മടക്കി വിളിച്ചു സമാധാനിപ്പിച്ചു.

ഈ വിഷയത്തിൽ ഖുർആൻ അറിയിച്ചു "സത്യവിശ്വാസികളെ! നിങ്ങളുടെ രക്ഷക്കുവേണ്ടി നിങ്ങളെ റസൂൽ വിളിച്ചാൽ അല്ലാഹുവിനും റസൂലിന്നും വേണ്ടി നിങ്ങൾ അനുസരിക്കുവിൻ". അബൂ ഉബൈദത്തു് (റ) നോട്ടു് അദ്ദേഹത്തിൻെറ പിതാവു് ജറാഹു് എതിർത്തു. ആദ്യം പിൻവാങ്ങി. വീണ്ടും നേരിട്ടപ്പോൾ യുദ്ധംചെയ്തു പിതാവിനെ വധിച്ചു. ഇതിനെ സംബന്ധിച്ചു ഖുർആനിൽ അറിയിച്ചു. "അല്ലാഹുവിനോടും അവൻെറ റസൂലിനോടും എതിക്കുന്നവരുടെ ശരീർങ്ങളെ സത്യവിശ്വാസികൾ ഗണിക്കുന്നതായി നിങ്ങൾ കാണുകയില്ല. ശത്രുക്കൾ അവരുടെ മാതാപിതാക്കന്മാരോ, പുത്രന്മാരോ, സഹോദരന്മാരോ, സിൽബന്ധികളോ ആവട്ടെ".

അബ്ദുറഹിമാനു ബ്നു ഔഫ്. (റ) പറയുന്നു "ബദർ യുദ്ധത്തിൽ ഉമയ്യത്തു്ബ്നു ഖലഫിനെ ഞാൻ കണ്ടു. അവൻെറ പുത്രൻ അലിയുംകൂടിയുണ്ടു്. ഞാൻ മുമ്പു് ഉമയ്യത്തിൻെറ സ്നേഹിതനായിരുന്നു. അപ്പോൾ എൻെറ പക്കൽ ഞാൻ കൊന്ന കാഫിറുകളുടെ അങ്കികൾ ഉണ്ടായിരുന്നു. എന്നെ അവൻ കണ്ടു "യാഅബ്ദു: അംറ്" എന്നു വിളിച്ചു. ഞാൻ ഉത്തരം ചെയ്തില്ല. "യാ അബ്ദുൽ ഇലാഹ്" എന്നു വിളിച്ചു. ഞാൻ ഉത്തരം ചെയ്തു. ഞാൻ

കാഫിറായിരുന്നപ്പോൾ അബ്ദ് അംറ് എന്നായിരുന്നു പേർ. നബി (സ) അബ്ദുറഹ്മാൻ എന്നു നാമകരണം ചെയ്തു. ഉമയ്യത്ത് പറഞ്ഞു "താങ്കൾക്കു എന്നെ രക്ഷിക്കുവാൻ കഴിയുമോ? എന്നാൽ ഈ അങ്കികൾ ചുമക്കുന്നതിനേക്കാൾ ലാഭമാവും". ഞാൻ അങ്കികൾ എറിഞ്ഞു കളഞ്ഞു് അവൻെറയും മകൻെറയും കൈ പിടിച്ചു നടന്നു. ഉമയ്യത്ത് ചോദിച്ചു "നിങ്ങളുടെ കൂട്ടത്തിൽ അങ്കിയുടെ മുകളിൽ പക്ഷിത്തൂവൽകൊണ്ടു അടയാളം കെട്ടിയിരിക്കുന്നതു് ആരാണു്". ഞാൻ പറഞ്ഞു "അതു ഹംസത്ത്ബ്നു അബ്ദുൽമുത്തലിബ് (റ) ആകുന്നു". ഉമയ്യത്ത്:— "എനിക്കു യുദ്ധത്തിൽ അദ്ദേഹത്തെ മധസ്സിലായില്ല ഞങ്ങളോടു—കാഫിറുകളോടു—ഏററവും നിഷ്ഠൂരമായി പ്രവർത്തിച്ചതു് അദ്ദേഹമായിരുന്നു". ഇവരെയും കൊണ്ടു ഞാൻ നടന്നുപോകുമ്പോൾ ബിലാൽ (റ) കണ്ടു. ഹ: ബിലാൽ മക്കയിലായിരുന്നപ്പോൾ മതം മാറുവാനായി ഉമയ്യത്ത് വളരെ ഉപദ്രവിച്ചിരുന്നു. ബിലാലിനെ ചുട്ടു് പഴുത്ത മണലിൽ കമിഴ്ത്തിക്കിടത്തി ഭാരവും ചൂടുമുള്ള കരിങ്കല്ല് ബിലാലിൻെറ നെഞ്ചത്തു കയററിവെച്ചു മർദ്ദിച്ചിരുന്നു. ഞങ്ങളെ കണ്ട ഉടനെ ബിലാൽ വിളിച്ചു. 'റസൂലിൻെറ സഹായികളെ! കാഫിറുകളുടെ നേതാവു്

ഉമയ്യത്ത് ഇതാ! ഇവൻ രക്ഷപ്പെട്ടാൽ ഞാൻ രക്ഷപ്പെടുകയില്ല". അപ്പോൾ ഞാൻ ചോദിച്ചു "ഞാൻ അറസ്റ്റ് ചെയ്തുവരെ നിങ്ങൾ ഉപദ്രവിക്കുന്നുവോ?" "ഇവൻ രക്ഷപ്പെട്ടാൽ ഞാൻ രക്ഷപ്പെടുകയില്ല'' എന്നു പറഞ്ഞു് ബിലാൽ വീണ്ടും വിളിച്ചു. വിളികേട്ടു് ചില സഹാബികൾ ഓടിയെത്തി. ബിലാൽ തൻെറ വാൾ വലിച്ചു അലിയുടെ കാലിന്നു് വെട്ടി അവൻ വീണു. ഉമയ്യത്ത് ഭയപ്പെട്ടുകൊണ്ടു ഒന്നു് അട്ടഹസിച്ചു. ഉമയ്യത്തിനോടു താഴെ കിടക്കുവാൻ ഞാൻ പറഞ്ഞു. അവൻ അങ്ങിനെ കിടക്കുകയും ഞാൻ അവൻെറ മീതെ കിടക്കുകയും ചെയ്തു. എന്നിട്ടും സഹാബികൾ എൻെറ അടിയിൽക്കൂടി വാൾ കടത്തി ഉമയ്യത്തിനെ കൊന്നു. അവരിൽ ഒരാളുടെ വാൾ എൻെറ കാലിന്നുതട്ടി സ്വല്പം മുറിഞ്ഞു. ബിലാൽ (റ), മആദ്ബ്നു അഫ്റാഅ് (റ), ഖാരിജത്ത്ബ്നു സൈദ് (റ), ഹബീബ്ബ്നു അസാഫ് (റ) എന്നിവരായിരുന്നു ഉമയ്യത്തിനെ വധിച്ചതു്. അമ്മാറുബ്നുയാസിർ (റ), ഹബീബ്ബ്നു അസാഫ് (റ) എന്നിവരായിരുന്നു ഉമയ്യത്തിൻെറ പുത്രൻ അലിയെ വധിച്ചതു്. ഞാൻ പറഞ്ഞു "ബിലാലെ! അല്ലാഹു നിങ്ങളെ രക്ഷിക്കട്ടെ. എൻെറ അങ്കികളെ നിങ്ങൾ കളഞ്ഞു. എൻെറ

തടവുകാരെ നിങ്ങഠം വധിക്കുകയാൽ എന്നെ വേദനിപ്പിക്കുകയും ചെയ്തു''.

നബി (സ) ചോദിച്ചു "ഖുവൈലിദ്ദ മകൻ നൌഫലിനെ ആരെങ്കിലും കണ്ടുവോ" ഹ: അലി പറഞ്ഞു ''ഞാൻ അവനെ കൊന്നു നബി (സ) മൌനമവലംബിച്ചു. പ്രസ്തുത നൌഫൽ യുദ്ധത്തിന്നായി ഇരുഭാഗവും അണിനിരന്ന സമയം മുസ്‌ലിംകളെ വളരെ ആക്ഷേപിച്ചിരുന്നു.

## അബൂജഹലിൻെറ അന്ത്യരംഗങ്ങഠം.

അബ്ദുറഹിമാനുബ്നു ഔഫ് (റ) പറയുന്നു "അൻസാരികളായ രണ്ടു യുവാക്കഠം എൻെറ ഇടത്തും വലത്തും ഉണ്ടായിരുന്നു. അവരിൽ വലഭാഗത്തുണ്ടായിരുന്ന യുവാവ് മററ ആഠം കേഠംക്കാതെ എന്നോടു ചോദിച്ചു "ഹിശാമിൻെറ മകൻ അബൂജഹലിനെ അറിയുമോ?" ഞാൻ പറഞ്ഞു ''അറിയും'' "അവൻ നബി (സ) യെ വളരെ ഉപദ്രവിച്ചതായി അറിയുന്നു. അവനെ കണ്ടാൽ ഞങ്ങളുടെ അവസാനംവരെ അവനുമായി പൊരുതും" എന്നു പറഞ്ഞു. എൻെറ ഇടഭാഗത്തുണ്ടായിരുന്ന യുവാവും ഇപ്രകാരം സ്വകാര്യമായി ചോദിച്ചറിഞ്ഞു. അബൂജാഹിലിനെ വധിക്കാനുള്ള അവരുടെ ഉത്സാഹം കണ്ടു ഞാൻ ആശ്ചര്യഭരിതനായിപ്പോയി. അപ്പോഠം

കാഫിറുകളുടെ കൂട്ടത്തിൽ ഒരു ഭാഗത്ത് അബൂജഹലി നെ ഞാൻ കണ്ടു. നിങ്ങൾ രണ്ടുപേരും അന്വേഷിക്കുന്ന ആൾ അതാ'' എന്നു ഞാൻ അബൂജഹലിനെ ചൂണ്ടിക്കൊണ്ടു യുവാക്കളോടു പറഞ്ഞു. അവർ ഞാൻ എന്ന വാശിയോടുകൂടി ഓടി അടുത്തു. അവർ രണ്ടുപേരുംകൂടി അബൂജഹലിനെ വീഴ്ത്തി. അവർ രണ്ടുപേരുംകൂടി നബി (സ)യുടെ സന്നിധിയിൽ വന്നു അബൂജഹലിനെ കൊന്നു എന്നറിയിച്ചു. ആരാണ് കൊന്നതെന്ന് നബി (സ) ചോദിച്ചതിന്ന് ഞാൻ എന്നു രണ്ടുപേരും പറഞ്ഞു. നബി (സ) വീണ്ടും ചോദിച്ചു: "നിങ്ങളുടെ വാളുകൾ തുടച്ചുവോ?"

യുവാക്കൾ—"ഇല്ല''.

നബി (സ) അവരുടെ വാളുകൾ പരിശോധിച്ചതിൽ രണ്ടിന്മേലും രക്തം പുരണ്ടതായി കണ്ടു.

മ ആദ്ബ്നു അംറ് (റ) അബൂജഹലുമായി ഏറ്റുമുട്ടുകയുണ്ടായി. മ ആദ് (റ) പറയുന്നു "ഞാൻ ഖുറൈശികളുടെ ഇടയിൽ അബൂജഹലിനെ കണ്ടു. ഖുറൈശികൾ ജഹലിനെ സൂക്ഷിച്ചുകൊണ്ടു നാലുവശത്തും നില്ക്കുന്നുണ്ടായിരുന്നു. ഞാൻ അബൂജഹലിനോട് എതിരിടുവാൻ സമയം പ്രതീക്ഷിക്കുകയായിരുന്നു. സന്ദർഭം ലഭ്യമായപ്പോൾ ഞാൻ കണങ്കാലിന്നു വെട്ടി. അപ്പോൾ

അബുജഹലിൻെറ പുത്രൻ ഇക്ക്‌രിമത്ത് * എൻെറ തോളിലും വെട്ടി. ആ വെട്ടേററ എൻെറ കൈ വെറും തൊലിയിൽ മാത്രം തൂങ്ങിക്കിടക്കേണ്ടതായിവന്നു. പകൽ മുഴുവനും ആ സ്ഥിതിയിൽനിന്നുതന്നെ ഞാൻ യുദ്ധം ചെയ്തു. വേദനയധികരിച്ചപ്പോൾ ആ കൈയെ കാലുകൊണ്ടു ചവിട്ടിപിടിച്ചു ഞാൻ ദേഹത്തിൽ നിന്നും വേർപ്പെടുത്തുകയാണു് ചെയ്തതു്. ആ കൈയും എടുത്തുകൊണ്ടു ഞാൻ നബി (സ) യുടെ സന്നിധിയിൽ ചെന്നു. നബി (സ) കൈയെ പൂർവ്വ സ്ഥാനത്തുവെച്ചു തൃക്കൈകൊണ്ടു തലോടി. എൻെറ വെട്ടുകൊണ്ട കൈ പൂർവ്വാധികം ശക്തിപ്പെട്ടു. (ഇദ്ദേഹം ഹസ്രത്ത് ഉസ്മാൻെറ ഖിലാഫത്തു് കാലംവരെ ജീവിച്ചിരുന്നു)

കാഫിറുകൾ ഭൂരിപക്ഷവും ഓടി. യുദ്ധക്കളത്തിൽ അബൂജഹലിനെ നോക്കുവാൻ നബി (സ) കല്പിച്ചു. സഹാബികൾ അന്വേഷണം ആരംഭിച്ചു. അബ്ദുല്ലാഹിബ്‌നു മസ്ഊദ് (റ) അന്ത്യശ്വാസം വലിക്കുന്ന അബൂജഹലിനെ കണ്ടെത്തി. ഇബ്‌നുമസ്ഊദ് (റ) പറയുന്നു

---

* ഇക്ക്‌രിമത്ത് അന്നു കാഫിറായിരുന്നു. മക്കാവിജയ-ഫത്ഹ്‌മക്ക—ത്തിൽ ഇസ്‌ലാമായി.

"ഞാൻ അബൂജഹലിന്റെ കഴുത്തിൽ ചവുട്ടിക്കൊണ്ട് ചോദിച്ചു അല്ലാഹുവിന്റെ ശത്രുവേ! അല്ലാഹു നിന്നെ നിസ്സാരനാക്കിയില്ലയോ?"

അബൂജഹൽ—"അക്കാരീങ്ങൾ-കൃഷകർ-എന്നെ എത്തിയതിൽ എനിക്കു വ്യസനമുണ്ട്. അതിരിക്കട്ടെ. ഇപ്പോൾ യുദ്ധത്തിൽ ജയം ആർക്കാണ്" അൻസാരികളെയാണ് ജഹൽ അക്കാരീങ്ങൾ എന്നു പറഞ്ഞത്. ഞാൻ പറഞ്ഞു:—"വിജയം അല്ലാഹുവിന്നും അവന്റെ റസൂലിന്നുമാണ്".

അബൂജഹൽ—"നിങ്ങളിൽ ചില പ്രത്യേക കൂട്ടർ ഉണ്ടല്ലൊ? അതാരാണ്".

ഞാൻ—"അതു മലക്കുകളാണ്".

അബൂജഹൽ—"അതു പറയുക. നിങ്ങൾ എന്നോടു ജയിച്ചിട്ടില്ല". അപ്പോൾ ഞാൻ അവന്റെ നെഞ്ചിൽ കയറിനിന്നു. അബൂജഹൽ പറഞ്ഞു "എടാ! ചെറിയ ഇടയാ! നീ ഇപ്പോൾ ഒരു പൊന്തിയ സ്ഥലത്താണ് നിൽക്കുന്നത്" ഇതു കേട്ടപ്പോൾ ഞാൻ എന്റെ വാളുകൊണ്ടു ജഹലിന്റെ കഴുത്തിന്നു വെട്ടി. ലേശം പോലും ഫലിക്കുന്നില്ല.

# ജഹലിൻെറ അന്ത്യവാക്കുകൾ.

അബൂ ജഹൽ പറഞ്ഞു "എത്രയോ അടിമകൾ എത്രയോ യജമാനന്മാരെ കൊന്നിരിക്കുന്നു. എന്നാൽ ഒരു എളിയവൻെറ കയ്യാൽ മരിക്കുന്നല്ലൊ എന്നുള്ളതാണു് എനിക്കിപ്പോഴുള്ള ഏററവും വലിയ വ്യസനം. എൻെറ ഘാതകൻ ഖുറൈശികളിലുള്ള ഒരു പ്രമാണിയായിരിക്കുന്നതിന്നു ഞാൻ ആഗ്രഹിക്കുന്നു. മുഹമ്മദിനോടു് പറയണം ഞാൻ അവൻെറ ശത്രുവാണെന്നു്. ഈ സന്ദർഭത്തിൽ അതു് കൂടുതൽ ഉറപ്പായിരിക്കുന്നു. എൻെറ വാൾ ഇതാ (വാൾ കൊടുത്തുകൊണ്ടു്) ഇതുകൊണ്ടു വെട്ടുക. എൻെറ കഴുത്തു് നീട്ടി മുറിക്കുക. മുഹമ്മദു കണ്ടാൽ ഒന്നു നടുങ്ങുവാനായി!!" അങ്ങിനെ സ്വന്തം വാളുകൊണ്ടു തന്നെ ജഹലിൻെറ തലവെട്ടി. ഞാൻ നബി (സ)യുടെ സന്നിധിയിൽ കൊണ്ടുപോയി. നബി (സ) യോടു് സർവ്വ വിവരങ്ങളും പറഞ്ഞുകേൾപ്പിച്ചു. നബി (സ) ശുക്ക്റിൻെറ സുജൂദ് ചെയ്തു. നബി (സ) പറഞ്ഞു "ഞാൻ മുർസലുകളിൽ ശ്രേഷ്ഠനും എൻെറ അനുയായികൾ അനുയായികളിൽവെച്ചു ശ്രേഷ്ഠരും എൻെറ ശത്രു ശത്രുക്കളിൽ ശ്രേഷ്ഠനും ആകുന്നു. മൂസാനബി (അ) യുടെ ശത്രു മുങ്ങി ഹലാക്കാകു—നശിക്കു—മ്പോഴെങ്കിലും "ബനൂ ഇസ്രായിൻ വിശ്വസിച്ചവനെക്കൊണ്ടു ഞാൻ വിശ്വസിക്കുന്നു"

എന്നു പറഞ്ഞു എൻെറ ശത്രു മരണസമയത്ത് ശത്രുതെ ത്തെ വർദ്ധിപ്പിച്ചു" നബി (സ) അരുളിച്ചെയ്തിരിക്കുന്നു "എല്ലാ പ്രവാചകന്മാർക്കും ശത്രുക്കളുണ്ട്. എൻെറ ശത്രു അബൂജഹലാണു്" ഇബ്നുമസ് ഊദ് തുടർന്നു പറയുന്നു "അനന്തരം ഞാനും നബി (സ) യും കൂടി അബൂജഹലിൻെറ മൃതദേഹം കാണുവാനായിപ്പോയി. യുദ്ധവസ്ത്രം കഴിച്ചുനോക്കിയതിൽ നീരുവന്നു വീർത്തതായും കറുത്ത ചില കലകളുള്ളതായും കണ്ടു".

കാഫിറുകളുടെ ശവങ്ങൾ വലിച്ചു ഒരു കുഴിയിൽ ഇടുവാൻ നബി (സ) കല്പിച്ചു. അതനുസരിച്ചു ഉമയ്യത്തിൻെറ ശവം വലിച്ചതിൽ നീരുവന്നു വീർത്തിരിക്കയാലും മററും അംഗങ്ങൾ വേർപെട്ടു. അതുകൊണ്ടു അവിടെത്തന്നെ മണ്ണിട്ടുമൂടി. നബി (സ) പ്രസ്തുത കുഴിയുടെ അടുക്കൽ ചെന്നു ഇങ്ങിനെ പറഞ്ഞു "കുഴിയിൽ കിടക്കുന്നവരെ! നിങ്ങൾ നിങ്ങളുടെ നബിയുടെ അടുത്ത കുഡുംബങ്ങൾ അല്ലയോ? നിങ്ങൾ എന്നെ അവിശ്വസിച്ചു മററുള്ളവർ എന്നെ വിശ്വസിക്കയാണു് ചെയ്തതു്". പിന്നീട് നബി (സ) ഓരോരുത്തരുടേയും പേരുകൾ വിളിച്ചുചോദിച്ചു "അല്ലാഹുത്തആലായുടെ വാഗ്ദത്തം സത്യമാണെന്നു നിങ്ങൾക്കിപ്പോൾ മനസ്സിലായില്ലേ". യുദ്ധം തുടങ്ങി മൂന്നു ദിവസത്തിന്നുശേഷമാണു് നബി (സ) കുഴി

യുടെ അടുക്കൽ ചെന്നു സംസാരിച്ചതു്. ഈ സന്ദർഭത്തിൽ ഉമർ (റ) ചോദിച്ചു "അങ്ങു് മൃതശരീരങ്ങളോടു് സംസാരിക്കുന്നുവോ?" നബി (സ) പറഞ്ഞു "എൻെറ വാക്കുകൾ നിങ്ങൾ കേൾക്കുംപോലെ വ്യക്തമായി അവർ കേൾക്കുന്നു. പക്ഷെ മറുപടി പറയുവാൻ അവൎക്കു സാദ്ധ്യമല്ല"

കുസ്തലാനി ഇമാം മവാഹിബു് എന്ന ഗ്രന്ഥത്തിൽ പറയുന്നു "ബദറിൽ രാജാക്കന്മാരുടെ സമരധ്വനിപോലെ ഒരു ശബ്ദം ഇന്നും കേൾക്കാം. അതു സത്യവിശ്വാസികളെ സഹായിക്കുവാനാണു്. ഞാൻ പരീക്ഷിക്കുവാനായി ബദറിൽ പോയി. സംശയംകൂടാതെ ഞാൻ ആ ശബ്ദംകേട്ടു". ഈ ശബ്ദം എല്ലാവരും കേൾക്കയില്ലെന്നും പറയുന്നുണ്ടു്. ഹുസൈനിബ്നു മുഹമ്മദുട്ടിയാർബക്കരി (റ) പറയുന്നു "ഞാൻ സൂക്ഷ്മം അറിയുവാനായി ഹിജറ 956-ൽ മദീനയിൽനിന്നും മക്കയിലേക്കു് പോകുമ്പോൾ ബദറിൽ ഇറങ്ങി ഒരു ദിവസം അവിടെ താമസിച്ചു. ശഅബാൻ മാസത്തിലെ ആദ്യത്തെ ബുധനാഴ്ച രാവിലെ സുബഹി നമസ്കാരാനന്തരം ശബ്ദം കേൾക്കുന്ന സ്ഥലത്തേക്കുപോയി. എൻെറ കൂടെ സ്ത്രീകളും പുരുഷന്മാരുമായി നൂറിൽപരം ആളുകളുണ്ടു്. ഒരു കുന്നിൻ മുകളിൽനിന്നാണു് പ്രസ്തുത ശബ്ദം കേൾക്കുന്നതു്.

ഞാനും മററ യാത്രക്കാരും കുന്നിൽ മുകളിൽ കയറി. യാതൊന്നും കേൾക്കുന്നില്ല. ഞങ്ങൾ ഇറങ്ങുവാൻ തുടങ്ങിയപ്പോൾ കേട്ടുതുടങ്ങി. യുദ്ധത്തിലെ ബേൻറടിപോലെ ഒരു ശബ്ദം ഞങ്ങൾ എല്ലാവരും കേട്ടു''.

മക്കയിൽവെച്ചു നബിയിൽ വിശ്വസിച്ച ചിലർ സിൽബന്ധികളെ ഉദ്ദേശിച്ചു ഹിജറപോകാതിരിക്കുകയും അവർ ബദർ യുദ്ധത്തിൽ കാഫിറുകളുടെ ഭാഗത്തുവന്നു കൊല്ലപ്പെട്ടുകയും ചെയ്തു. ഇതിനെ ഖുർആനിൽ പറയുന്നു "നബിയിൽ വിശ്വസിക്കുകയും ഹിജറ ഉപേക്ഷിച്ചുകൊണ്ടു കാഫിറുകളുമായി യോജിക്കുകയും ചെയ്തുകൊണ്ടു തങ്ങളുടെ ശരീരത്തോടുതന്നെ തെററുചെയ്ത കൂട്ടരെ വധിക്കുമ്പോൾ മലക്കുകൾ ചോദിച്ചു ''നിങ്ങൾ ഏതു വഴിയായിരുന്നു" അവർ പറഞ്ഞു "മക്കയിൽനിന്നു മതത്തിന്നായി ഒഴിച്ചുപോരുവാൻ ഞങ്ങൾക്കു കഴിഞ്ഞില്ല''. മലക്കുകൾ പറഞ്ഞു "കാഫിറുകളുടെ രാജ്യം വിട്ടു പോകുവാൻ അല്ലാഹുവിൻെറ ഭൂമിയിൽ നിങ്ങൾക്കു സ്ഥലമുണ്ടായില്ലേ" "ഇവരുടെ വാസസ്ഥലം നരകംതന്നെ". ഇവർ ഹാരിസ്ബ്നു സംഅത്ത്, അബുകൈസ്ബ്നുൽ ഫാക്കിഹ്, അബുകൈസ്ബ്നുൽ വലീദ്, അലി

യ്യിബ്നു, ഉമയ്യത്ത്, ആസിബ്നു, മുനബ്ബഹ് ഇവർക
ളാകുന്നു.

ബദർ യുദ്ധത്തിൽ മലക്കുകൾ പല പ്രകാരത്തിലും സഹായിച്ചിരുന്നു. അബൂജഹലിനെ വധിച്ചതിൽ പ്രധാന പങ്ക് വഹിച്ചതു് മലക്കുകളാണെന്ന് നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു. കഅബ്ബ്നു അംറൽ അൻസാരി (റ) അബ്ബാസിനെ പിടിച്ചുകെട്ടി. അബ്ബാസ് വലിയ ശരീരമുള്ള ഒരാളായിരുന്നു. ജനങ്ങൾ ചോദിച്ചു "ഇത്രയും ഭീമകായനായ നിങ്ങളെ അശക്തനായ കഅബ് എങ്ങിനെ ബന്ധനസ്ഥനാക്കി". എന്നു അബ്ബാസ് പറഞ്ഞു "ഞാൻ മുമ്പെങ്ങും കണ്ടിട്ടില്ലാത്ത പുലിയെപോലെയുള്ള ഒരു മനുഷ്യൻ കറുപ്പും വെള്ളയും നിറമായ ഒരു കുതിരപ്പുറത്തു വന്നു എന്നെ അറസ്റ്റ്ചെയ്തു". നബി (സ) പറഞ്ഞു "അതു മലക്കായിരുന്നു".

നിരവധി കാഫിറുകളെ ബന്ധനസ്ഥരാക്കി. ബന്ധനസ്ഥനായ അബ്ബാസിൻെറ ദീനശബ്ദങ്ങൾ നബി (സ)ക്കു് നിദ്രാഭംഗം വരുത്തി. ഒരു സഹാബി ചെന്നു് അബ്ബാസിൻെറ കെട്ടുകൾ അയച്ചു കെട്ടിയതിനാൽ അബ്ബാസ് ഉറങ്ങാൻ തുടങ്ങി. അബ്ബാസിൻെറ ശബ്ദം കേൾക്കാതായപ്പോൾ അതിനുള്ള കാരണമെന്താണെന്ന് നബി (സ) അന്വേഷിച്ചു. കെട്ടുകളെ അയച്ചുകെട്ടിയ

വിവരം സഹാബി അറിയിച്ചപ്പോൾ അപ്രകാരം എല്ലാവരുടേയും കെട്ടുകൾ അയച്ചു കെട്ടുവാൻ നബി (സ) ആജ്ഞാപിച്ചു. എല്ലാവരോടും സൌമ്യമായും, സമമായും പെരുമാറുന്ന തിരുമേനിയുടെ സ്വഭാവത്തിന്ന ഇത്തരം സന്ദർഭങ്ങളിൽപോലും വ്യത്യാസമുണ്ടായിരുന്നില്ല.

ഈ യുദ്ധത്തിൽ ശത്രുപക്ഷത്തു് എഴുപതു് പേർ കൊല്ലപ്പെട്ടുകയും എഴുപതുപേരെ തടവുകാരാക്കപ്പെട്ടുകയും ചെയ്തു. ബന്ധനസ്ഥരിൽ പ്രധാനികൾ അബ്ബാസ്, ഉകൈൽ, നൌഫൽ എന്നിവരായിരുന്നു. ഇവർ മൂന്നുപേരും പിന്നീട് ഇസ്ലാമായി.

## ബദറിലെ രക്തസാക്ഷികൾ.

ബദർ യുദ്ധത്തിൽ പതിനാല് സഹാബികൾ ശഹീദായിരിക്കുന്നു. അവർ ആറ് മുഹാജിറുകളും എട്ട് അൻസാരികളുമാണ്. മുഹാജിറുകൾ (1) ഉബൈദത്ത് (റ) ഉത്ബത്തിൻെറ കാലിന്ന രണാങ്കണത്തിൽ വെച്ചു മുറിപറ്റുകയും സഫ്രായിൽവെച്ചു ശഹീദാവുകയും ചെയ്തു. (2) മിഹ്ജഅ് (റ) ഇദ്ദേഹമാണ് പോക്കളത്തിൽവെച്ചു ആദ്യം ഹഹീദായതു് (3) ഉമൈർ (റ) [4] യസീദ് (റ) [5] സഫ്വാൻ (റ) [6] ദുശ്ശിമാലൈനി (റ)

അൻസാരികൾ [1] ഔഫ് (റ) [2] മുഅവ്വദ് (റ) [3] ഹാരിസ് (റ) [4] യസീദ് (റ) [5] റാഫിഅ് (റ) [6] ഉമൈർ (റ) [7] സഅദ് (റ) [8] മുബശ്ശിർ (റ) "ഇന്നാലില്ലാഹി ഒഇന്നാ ഇലൈഹി റാജിഊന—നാം അല്ലാഹുവിൽ നിന്നുള്ളവരാണ്. നാം അവങ്കലേക്ക് മടങ്ങുന്നവരുമാണ്—(ഖു: ശ:) വിശുദ്ധ ഖുർആനിൽ പറയുന്നു "ലൊതഖൂലൂ ലിമന്യുക്തലു ഫീ സബീലില്ലാഹി അംവാതുൻ ബൽ അഹ്‌യാ ഉൻ..."—"അല്ലാഹുവിൻെറ വഴിയിൽ കൊല്ലപ്പെട്ടവർ മരിച്ചുപോയവരാണെന്ന് നിങ്ങൾ പറയരുത്. അവർ—കൊല്ലപ്പെട്ടവർ—അല്ലാഹുവിങ്കൽ ജീവിച്ചിരിക്കുന്നവരാകുന്നു"—(ഖു: ശ:)

ബദറിലെ മുസ്‌ലിം രക്തസാക്ഷികളെ!

നിങ്ങളുടെ നാമങ്ങൾ ചരിത്രത്തിൽ തങ്കലിപികളാൽ ലിഖിതമാക്കി. ഇസ്‌ലാമിന്നായി ആത്മാർപ്പണം ചെയ്ത ധീരന്മാരുടേയും, ത്യാഗികളുടേയും മുൻപന്തിയിൽ നിങ്ങൾ നിലകൊള്ളുന്നു.

ഇസ്‌ലാമിനെ ലോകരംഗത്തുനിന്നു നിർമ്മാർജ്ജനം ചെയ്യുവാനായി—വിശാലത്തെ അന്ധകാരത്തിൻെറ അഗാധതയിലേക്ക് അധഃപതിപ്പിക്കുവാനായി—ശത്രുക്കൾ ചെയ്ത സംരംഭത്തെ നിങ്ങൾ സ്വദേഹങ്ങളെ അല്ലാഹുവിന്നായി ബലിയറവെച്ചു് ചെറുത്തില്ലായിരുന്നുവെങ്കിൽ.....ആ രംഗം ഓർത്തുക്കൂടാ!........

മഹാത്മാക്കളെ!

നിങ്ങളെക്കുറിച്ചുള്ള മതിപ്പും, ബഹുമാനവും, ആദരവും ഞങ്ങളുടെ ഹൃദയങ്ങളിൽ തിങ്ങി നിറഞ്ഞിരിക്കുന്നു.

യുദ്ധത്തിൽ പിടിക്കപ്പെട്ട സ്വത്തുക്കൾ അവരവർക്കുള്ളതാണെന്ന് ചിലരും, അതെല്ലാവർക്കുമുള്ളതാണെന്ന് മററു ചിലരും വാദിച്ചു. ഇതിനെ സംബന്ധിച്ച് ഖുർആനിൽ പറയുന്നു "യുദ്ധത്തിൽ കിട്ടിയ അൻഫാലി * നെ സംബന്ധിച്ച് അവർ പരസ്പര വിരുദ്ധമായി നിങ്ങളോട് ചോദിക്കുന്നു പറയുക! അൻഫാൽ അല്ലാഹുവിനും അവൻെറ റസൂലിനുമാകുന്നു". നബി (സ) ആ—സ്വത്തുക്കൾ—എല്ലാവർക്കും ഭാഗിച്ചുകൊടുത്തു.

ഇബ്നു ഇസ്ഹാക്ക് (റ) പറയുന്നു "ബദർ നബിക്കു കീഴടങ്ങി. വിജയം അറിയിക്കുവാനായി നബി (സ) അബ്ദുല്ലാഹിബ്നു റവാഹത്തിനെ മദീനയിലേക്കും സൈദ്ബ്നുഹാരിസിനെ സാഇലത്ത് എന്ന സ്ഥലത്തേക്കും അയച്ചു". മവാഹിബ് എന്ന ഗ്രന്ഥത്തിൽ പറയുന്നു "നബി (സ) ബദറിൽ വിജയം വരിച്ചു. സൈ

* ഗനീമത്ത് എന്നും ഫൈഅ് എന്നും അൻഫാൽ എന്നും പിടിക്കപ്പെട്ട സ്വത്തുക്കൾക്ക് പറയുന്നു.

ദ്ബ്നുഹാരിസിനെ വിവരം അറിയിക്കുവാനായി മദീനയിലേക്കയച്ചു. അദ്ദേഹം മദീനയിലെത്തുമ്പോൾ നബി (സ) യുടെ പുത്രിയും ഹ: ഉസ്മാൻെറ പത്നിയുമായ റുക്കിയ്യ ബീവി (റ) മൃതിയടഞ്ഞു കബറടക്കം ചെയ്യുന്നു. ദൂതൻ പറഞ്ഞു "ബദർ പൂർണ്ണമായി നമ്പിക്കു കീഴടങ്ങി. ഖുറൈശി പ്രമാണികൾ കൊല്ലപ്പെട്ടു. പ്രധാനികൾ പലരേയും അറസ്റ്റ്ചെയ്തു തടവുകാരാക്കി". ജനങ്ങൾ സന്തോഷസാഗരത്തിൽ ആറാടി.

നബി (സ) യും സഹാബാക്കളും തടവുകാരുംകൂടി ബദറിൽനിന്നു പുറപ്പെട്ടു സൈറ്കജ്ബൽ എന്ന സ്ഥലത്തിറങ്ങി. അവിടെവെച്ചായിരുന്നു ഗനീമത്തു് സ്വത്തുക്കൾ ഭാഗിച്ചതു്. മുനബ്ബഹ് എന്നവൻെറ ദുൽഫക്കാർ എന്ന ഒരു വാളും, അബൂജഹലിൻെറ ഒരൊട്ടകവും നബി (സ) സ്വീകരിച്ചു. അവിടെനിന്നു പുറപ്പെട്ടു റൌഹാഅ് എന്ന സ്ഥലത്തെത്തി. അവിടെ മദീനക്കാരായ മുസ്ലിമിങ്ങൾ എതിരേല്പിന്നുവന്നു. അവർ ബദറിലെ മുസ്ലിം യോദ്ധാക്കളെ പ്രശംസിക്കുമ്പോൾ സൽമത്തുബ്നു സലാമത്തു് (റ) പറഞ്ഞു "ഞങ്ങളെ എന്തു പ്രശംസിക്കുവാനാണു്. ഞങ്ങൾ ബദറിൽ കെട്ടിനിറുത്തിയ ഒട്ടകങ്ങളെപ്പോലെയുള്ള ഒരു സംഘത്തെ അറുത്തുപോന്നു. ഇതിൽ ഞങ്ങൾക്കു എന്തു പുകഴ്ചയാണുള്ളതു്". ഇതു

കേട്ടതിൽ നബി (സ) പുഞ്ചിരിതൂകികൊണ്ടു ചോദിച്ചു "പ്രിയ സഹോദരാ! അവർ മനുഷ്യരല്ലായിരുന്നുവോ?"

സഫ്രായിൽവെച്ചു നബി (സ) യുടെ കല്പനപ്രകാരം ഹസ്രത്ത് അലി (റ) തടവുകാരിൽപ്പെട്ട നള്റുബ്നുൽ ഹാരിസിനെ വധിച്ചു. പിന്നെ അറക്ക്സ്സിബ്യത്തു് എന്ന സ്ഥലത്തെത്തി. അവിടെവെച്ചു അകബത്തുബ്നു അബീമുഹീത്തിനെ വധിച്ചു. നബി (സ) യുടെ കല്പന പ്രകാരം ഹ: അലിയാണു് വധിച്ചതു്. (ഇവർ രണ്ടാളു ടെ പേരിലും കൊലക്കുററമുണ്ടായിരുന്നു) "തടവുകാരെ ബു ദ്ധിമുട്ടിക്കാതെയും മട്ടിക്കാതെയും സന്തോഷത്തോടെ കൊ ണ്ടുവരുവിൻ" എന്നു കല്പിച്ചുകൊണ്ടു നബി (സ) യും കുറെ സഹാബികളും മദീനയിലേക്കു വേഗം പുറപ്പെട്ടു. നബി (സ) മദീനയിലെത്തിയ പിറെറ ദിവസമാണു് തടവുകാ രും ശേഷം സഹാബികളും എത്തിയതു്.

ഹസ്രത്തു്മിസ്അബി—സഹാബി—ൻെറ സ്വ ന്തം സഹോദരൻ അസീസ് തടവുകാരിൽ ഉൾപ്പെട്ടിരു ന്നു. അസീസ് പറയുന്നു "ബദറിൽവെച്ചു എന്നെ പിടി ച്ചുകെട്ടിയതു് അൻസാരിയായ അബുൽയസ്റായിരുന്നു.

അപ്പോൾ എൻെറ സഹോദരൻ മിസ്അബ് കണ്ടു പറഞ്ഞു "അബുൽയസ്റി! നല്ലവണ്ണം ഭദ്രമായി കെട്ടി സൂക്ഷിച്ചുകൊൾക. അവൻെറ മാതാവ് വളരെ ധനികയാണ്. പറയുന്ന പിഴ അടച്ചു വിട്ടുകൊണ്ടു പൊയ്ക്കൊള്ളും".

ഞാൻ ചോദിച്ചു—"എൻെറ സഹോദരാ! എനിക്കു ചെയ്യുന്ന ഗുണമാണോ ഇതു്".

മിസ്അബ് പറഞ്ഞു—"നിനക്കു ഗുണമല്ല. എൻെറ മുസ്ലിം സഹോദരനു ഗുണം".

അബുൽയസ്റ പറയുന്നു—"മിസ്അബ് (റ) പറഞ്ഞതുപോലെ അസീസിൻെറ മാതാവ് ഞാൻ ആവശ്യപ്പെട്ട നാലായിരം വെള്ളി പിഴ തന്നു വിടുവിച്ചു കൊണ്ടുപോയി".

അസീസ് തുടർന്നു പറയുന്നു—"ബദറിൽ നിന്നു എന്നെ മദീനയിലേക്കു കൊണ്ടുപോകുമ്പോൾ ഞാൻ അൻസാരികളിൽ ഒരു സംഘത്തിൻെറ മേൽനോട്ടത്തിലായിരുന്നു. നബി (സ) യുടെ കല്പനപ്രകാരം അവർ എന്നെ സന്തോഷിപ്പിച്ചുകൊണ്ടിരുന്നു. ഞങ്ങളെ തീരെ ബുദ്ധിമുട്ടിച്ചിരുന്നില്ല. ഭക്ഷണം കൊണ്ടുവന്നാൽ ഗോതമ്പു റൊട്ടി എനിക്കാദ്യം തരികയും, കാരക്കമാത്രം അവർ ഭക്ഷിക്കുകയും ചെയ്യും".

ഓടിപ്പോയ കാഫിറുകളിൽ ആദ്യം മക്കയിലെത്തിയതു് ഹൈശമാനാണു്. മക്കക്കാർ ചോദിച്ചു "വിവരമെന്താണു്" ഹൈശമാൻ പറഞ്ഞു "ഖുറൈശി പ്രധാനികൾ കൊല്ലപ്പെട്ടു. പലരേയും അറസ്റ്റ്ചെയ്തു" മക്കം മുറവിളിയായി നബി (സ) യുടെ അടിമയായിരുന്ന അബൂറാഫിഅ് (റ) പറയുന്നു "ഞാൻ അന്നു അബ്ബാസിൻെറ അടിമയായിരുന്നു. ഹ: അബ്ബാസും ഭാര്യ ഉമ്മുൽ ഫസ്ലും ഞാനും ആദ്യംതന്നെ ഇസ്ലാമായിരുന്നു. ഖുറൈശികളെ ഭയപ്പെട്ടു മറച്ചുവെച്ചതാണു്. ഈ സ്ഥിതിയിലായരുന്നു അബ്ബാസ് ബദർ യുദ്ധത്തിന്നു പോയതു്. ബദ്റിൽ തങ്ങൾക്കുണ്ടായ പരാജയം അബൂലഹബ് അറിഞ്ഞു അവൻ ഇളിഭ്യനായി. ഞങ്ങൾ സന്തോഷഭരിതരായി. ഞാനും ഉമ്മൽഫസ്ലും സംസമിൻെറ കെട്ടിടത്തിലെ ഒരു മുറിയിലുണ്ടായിരുന്നു. ഞങ്ങൾ സന്തോഷത്തോടെ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ അബൂലഹബ് വ്യസനഭാവത്തിൽവന്നു മുറിയുടെ മറയോടടുത്തിരുന്നു. ചിലർ അബൂലഹബിനോടു പറഞ്ഞു "അബൂസുഫ്യാൻ എത്തിയിരിക്കുന്നു". അബൂലഹബ് പറഞ്ഞു "വേഗം കൂട്ടിക്കൊണ്ടുവരിക". അബൂസുഫ്യാൻ എത്തി. അബൂലഹബ് ചോദിച്ചു "എൻെറ സഹോദരൻെറ മക

ഷൻ! നമ്മുടെ കൂട്ടരുടെ കാര്യം എന്താണ്" അബൂസുഫ്‌
യാൻ "എന്റെ പിതാവിന്റെ സഹോദരാ! ഞങ്ങൾ ബദ
റിൽ ചില കൂട്ടരെ കണ്ടു. ഞങ്ങളുടെ തലകൾ അവർക്കു
ദാനംചെയ്തു. അവർക്കു ഇഷ്ടമുള്ളവരെ വധിച്ചു. അവ
ർക്കിഷ്ടമുള്ളവരെ തടവുകാരാക്കി. നിശ്ചയംതന്നെ. ഇതി
നു ഞങ്ങളെ കുററപ്പെടുത്തുവാനില്ല. ആകാശഭൂമികളു
ടെ മദ്ധ്യത്തിൽ ചില പുരുഷന്മാർ അശ്വാരൂഢരായി
ചുററുന്നതു കണ്ടു. അവരെ എതിർക്കുവാൻ ലോകത്തിൽ
ആർക്കും സാധിക്കയില്ല. ഞങ്ങൾ ചെയ്തതിൽപരിയായി
മററാർക്കും ഒന്നും ചെയ്യാൻ സാധിക്കുകയില്ല". ഞാൻ—
അബൂറാഫിഅ്—മറ ഉയർത്തിപ്പിടിച്ചുകൊണ്ടു് പറ
ഞ്ഞു "നിശ്ചയംതന്നെ അതു മലക്കുകളാണു്". അപ്പോൾ
അബൂലഹബ് എന്റെ നേരെ ചാടി മുഖത്തു് പ്രഹരി
ക്കുകയും എന്നെ പിടിച്ചു നിലത്തിടുകയും ചെയ്തു. അബൂ
ലഹബ് പിന്നെയും അടിക്കാൻ തുടങ്ങി. ഉമ്മുൽഫസിൽ
അതുകണ്ടു് ഒരു വടി എടുത്തു അബൂലഹബിന്റെ തല
ക്കു് അടിച്ചു പരുക്കേല്പിച്ചുകൊണ്ടു പറഞ്ഞു "അവന്റെ
യജമാനൻ ഇല്ലാത്ത സമയം അവനെ ഉപദ്രവിക്കുന്നു
വോ?" അബൂലഹബ് മിണ്ടാതെ സ്ഥലംവിട്ടു. അതി
നുശേഷം ഏഴ് ദിവസം കഴിഞ്ഞപ്പോൾ അബൂലഹ

ബിന്ന അദസത്ത് എന്ന രോഗം പിടിപെട്ടു. (ദേഹത്തിൽ ഒരു വ്രണമുണ്ടാവുകയും അതു പഴുത്തു ദേഹമാകെ വ്യാപിക്കുകയും തന്മൂലം അംഗങ്ങൾ വേർപെടുകയും ചെയ്യുന്നതിന്നാണ് അദസത്ത് എന്നു പറയുന്നതു്) അറബികൾ ഇതുപോലെ മററൊരു രോഗങ്ങളേയും ഭയപ്പെട്ടന്നില്ല. അബൂലഹബ് ഇതിൽ മൃതിയടഞ്ഞു. സ്വന്തം മക്കൾകൂടി അടക്കാതെ മൂന്നുദിവസം കിടന്നു. ഒടുവിൽ ജനങ്ങൾ ഭയപ്പെട്ടു കുന്തംകൊണ്ടു തോണ്ടി ഒരു കുഴിയിലാക്കി മൂടി. അബൂലഹബിനെ സംബന്ധിച്ചു് ഖുർആനിൽ ഒരു സൂറത്ത്-അദ്ധ്യായംതന്നെ അവതരിച്ചിരിക്കുന്നു. അതിൽ പറയുന്നു "അബൂലഹബിൻെറ രണ്ടു ബാഹുക്കളും നശിച്ചുപോകട്ടെ! അവൻ നശിച്ചുപോയിരിക്കുന്നു. അവൻെറ ധനവും അവൻ സമ്പാദിച്ചതും അവന്നു എന്തു പ്രയോജനം ചെയ്തു". അബൂലഹബിനെ കുഴിച്ചു മൂടിയെന്നും ഇല്ലെന്നും ചരിത്രകാരന്മാർ ഭിന്നാഭിപ്രായക്കാരാണു്.

ഇബ്നു ഇസ്ഹാക്ക് (റ) പറയുന്നു "ഖുറൈശികൾ ഒരു മാസം ദുഃഖിച്ചു കരഞ്ഞുകൊണ്ടിരുന്നു. അതിന്നുശേഷം അവരിൽ പ്രധാനികൾ ചേർന്നു ഇങ്ങിനെ തീരുമാനിച്ചു. "നാം ഇനി കരയുകയോ വ്യസനിക്കുകയോ അരുതു്. മുഹമ്മദും കൂട്ടരും അറിഞ്ഞാൽ പരിഹസിക്കും

തന്നെയല്ല തടവിലാക്കപ്പെട്ട നമ്മുടെ സഹോദരന്മാർക്കും അപമാനമാണു് തടവുകാരെ ഇപ്പോൾ നാം ആവശ്യപ്പെടരുതു്. ഇപ്പോൾ ആവശ്യപ്പെട്ടാൽ അവർ അധികം പിഴ നിശ്ചയിക്കും. കുറച്ചുകൂടി ക്ഷമിക്കുക''.

നബി (സ) യും സഹാബാക്കളും മദീനയിൽ എത്തി. തടവുകാരെ എന്തു ചെയ്യേണമെന്നുള്ളതായിരുന്നു അനന്തരനടപടി. നബി (സ) സഹാബാക്കളോടു ചോദിച്ചു "അല്ലാഹു നമ്മുടെ കൈവശമാക്കിതന്ന ഈ കൂട്ടരെ എന്തു ചെയ്യേണമെന്നാണു് നിങ്ങളുടെ അഭിപ്രായം". അബൂബക്കർ സിദ്ദീഖ് (റ) പറഞ്ഞു "നബിയെ! ഇവർ നമ്മുടെ കുഡുംബങ്ങളാണല്ലൊ? അല്ലാഹു നമ്മെ വിജയിപ്പിച്ചു. എന്റെ അഭിപ്രായം ഇവരെ പിഴവാങ്ങി വിടേണമെന്നാണു്. എന്നാൽ ആ സ്വത്തു് നമുക്കു് യുദ്ധത്തിന്നു ഉപയോഗിക്കാം. ഒരു പക്ഷെ ഇവർ മുസ്‌ലിംകളായെങ്കിൽ ഗുണവുമായല്ലൊ?" ഉമറബ്നു ഖത്താബ് (റ) പറഞ്ഞു "നബിയെ! ഇവർ നബിയെ ഉപദ്രവിച്ചു. നബിയോടു യുദ്ധംചെയ്തു. എന്റെ അഭിപ്രായം ഇവരിൽ നമ്മുടെ കുഡുംബങ്ങളുണ്ടു്. കുഡുംബങ്ങളെ കുഡുംബങ്ങളുടെ കയ്യിൽ കൊടുത്തു വധിപ്പിക്കണം. ഇവരിൽ ആരെയും ഒഴിച്ചുവിടാൻ പാടില്ല" അബ്ദുല്ലാഹിബ്നു

റവാഹത്ത് (റ) പറഞ്ഞു "നബിയെ! ഇവരെ മലച്ചരുവിൽ തീക്കൂട്ടി അതിൽ ഇട്ടു കരിച്ചുകളയണം". നബി (സ) വീണ്ടും ചോദിച്ചു "ജനങ്ങളേ ഇവരെ ഇപ്പോൾ എന്തു ചെയ്യുന്നതിന്നും നമുക്കു കഴിയും! ആലോചിച്ചു അഭിപ്രായം പറയുവിൻ". ഹ: ഉമർ (റ) പറഞ്ഞു "നബിയെ കല്പനതന്നാലും ഞാൻ ഇവരെ വധിക്കാം". നബി (സ) മൂന്നാമതും ചോദ്യം ആവർത്തിച്ചു. അബൂബക്കർ (റ) പറഞ്ഞു "ഇവക്കു മാപ്പുചെയ്യേണമെന്നാണു് എൻെറ അഭിപ്രായം". നബി (സ) ഹ: അബൂബക്കർ സിദ്ദീഖിൻെറ അഭിപ്രായം സ്വീകരിച്ചു. നബി (സ) പറഞ്ഞു 'അല്ലാഹു ചിലരുടെ ഹൃദയങ്ങളെ വെണ്ണയേക്കാൾ നേർമ്മയാക്കും. ചിലരുടെ ഹൃദയങ്ങളെ പാറയേക്കാൾ ഉറപ്പാക്കും" നബി (സ) സിദ്ദീഖുൽ അക്ബറിനോടായി പറഞ്ഞു "നിങ്ങൾ മലക്കുകളിൽ മീക്കാഈലിനെപോലെയാണു്. മീക്കാഈൽ ഗുണമായി ഇറങ്ങുന്നു. നബിമാരിൽ ഇബ്രാഹിം നബി (അ) യെ പോലെയാണു്. ഇബ്രാഹിം നബി ഇപ്രകാരം പറഞ്ഞിരിക്കുന്നു ഒരുവൻ എന്നെ തുടന്നാൽ അവൻ എന്നിൽ പെട്ടവനാകുന്നു. ഒരുവൻ എന്നെ തുടരാതെ വിപരീതം പ്രവർത്തിച്ചാൽ, രക്ഷിതാവെ! നീ അവക്കു പൊറുത്തുകൊടുക്കുന്നവനാകുന്നു". ഹസ്രത്തു് ഉമർ ഫാറൂക്കിനോടായി നബി (സ) പറഞ്ഞു "നിങ്ങൾ

മലക്കുകളിൽ ജിബ്‌രീലിനെപ്പോലെയാകുന്നു ജിബ്‌രീൽ അല്ലാഹുവിൻെറ എതിരാളികളിൽ കഠിനതയേയും കൊണ്ടിറങ്ങുന്നു. നബിമാരിൽ നൂഹ്നബി (അ) യെ പോലെയാണു്. നൂഹ്നബി പറഞ്ഞു "രക്ഷിതാവെ! ഭൂമുഖത്തിൽ ഒരു അവിശ്വാസിയേയും അവശേഷിപ്പിക്കരുതു്". (ഖു: ശ:)

അബൂവിദാഅത്തു് തടവുകാരിൽ ഉണ്ടായിരുന്നു. പണക്കാരനായ മുത്തലിബു് ഖുറൈശികളുടെ തീരുമാനത്തെ അവഗണിച്ചു രാത്രി മദീനയിൽ പോയി പിതാവു് അബുവിദാ അത്തിന്നു നാലായിരം വെള്ളി പിഴ അടച്ചു കൊണ്ടുപൊന്നു. ഓരോരുത്തരുടേയും സാമ്പത്തിക സ്ഥിതി അനുസരിച്ചായിരുന്നു മുസ്‌ലിംകൾ പിഴ നിശ്ചയിച്ചിരുന്നതു്. പിഴ കൊടുക്കാൻ നിവൃത്തിയില്ലാത്തവക്കു് മദീനയിലെ പത്തു കുട്ടികൾക്കു് വിദ്യ അഭ്യസിപ്പിച്ചുകൊണ്ടു് പൊയ്ക്കൊള്ളുവാൻ അനുവദിച്ചു. നബി (സ) യുടെ പുത്രി സൈനബബീവിയുടെ ഭത്താവു് അബുൽആസിക്കു പിഴയായി വിവാഹാവസരത്തിൽ ഖദീജാബീവി (റ) സമ്മാനിച്ച ഒരു മാല സൈനബബീവി കൊടുത്തയച്ചു. നബി (സ) ഈ മാല തൻെറ ഭാര്യയുടേതായിരുന്നു എന്നറിയുകയാൽ ആ മാല വാങ്ങാതെ വിട്ടയ

ക്കലാണു് സന്തോഷമെന്നു സഹാബികളെ അറിയിച്ചു. അതനുസരിച്ചു മക്കയിൽ എത്തിയാൽ സൈനബബീവിയെ മദീനയിലേക്കയക്കാമെന്നു കരാറോടുകൂടി അബുആസിയെ വിട്ടു. സൈദ്ബ്നു ഹാരിസിനേയും മററൊരു അൻസാരിയേയുംകൂടി സൈനബബീവിയെ വിളിക്കാനയച്ചു. സൈദും സൈനബബീവിയുംകൂടി പുറപ്പെട്ടപ്പോൾ ഖുറൈശികൾ വിരോധിച്ചു എങ്കിലും രാത്രി ഗൂഢമായി പോന്നു മദീനയിലെത്തി. അബുൽ ആസി പിറകെ ഇസ്ലാമാവുകയും സൈനബബീവിയെ വീണ്ടും വിവാഹം ചെയ്തുകൊടുക്കുകയും ചെയ്തു. ഖാലിദ്ബ്നുൽ വലീദിന്റെ സഹോദരൻ വലീദ് തടവുകാരിൽ പെട്ടിരുന്നു. ഖാലിദ് പിഴ അടച്ചു മക്കയിലേക്കു കൊണ്ടുപോന്നു. മക്കയിൽ വന്നതിന്നുശേഷം അദ്ദേഹം ഇസ്ലാമായി. ജനങ്ങൾ ചോദിച്ചു "വലീദെ: എന്തിനാണു് നിങ്ങൾ പിഴ അടച്ചു ആ സംഖ്യ നഷ്ടമാക്കിയതു്" വലീദ് പറഞ്ഞു "ഞാൻ മദീനയിൽവെച്ചു ഇസ്ലാംമതം അവലംബിച്ചാൽ, ജനങ്ങൾ പറയും തടവുകാരനായ വ്യസനം കൊണ്ടാണെന്നു്. മുസ്ലിംകളുടെ നിതിപൂർവ്വമായ പെരുമാററവും സത്യനിഷ്ഠയും എന്നെ ഇസ്ലാം മതത്തിലേക്കു ക്ഷണിച്ചു".

ഒഹബ്ബ്നു ഉമർ അറസ്റ്റ് ചെയ്യപ്പെട്ടവരിൽ ഉൾപ്പെട്ടിരുന്നു. ഒഹബിന്റെ പിതാവ് ഉമൈർ നബി (സ) യുടെ ശത്രുക്കളിൽ ഒരു പ്രധാനിയായിരുന്നു. ഉമൈ

റം സഫ്വാൻ ബ്നു ഉമയ്യത്തുംകൂടി ഹജർ ഇസ്ലായീൽ എന്ന സ്ഥലത്തിരുന്ന ബദറിൽ സംഭവിച്ച പരാജയത്തെപ്പററി സംസാരിച്ചുകൊണ്ടിരുന്നു സഫ്വാൻ പറഞ്ഞു "ഇനി ജീവിച്ചിരുന്നിട്ട് ഫലമില്ല. എന്റെ പിതാവ് ഉമയ്യത്തും സഹോദരൻ അലിയും കൊല്ലപ്പെട്ടു".

ഉമൈർ—"നീ പറഞ്ഞതു് വളരെ വാസ്തവമാണു്. എനിക്കു് കുറച്ചു കടം ഉണ്ടു്. അതു് തീർക്കുവാൻ വഴിയുമില്ല. എന്റെ കുട്ടികൾക്കു ഭക്ഷണത്തിന്നു വഴിയുമില്ല. ഇതിന്നെല്ലാം കഴിവുണ്ടായിരുന്നുവെങ്കിൽ ഞാൻ മദീനയിൽപോയി മുഹമ്മദിന്റെ കഥ കഴിക്കുമായിരുന്നു. അതിന്നു കാരണവുമുണ്ടു്. എന്റെ മകനെ അവർ ബന്ധനസ്ഥനാക്കിയിരിക്കുന്നു''.

സഫ്വാൻ—"നിങ്ങളുടെ കടങ്ങൾ ഞാൻ തീർക്കാം, കുട്ടികൾക്കു ഭക്ഷണവും നല്കാം".

ഇങ്ങിനെ അവർ കരാറുചെയ്തു ഉമർ ഒരു വാളുമായി പുറപ്പെട്ടു. മദീനയിലെത്തി പള്ളിയുടെ സമീപം ഇറങ്ങി. ഉമർ ഖത്താബ് (റ) ഉമൈറിനെ കണ്ടു വിവരം നബി (സ) യെ അറിയിച്ചു. നബി (സ) ഉമൈറിനെ കൂട്ടിക്കൊണ്ടു വരുവാൻ കല്പിച്ചു. ഹ: ഉമർ (റ) ഉമൈറിനെ പിടിച്ചു നബി (സ) യുടെ സന്നിധിയിൽ ഹാജരാക്കി. നബി (സ) ചോദിച്ചു ഉമൈറേ: നീ എന്തിന്നു വന്നു''.

ഉമൈർ—''ഞാൻ എന്റെ പുത്രൻ ഒഹബിനെ അന്വേഷിച്ചു വന്നതാണു്. അവനെ വിട്ടുതരണം"

നബി (സ)—"ഈ വാളിൻെറ ഉപയോഗമെന്തു്"

ഉമൈർ—"അതുകൊണ്ടു യാതൊരു സാദ്ധ്യവുമില്ല".

DISTRICT ... LIBRARY KOTT...

നബി (സ)—"നീ പറയുന്നതു് സത്യമാണോ?"

ഉമൈർ—"സത്യംതന്നെ".

അനന്തരം നബി (സ) ഹജർ ഇസ്മായീൽ എന്ന സ്ഥലത്തുവെച്ചു ഉമൈറും സഫ്വാനുംകൂടി നടത്തിയ സംഭാഷണത്തെ സവിസ്താരമായി ഉമൈറിനേയും സഹാബാക്കളേയും കേൾപ്പിച്ചു. ഉമൈർ ആശ്ചര്യഭരിതനായി തൽക്ഷണംതന്നെ ഇസ്ലാംമതം സ്വീകരിച്ചു. ഉമൈറിന്നു ഇസ്ലാം മതം പഠിപ്പിക്കുവാനും ഒഹബിനെ പിഴകൂടാതെ വിടുവാനും നബി [സ] കല്പിച്ചു. ഒഹബും അപ്പോൾതന്നെ ഇസ്ലാമായി. ഹ: ഉമൈർ (റ) നബി (സ) യോടു പറഞ്ഞു "ഇതുവരെ ഞാൻ മുസ്ലിംകളെ ഉപദ്രവിച്ചുകൊണ്ടിരുന്നു. ഇപ്പോൾ സത്യമാർഗ്ഗത്തെ ഞാൻ അവലംബിച്ചു. എനിക്കു സമ്മതം തരികയാണെങ്കിൽ ഞാൻ മക്കയിൽപോയി ഖുറൈശികളെ ഇസ്ലാമിലേക്കു ക്ഷണിക്കാം" നബി (സ) അനുവാദം നല്കി.

അബ്ബാസും തടവുകാരിൽ ഉൾപ്പെട്ടിരുന്നുവല്ലൊ. നബി (സ) അബ്ബാസിനോടു പറഞ്ഞു "നിങ്ങൾ നിങ്ങളുടേയും സഹോദരന്മാരുടേയും പുത്രന്മാരുടേയും പിഴ അടച്ചുകൊണ്ടു പോകുവിൻ! നിങ്ങൾ ധനികനാണല്ലൊ". അബ്ബാസ് പറഞ്ഞു "ഞാൻ എന്തിനു പിഴതരണം.

ഞാൻ മുമ്പുതന്നെ ഇസ്ലാമായിരുന്നു കാഫിറുകളുമായി ഇടപെട്ടിരുന്നു എന്നു മാത്രം".

നബി (സ)—"നിങ്ങൾ ഇസ്ലാമായിരുന്നുവോ ഇല്ലയോ എന്നു അല്ലാഹു അറിയും. വാസ്തവമാണെങ്കിൽ അതിന്നു അല്ലാഹു പ്രതിഫലം നല്കട്ടെ! ഞങ്ങളുടെ അറിവിൽ നിങ്ങൾ ഇസ്ലാമായിട്ടില്ല. ആയതുകൊണ്ടു വിടേണമെങ്കിൽ പിഴയടക്കണം".

അബ്ബാസ്—"ഞാൻ ഖുറൈശികളിൽ സൈന്യങ്ങളുടെ ചിലവ് വഹിച്ചിരുന്ന പന്ത്രണ്ടുപേരിൽ ഒരാളായിരുന്നു. പന്ത്രണ്ടാം ദിവസത്തെ ചിലവിന്നായി ഞാൻ ഇരുപതു് ഊക്കിബ * സ്വർണ്ണം കൊണ്ടുവന്നിരുന്നു. പന്ത്രണ്ടാം ദിവസം യുദ്ധം ആരംഭിക്കുകയാൽ എന്റെ സ്വർണ്ണം ചിലവായില്ല. അതു അസ്ഹാബികൾ പിടിച്ചെടുത്തു. ആ സ്വർണ്ണം എന്റെ പിഴയിൽ കണക്കു പടിക്കണം".

നബി (സ)—"ഞങ്ങളെ എതിർക്കുവാനായി നിങ്ങൾ ഉപയോഗിച്ച യാതൊന്നുംതന്നെ വകവെച്ചു തരികയില്ല".

അബ്ബാസ്—"ഞാനെന്തു ചെയ്യണം".

* ഒരു ഊക്കിബ: ഏഴു മിസ്കാല്.
ഒരു ഊക്കിബ: സുമാർ 4 പവൻ

നബി (സ)—"നിങ്ങൾ യുദ്ധത്തിന്ന പുറപ്പെട്ടുമ്പോൾ നിങ്ങളുടെ ഭാര്യ ഉമ്മുൽഫസിൽ വശം കുറെ സ്വർണ്ണം ഏല്പിച്ചിട്ടില്ലേ?"

അബ്ബാസ്—"എന്നാൽ ഞാൻ എന്തുതരണം".

നബി (സ)—"നിങ്ങൾ നൂറ് ഉക്കിയ തരണം നിങ്ങളുടെ കുഡുംബക്കാർക്ക് അതിൽ കുറഞ്ഞ സംഖ്യയും തരണം".

അബ്ബാസ്—"ഞങ്ങളെക്കാൾ ധനികന്മാരെ ഇതിൽ കുറഞ്ഞ സംഖ്യ വാങ്ങി വിട്ടയച്ചു. ഞങ്ങൾ കുഡുംബങ്ങളായതുകൊണ്ടാണോ? ഞാൻ ഭാര്യവശം കൊടുത്ത സ്വർണ്ണത്തെപ്പററി നിങ്ങൾ എങ്ങിനെ അറിഞ്ഞു".

നബി (സ)—"എനിക്കു ജിബ്‌രിൽ അറിയിച്ചു".

ഹസ്രത്ത് അബ്ബാസ് (റ) അപ്പോൾതന്നെ പരസ്യമായി ഇസ്‌ലാംമതം അവലംബിച്ചു.

അംറൽ ജംഹീ എന്നവൻ തടവിൽ പെട്ടിരുന്നു. ഇയാൾ ഒരു കവിയാണ്. നബി (സ) യേയും സഹാബാക്കളേയും അപമാനിച്ചു കവിത രചിക്കലാണ് അയാളുടെ ജോലി. അംറ് നബി (സ) യോടു് പറഞ്ഞു "ഞാൻ ദരിദ്രനാണ് എനിക്കു അഞ്ചു പെൺമക്കളാണുള്ളതു്. എന്നെ ദയവായി വിട്ടയക്കാനപേക്ഷ". അംറിനെ പിഴവാങ്ങാതെ വിട്ടയച്ചു. ഇപ്രകാരം എല്ലാതടവുകാരേയും വിട്ടയച്ചു.

സമാപ്തം

# ★ സ്വന്തം പ്രസിദ്ധീകരണങ്ങൾ ★

| | | ക. | ണ. |
|---|---|---|---|
| 1 | ബദർ വിജയം (യുദ്ധചരിത്രം—കെ. ബി) | 1 | 0 |
| 2 | ഉഹദ് പരാജയം (യുദ്ധചരിത്രം—കെ. ബി) | 1 | 0 |
| 3 | ധീരവനിത അഥവാ ഷാം വിജയം 3ാംഭാഗം | 5 | 0 |
| 4 | വിശുദ്ധ നബിയുടെ രണ്ട് പിതൃവ്യന്മാർ (ചരിത്രം) | 0 | 8 |
| 5 | ഇസ്ലാം ചരിത്രകഥകൾ (കെ. ബി. അബൂബക്കർ) | 1 | 0 |
| 6 | പ്രവാചക പ്രഭുവും 4 ഖലീഫമാരും (വിപുലമായ ചരിത്രം) | 3 | 8 |
| 7 | കർബലായിലെ രക്തക്കളം (മൊയ്നാൻകുട്ടി) | 2 | 0 |

### ചെറുകഥകൾ.

| | | | |
|---|---|---|---|
| 8 | ഈത്തപ്പഴം (ടി. കെ. മുഹമ്മദ്) | 0 | 12 |
| 9 | അഞ്ച് പ്രേമകഥകൾ (അലിക്കുട്ടി) | 0 | 12 |
| 10 | കാട്ടുചോല (കെ. യു. അബ്ദുൽഖാദർ | 0 | 10 |
| 11 | യേശുദേവൻ അനുഗ്രഹിക്കുന്നു | 0 | 10 |

### കവിതകൾ.

| | | | |
|---|---|---|---|
| 12 | കരവാളും കൈലേസും (കെ. ബി. മേനോൻ) | 0 | 8 |
| 13 | ദശ പുഷ്പങ്ങൾ (ഗോവിന്ദൻകുട്ടി) | 0 | 8 |

### മതപരം.

| | | | |
|---|---|---|---|
| 14 | മുസ്ലിം നമസ്കാരക്രമങ്ങൾ (ചിത്രങ്ങളോടു കൂടി പരിഷ്കരിച്ച 6-ാംപതിപ്പ്—കെ. ബി. അബൂബെക്കർ) | 0 | 10 |
| 15 | മുസ്ലിം ദാമ്പത്യശാസ്ത്രം (ഇൽമുന്നിസ) | 0 | 12 |
| 16 | ഇസ്ലാമിലെ സാമൂഹ്യനിയമങ്ങൾ (സൂ: നൂർപരിഭാഷ) | 1 | 0 |
| 17 | ഇസ്ലാമികപരിഷ്കാരം (ടി. എസ്സ്. ജെ. B. A) | 0 | 12 |
| 18 | സൂറത്തുയാസീൻ (പരിഭാഷ) | 0 | 10 |

ആവശ്യപ്പെടുക:-

**ആമിനാ ബുക്ക്സ്റ്റാൾ,**

പൂനാമാക്കൽ മലബാർ S ഇന്ത്യ

KOTTAYAM PUBLIC LIBRARY
KOTTAYAM

Cl. No. 297 Acc. No. 84737

This book should be returned on or before the date last stamped below.

| | | |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of 20 Ps. per day will be charged

297 84737

അബൂബക്കർ . കെ . വി

ബദ്ർ വിജയം

KOTTAYAM PUBLIC LIBRARY

Call No. 297 Acc. No. 84737

Author അബൂപ്പക്കർ . കെ . ബി

Title ബദർ വിജയം

Indic Digital Archive Foundation

gpura.org